
FR. GABRIEL

SACERDOTAL GOLDEN JUBILEE SOUVENIR

1942
1992



ARAM
.2
Y
HOSPITAL & RESEARCH CENTRE
TRICHUR

DHARMARAM LIBRARY
BANGALORE-29

FR. GABRIEL SACERDOTAL GOLDEN JUBILEE

SOUVENIR

ഫാ. ഗബ്രിയേൽ പൗരോഹിത്യസുവർണജൂബിലി

സ്മരണിക

□

1942 - 1992

JHARMAHAM COLLEGE LIBRARY
Acc No 79324
Call No M 73.1/5058/

SOUVENIR COMMITTEE

CHIEF PATRON

V. Rev. Fr. Mathew Kattumath C MI
Provincial, Devamatha Province

PATRONS

Hon. Shri. P. P. George
Shri. K. P. John
Shri. C. R. Kesavan Vaidyar
Shri. P. M. Thomas
Adv. P. K. Ittoop
Shri. Thommy Chakkola
Shri. Joseph Chemmannur

CONVENER

Fr. G. Pius C M I

TREASURER


Shri. Thachil Lawrence

MEMBERS

Shri. M. O. John
Shri. T. C. Mathew
Shri. C. P. Davies
Shri. C. P. Baby
Fr. Thomas Moore OFM
Fr. Jacob Achandy C M I
Dr. V. J. Jose
Dr. R. Kuttan
Shri. John Cyriac
Shri. V. D. Kurian
Shri. Joseph Varghese


EDITOR

Dr. T. R. Sankunny





HIS HOLINESS POPE JOHN PAUL II



Shri. K. KARUNAKARAN
Chief Minister of Kerala



Rt. Rev. Dr. JOSEPH KUNDUKULAM
Catholic Bishop of Thrissur







Rev. Fr. THOMAS MAMPRA, CMI
Prior General



Rev. Fr. MATHEW KATTUMATH, CMI
Provincial, Devamatha Province





FROM THE PUBLISHER

Rev. Fr. Gabriel CMI is celebrating his Sacerdotal Golden Jubilee and to commemorate the occasion, we are bringing out this publication. I am indeed happy to inform that we have been able to document in this volume, among other materials an exclusive interview our Editor had with Rev. Fr. Gabriel.

I may thank each and everyone who had rendered helping hands to make this endeavour a success. Grateful acknowledgement is made for the able support spared by our contributors, advertisers and well wishers.

FR. G. PIUS CMI

CONTENTS

FROM THE PUBLISHER
THE PRIDE OF THE CONGREGATION
A VERSATILE GENIUS
ശോഭയുള്ള വ്യക്തിത്വം
ഫാ. ഗബ്രിയേല്‌ം ക്രൈസ്‌റ്റ്‌ കോളേജ്ജും
മഹാനായ നിർമാതാവ്‌
THE DISCOVERY OF A KARMAYOGI
ശക്തനായ സാരഥി
DYNAMIC THRUST OF CREATIVE URGE
ഫാ. ഗബ്രിയേൽ (അഭിമുഖം)

The Pride of the Congregation

Msgr. PAUL CHITTILAPPILLY

I am glad to know that you are bringing out a Souvenir to perpetuate the memory of the Sacerdotal Golden Jubilee celebration of Rev. Fr. Antony Gabriel C. M. I. Fr. Gabriel is one of my dear professors whom I keep in my mind constantly with great admiration and respect. Therefore I am very glad to record this fact on this occasion. He is the pride of the diocese and of the congregation. As a boy I have noted the dedicated service he was rendering to the cause of his department of Biology when he was the head of it. As I grew old and as Fr. Gabriel grew higher I have observed the very same dedication for the cause of Christ College as its Principal and for Devamatha Province of C. M. I. Congregation as its Provincial. He is doing the same for Amala Cancer Hospital and for the cause of cancer patients today. Anything done to make Father Gabriel remembered better is a service done to the society which needs people like him to dedicate themselves for similar noble causes. The great service he is continuing to render for the cause of higher education also is to be equally remembered. I wish him health and peace for continued fruitful ministry for many more years to come. May God bless him. □

A Versatile Genius

FR. THOMAS ANICETUS AYKARA
C M I

It is quite befitting that a Souvenir be brought out in connection with the Sacerdotal Golden Jubilee Celebrations of Rev. Fr. Gabriel. Indeed, Fr. Gabriel has much to celebrate, for his achievements are legion.

Fr. Gabriel resists easy, conventional and stereotyped labels. He made his debut in educational field by teaching in the school at Champakulam. Soon, he was sent to Madras for higher education, which he completed with distinction. On return he was appointed Head of the department of Zoology in Sacred Heart College, Thevara. He was recklessly unsparing of his time in giving a face lift to the department, But soon he ha to leave Thevara to be the Principal of the newly-started Christ College, Irinjalakuda. Christ College was to be his field of activity for the next 19 years. A first grade college of national reputation, it remains a living monument to his imaginative vision, intelligent planning and administrative acumen. His work in the field of Higher Education was aptly crowned when he was elected to the Syndicate of Calicut University in 1980.

After retiring from the College, he found new pastures. He is a versatile genius. Amala Cancer Hospital is eloquent proof of that. In a short span of 14 years Amala Cancer Hospital has grown into an undefinable complex— Cancer Hospital, Ayurveda Hospital, Cancer Research Centre, a centre for Doctoral studies in certain areas of medicine - a rare and brilliant feat of his organizational talent.

He has left an indelible mark in religions administration, too. His term as Provincial of Devamatha Province was a period of lasting contributions. He gave an inspiringly examplary lead to undertake projects which are beneficial to the people.

I have been much impressed by what might be termed as a 'Gabrielian Strategy'. This consists in winning and ensuring public support—financial and otherwise—before launching a project. He is an adept in feeling the pulse of the people and in harnessing the public enthusiasm for the general benefit of the humanity. This admirable trait runs through all that he has undertaken.

Fr. Gabriel remains a worthy son of the C. M. I. Congregation in which he has lived 60 years; he has all along, uncompromisingly enriched this congregation with his wide learning and experience. His loyalty to the Congregation has been absolute which I am sure, will ever remain a source of inspiration to his confereres. The whole Congregation is really proud of him. This Souvenir, one feels, will be a worthy accolade to his full and fruitful life. My hearty congratulations and prayerful Jubilee greetings. May the good Lord bless Fr. Gabriel with His choicest graces for many more years to come, is my sincere prayer on this occasion. □

ശോഭയുള്ള വ്യക്തിത്വം

ഫാ. അലക്സ് ഊക്കൻ
സി എം ഐ

സി എം ഐ സഭയിൽ തന്റെ വ്യക്തിത്വം വിവിധ നിലകളിൽ പ്രശോഭിപ്പിച്ചിട്ടുള്ള ഒരു വ്യക്തിയാണ് ബ. ഗബ്രിയേലച്ചൻ. അദ്ദേഹം ദേവമാതാ പ്രവിശ്യയുടെ പ്രൊവിൻഷ്യലായിരുന്ന മൂന്നു വർഷം (1975–1978) ദേവമാതാ പ്രവിശ്യയുടെ സുവർണകാലഘട്ടമായിരുന്നെന്നു പറയാം. പ്രൊവിൻസിൽ ഒരു ചലനംസൃഷ്ടിക്കാൻ അദ്ദേഹത്തിനു സാധിച്ചു; സഭ പ്രവർത്തിക്കുന്ന എല്ലാ രംഗങ്ങളിലും പ്രവിശ്യയിലെ എല്ലാ ഭവനങ്ങളിലുംതന്നെ അതിന്റെ അലയടികൾ ദൃശ്യമായിരുന്നു.

പ്രൊവിൻഷ്യലാകുന്നതോടുകൂടിത്തന്നെ ചാലക്കുടി ഇംഗ്ലീഷ് മീഡിയം സ്കൂളുമായാണ് അദ്ദേഹം രംഗത്തുവന്നതു്. സി എം ഐ സഭയിൽ പല ഇംഗ്ലീഷ്മീഡിയം സ്കൂളുകളും അന്നുവരെയുണ്ടായിരുന്നെങ്കിലും ചാലക്കുടി സ്കൂൾ ഒരു പ്രത്യേകതയോടെയാണ് തുടങ്ങിയതു്. അദ്ദേഹവുമായി ബന്ധപ്പെടുന്ന എല്ലാ പ്രസ്ഥാനങ്ങളിലും കാണാവുന്ന പ്രത്യേകതയാണു് നാട്ടുകാരെ പരമാവധി പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം. ആ പ്രത്യേകതയ്ക്കൊപ്പം 25% കുട്ടികളെ 75% കുട്ടികളിൽനിന്നു് അധികമായി പിരിക്കുന്ന പണംകൊണ്ടു പഠിപ്പിക്കാൻ തുടങ്ങിയതോടെ പണക്കാർക്കു വേണ്ടിയാണു് ഇംഗ്ലീഷ്മീഡിയം സ്കൂൾ എന്ന പരാതിക്കു് ഇടമില്ലാതായി.

അദ്ദേഹത്തിന്റെ ശ്രദ്ധ പിന്നീടു തിരിഞ്ഞതു് അദ്ദേഹം അതുവരെ അതുയധികമായി പ്രവർത്തിക്കാത്ത സാമൂഹ്യപ്രവർത്തനങ്ങൾക്കുവേണ്ടിയാണു്. പഴയ പ്രൊവിൻഷ്യൽ ബ. കനീസിയൂസച്ചനും ബ. വെർണറച്ചനും ബ. ഏലിയാസച്ചനുംകൂടി തുടങ്ങിവെച്ച കരിയാക്കോസ് ഏലിയാസ് സോഷ്യൽസർവീസ് സൊസൈറ്റിക്കു നൂതനാഭിമുഖ്യങ്ങൾ കൊടുത്തതു ബ. ഗബ്രിയേലച്ചനാണു്. അതിനുവേണ്ടി പ്രവിശ്യയുടെതന്നെ 13½ ഏക്കർ സ്ഥലത്തു് ഏതാനും വ്യക്തികളെ താമസിപ്പിച്ചു് അതിനു് ഒരു തിങ്കിങ്ങ്സെല്ലും ആസ്പിയുമുണ്ടാക്കിയതു് അതിന്റെ വളർച്ചയിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടു്. ആ അവസരത്തിൽത്തന്നെയാണു് കടലുണ്ടിയിലും അമ്പഴക്കാടും ആശ്രമങ്ങളുടേതായ ഓരോ ഏക്കർ സ്ഥലം ഗവർമെണ്ടിനു വിട്ടുകൊടുത്തുകൊണ്ടു സ്കൂൾ സ്റ്റെയിൽ ഇൻഡസ്ട്രീസ് ഓരോ സ്ഥലത്തും പത്തെണ്ണം വീതം തുടങ്ങിയതു്.

വിദ്യാഭ്യാസരംഗത്തെ പ്രവർത്തനം ചാലക്കുടി ഇംഗ്ലീഷ്മീഡിയം സ്കൂളുകൊണ്ടു് അദ്ദേഹം നിറുത്തിയില്ല. അമ്പഴക്കാടും വരന്തരപ്പിള്ളിയിലും ഓരോ പാരലൽ കോളേജു തുടങ്ങിയപ്പോഴും വീണ്ടും അവിടത്തെ ജനങ്ങളുടെ വികാരങ്ങളെ മാനിക്കയായിരുന്നു അദ്ദേഹം ചെയ്തതു്. അതുപോലെതന്നെ എൽത്തുരുത്തു ജൂനിയർ കോളേജായിരുന്നതു ഡിഗ്രി തുടങ്ങി സീനിയർ കോളേജാക്കി ഉയർത്തി. പാലക്കാടു് ഒരു ഇംഗ്ലീഷ്മീഡിയം സ്കൂൾ ആരംഭിക്കാനായി സ്ഥലം വാങ്ങി.

അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കു മകുടംചാർത്താനെന്നവണ്ണമാണ് സി എം ഐ സഭ വളരെയധികം പ്രവർത്തിക്കാത്ത ആശുപത്രി രംഗത്തേയ്ക്കു് അദ്ദേഹം കടന്നുവന്നതു്. അങ്ങനെ അമല ജന്മംപൂണ്ടു.

നാട്ടിലെ പണം സമാഹരിക്കാൻ പ്രത്യേക കഴിവുണ്ടായിരുന്ന അദ്ദേഹം തന്റെ യൂറോപ്യൻ അമേരിക്കൻ പര്യടനങ്ങളോടെ വിദേ

ശത്രുനിന്നു തന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി പണം സമാഹരിക്കാൻ പ്രയത്നിച്ചുതുടങ്ങി. അതു് അദ്ദേഹത്തിന്റെ പ്രവർത്തനശേഷിയെ പതിന്മടങ്ങു വർദ്ധിപ്പിച്ചു.

പ്രസ്സിന്റെ പ്രവർത്തനങ്ങൾക്കു് ആക്കംവർദ്ധിപ്പിച്ചതു് അദ്ദേഹത്തിന്റെ കാലത്താണു്. പുതിയ പ്രസ്സുകൾ വാങ്ങി; ജ്യോതി ബുക് സെന്ററും പ്രസിദ്ധീകരണവിഭാഗവും വിപുലീകരിച്ചു; ഇതുമൂലം പ്രസ്സിന്റെ പ്രവർത്തനങ്ങൾക്കു പുതിയ ആക്കവും ഉണർവും ഉണ്ടായി.

സാമൂഹ്യസമ്പർക്കമാധ്യമരംഗത്തു് ഉന്നതബിരുദം നേടിവന്ന ബ. ഐസക്കച്ചന്റെ കഴിവിനെ ഉപകരിക്കാൻ ചേതന ഫിലിം സൊസൈറ്റിക്കുവേണ്ടി സ്ഥലം വാങ്ങിയതു് അദ്ദേഹത്തിന്റെ കാലത്താണു്. ആധ്യാത്മികനവോത്ഥാനം ഉന്നംവെച്ചുകൊണ്ടു പ്രവിശ്യക്കുവേണ്ടി ഒരു റിന്യൂവൽ സെന്ററിനു സ്ഥലം വാങ്ങാനും അദ്ദേഹം മറന്നില്ല.

യുവത്വത്തിന്റെ ചൊറുചൊറുക്കോടെ ഇന്നും കർമനിരതനായിരിക്കുന്ന ബ. ഗബ്രിയേലച്ചനു പൗരോഹിത്യത്തിന്റെ ഈ സുവർണ ജൂബിലിവേളയിൽ ആയുരാരോഗ്യങ്ങളും പ്രവർത്തനവിജയങ്ങളും നേരുന്നു. ജീവിതത്തിന്റെ നാനാതുറകളിൽ അദ്ദേഹം സ്വന്തമാക്കിയ നേട്ടങ്ങളുടെ ചരിത്രം സമഗ്രമായി ക്രോഡീകരിക്കുന്ന ഈ ഉപഹാരഗ്രന്ഥം നമുക്കേവർക്കും ഉത്തേജനംനൽകുന്ന മാർഗരേഖയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. □

ഫാദർ ഗബ്രിയേലും ക്രൈസ്റ്റ് കോളേജും

കെ. എൽ. ഫ്രാൻസിസ്

മുപ്പത്തെട്ട കൊല്ലം മുമ്പുവരെ ഉന്നത വിദ്യാഭ്യാസത്തിനു് ഒരു കോളേജ് ഇല്ലാത്തതിന്റെ അഭാവം ശരിക്കും അറിയുകയും അനുഭവിക്കുകയുംചെയ്ത ഒരു നഗരമാണു് ഇരിങ്ങാലക്കുട. അനേകവഷ്ങ്ങളോളം ഈ നഗരത്തിന്റെ മനസ്സാക്ഷിയെത്തന്നെ അലട്ടിയിരുന്ന ഒരു പ്രശ്നമാണു് അതു്. ഇന്നു പിന്തിരിഞ്ഞുനോക്കുമ്പോൾ അഭിമാനകരമായ ഓർമയുടെ ചുരുളുകളാണു് എന്റെ കൺമുമ്പിൽ വിടർന്നുവരുന്നതു്. ഇരിങ്ങാലക്കുടനഗരത്തിന്റെ തിലകച്ചാർത്തുപോലെ നിലകൊള്ളുന്ന ക്രൈസ്റ്റ്കോളേജിനെയും അതിന്റെ സ്ഥാപകരെയുംപറ്റിയുള്ള അഭിമാനകരമായ ഓർമകളാണു് അതു്.

1956–ൽ ക്രൈസ്റ്റ്കോളേജ് നിലവിൽവന്ന അവസരത്തിൽ ഈ സ്ഥാപനത്തിന്റെ ആരംഭചരിത്രത്തെപ്പറ്റി ഞങ്ങൾ പ്രസിദ്ധീകരിച്ച ഒരു പ്രസ്താവനയിലെ ഏതാനും വരികൾ ഇവിടെ ഉദ്ധരിക്കുന്നതു് ഉചിതമായിരിക്കുമെന്നു കരുതുന്നു.

''വിദ്യാസമ്പന്നരും വ്യവസായതല്പരരും പരിശ്രമോന്മുഖരും ഔദാര്യനിധികളുമായ നല്ലൊരു ജനവിഭാഗം ഉൾക്കൊള്ളുന്ന ഒരു നാട്ടിൽ ഒരു കലാശാല അത്യന്താപേക്ഷിതമാണെന്നു് ആരും സമ്മതിക്കും. പോരെങ്കിൽ അതിനുവേണ്ട എല്ലാ പരിതഃസ്ഥിതികളും ഈ നാട്ടിൽ ഉണ്ടുതാനും! നാല്പതിൽപരം ഹൈസ്കൂളുകളിൽനിന്നു് ആയിരത്തി അഞ്ഞൂറിൽ അധികം വിദ്യാർത്ഥികൾ പരീക്ഷാവിജയികളായി കൊല്ലംതോറും പുറത്തുവരുമ്പോൾ അവരിൽ പലരുടെയും ഉപരിപഠനത്തിനു് ഒരു കോളേജ് സ്ഥാപിച്ചേ മതിയാകൂ എന്നനിലവന്നുകൂടിയതിൽ അത്ഭുതമില്ലല്ലോ. ആ അഭീഷ്ടത്തിനു മുന്നിൽ വർഗ്ഗീയത തലപൊക്കിയില്ല. രാഷ്ട്രീയകാര്യങ്ങൾ സ്പർശിച്ചില്ല. സാമുദായികമോ ജാതീയമോ ആയ യാതൊരു മാത്സര്യബുദ്ധിയും കൂടാതെ എല്ലാ ജനനേതാക്കന്മാരും ഒത്തുചേർന്നു് ഉദ്ദേശം ഒരു വ്യാഴവട്ടത്തിനു മുമ്പു് അന്നത്തെ ഗവണ്മെണ്ടിനെ സമീപിക്കുകയുണ്ടായി, ഗവണ്മെണ്ടുവക ഒരു കോളേജ് സ്ഥാപിച്ചുകിട്ടാൻ. എന്നാൽ അന്നത്തെ ഗവർമ്മെണ്ടിന്റെ വിദ്യാഭ്യാസനയം ചെലവുകുറച്ചും കാര്യക്ഷമമായും വിദ്യാലയങ്ങൾ–കലാശാലകൾ സ്ഥാപിച്ചുനടത്തുന്നതിനു സ്വകാര്യ ഏജൻസികളെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു. ഗവർമ്മെണ്ടിന്റെ ആ പ്രഖ്യാപിതനിലപാടിൽ ഉദാരമതികളായ വ്യക്തികളെയോ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെയോ സമീപിച്ചു കാര്യനിർവ്വഹണം സാധിക്കാതെ തരമില്ലെന്നായി.''

സ്വകാര്യമേഖലയിൽ ക്രൈസ്റ്റ്കോളേജ് ഇവിടെ സ്ഥാപിതമാകുന്നതിനുണ്ടായ സാഹചര്യമാണു് ഈ വരികളിൽ ഞങ്ങൾ അന്നു സൂചിപ്പിച്ചിരുന്നതു്. പക്ഷേ അതിഭീമമായ ഒരു സംഖ്യ ചെലവുചെയ്യുന്ന ഈ ചെറിയ നഗരത്തിൽ ഒരു കോളേജ് സ്ഥാപിക്കുന്നതിനു തയ്യാറുള്ള സ്വകാര്യ ഏജൻസികൾ ഒന്നുമുണ്ടായിരുന്നില്ല. ഈ പരിതഃസ്ഥിതിയിലാണു്, കേരള കർമലീത്താസഭയുടെ തൃശ്ശൂരിലെ ദേവമാതാ പ്രോവിൻസിന്റെ അന്നത്തെ അധികൃതരെ ഈ ദിഗ്വാസികൾ സമീപിച്ചതും അവരുടെ നേതൃത്വം ഇങ്ങനെ ഒരു സ്ഥാപനത്തിനുവേണ്ടി അഭ്യർത്ഥിച്ചതും. കലാലയങ്ങളുടെ നടത്തിപ്പിൽ പഴക്കവും പ്രാവീണ്യവും ഉള്ള ആ സന്ന്യാസവൈദികസംഘം ഇരിങ്ങാലക്കുടനിവാസികളുടെ സ്വരം ശ്രവിക്കതന്നെചെയ്തു. നാട്ടിൽനിന്നു കഴി

യുന്നിടത്തോളം ധനശേഖരം നടത്തിക്കൊടുക്കാമെന്നും മുൻസിപ്പൽ കൗൺസിലിന്റെ അധീനതയിലുള്ള സ്ഥലങ്ങളും കോളേജ് സ്ഥാപനത്തിനുവേണ്ടി വിട്ടുകൊടുക്കാമെന്നും തീരുമാനിക്കപ്പെട്ടതോടെയാണ് പ്രശസ്തമായ ഈ സ്ഥാപനത്തിന്റെ ആദ്യത്തെ ചിറകടികൾ ഇവിടെ വിരിഞ്ഞതു്. ഈ പ്രദേശത്തെ സംബന്ധിച്ചേടത്തോളം ഒരു പുതിയ പ്രഭാതം പൊട്ടിവിടരുകയായിരുന്ന അന്നു്. നാട്ടുകാരുടെ സഹായസഹകരണങ്ങളും ക്രൈസ്റ്റ് കോളേജിന്റെ നിർമിതിയിലും തുടർന്നു് അങ്ങോട്ടുള്ള അതിന്റെ എല്ലാ വികസനപ്രവർത്തനങ്ങളിലും കോളേജ് അധികൃതർ സ്വീകരിച്ചുവെന്നുള്ളതാണു് നാട്ടുകാരെസംബന്ധിച്ചു് ഈ സ്ഥാപനവുമായുള്ളഅഭേദ്യബന്ധത്തിന്റെ ഉറവിടം.

ഇന്നിപ്പോഴും ഇരിങ്ങാലക്കുടയിലെ പഴയ മങ്ങാടിക്കുന്നിന്റെ മുകളിൽ ഒരു പുതിയ നഗരംതന്നെ ഉടലെടുത്തിരിക്കുകയാണു്. ചരിത്രത്തിന്റെ എല്ലാ കാലഘട്ടങ്ങളിലേയ്ക്കുംവേണ്ടിയുള്ള ഈ പട്ടണത്തിന്റെ പൈതൃകം ആകെ വഹിച്ചുകൊണ്ടു്, ക്രൈസ്റ്റ് കോളേജ് ആകുന്ന ഗരുഡൻ അവിടെ തലയുയർത്തി നില്ക്കുന്നു.

ഒരു കാലത്തു് ഇരിങ്ങാലക്കുടനഗരത്തിൽ സ്ഥിരതാമസമാക്കാൻ ഇരിങ്ങാലക്കുടക്കാരായ ഉദ്യോഗസ്ഥന്മാർക്കുതന്നെ വൈമനസ്യം ഉണ്ടായിരുന്നു. കാരണം മറെറാന്നല്ല. ജീവിതത്തിന്റെ സായാഹ്നത്തിൽ തങ്ങളിവിടെ സ്ഥിരതാമസമാക്കിയാൽ തങ്ങളുടെ മക്കൾക്കു് ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള ഒരു സാഹചര്യവും ഇവിടെ ഇല്ല. തൃശ്ശൂരും തൃശ്ശിനാപ്പള്ളിയിലും എറണാകുളത്തും മറും പോയിട്ടാണു് ഇരിങ്ങാലക്കുടയിൽ ഇന്നു കാണുന്ന മുതിന്നതലമുറയിൽ ഉള്ളവർ ഉന്നതവിദ്യാഭ്യാസം നടത്തിയിരുന്നതു്. അതിനു സൗകര്യം ലഭിക്കാത്തവർ ഇവിടെ ലഭിക്കുന്ന ഹൈസ്കൂൾവിദ്യാഭ്യാസംകൊണ്ടുമാത്രം തൃപ്തിപ്പെട്ടുപോന്നു.

ഇരിങ്ങാലക്കുടയെയും പരിസരങ്ങളെയും സംബന്ധിച്ചിടത്തോളം ഈ പ്രദേശത്തിന്റെ കാര്യങ്ങളും ഉന്നതതലങ്ങളിൽ വേണ്ട വിധത്തിൽ കൈകാര്യംചെയ്യുന്നതിനു കഴിവുള്ള ആരും ഇവിടെ നേതൃസ്ഥാനത്തേയ്ക്കു വളർന്നുവന്നില്ല എന്നതാണു് ഒരു ദുഃഖസത്യം. കുറച്ചൊക്കെ സ്വാധീനമുണ്ടായിരുന്ന നമ്മുടെ നഗരത്തിനു പില്ക്കാലത്തു വന്ന ക്ഷീണത്തിന്റെ പ്രധാനമായ ഒരു കാരണം ഇതാണു്. ഈ പ്രദേശത്തിന്റെ സ്വരം എത്തിക്കേണ്ടിടത്തു് എത്തിക്കാൻ സാധിച്ചില്ലെന്നതാണു് ഇതുകൊണ്ടുണ്ടായ കുറവു്.

പക്ഷേ ഈ കുറവു നാട്ടുകാരുടെ യോജിച്ചുള്ള പരിശ്രമംകൊണ്ടു കുറെയൊക്കെ പരിഹരിക്കാൻ കഴിഞ്ഞിരിക്കുന്നു എന്നതാണു് കഴിഞ്ഞ ചില വർഷങ്ങളായി ഉണ്ടായിട്ടുള്ള പ്രധാനമായ ഒരു മാറ്റം. കേരളത്തിലെ ഒന്നാംകിട കോളേജുകളിൽ ഒന്നായ ക്രൈസ്റ്റ് കോളേജിന്റെ സ്ഥാപനംതന്നെയാണു് ഇതിനു മികച്ച ദൃഷ്ടാന്തം. തുടർന്നു് അങ്ങോട്ട ഡോൺബോസ്കോ ഹൈസ്കൂളും സെൻറ് ജോസഫ്സ് വനിതാകോളേജും ഇവിടെ സ്ഥാപിക്കാൻ നമുക്കു കഴിഞ്ഞു. ഈ സ്ഥാപനങ്ങളുടെ ആരംഭത്തിലും ഇരിങ്ങാലക്കുട നഗരവാസികളെപ്പോലെതന്നെ സമീപവാസികളും ആവേശഭരിതരായിരുന്നു. ക്രൈസ്തവേതരസമുദായങ്ങളിൽപ്പെട്ടവരുടെ ഏതാനും സ്ഥാപനങ്ങളും ഈ അവസരത്തിൽ ഇരിങ്ങാലക്കുടയുടെ പ്രശസ്തിക്കു

മാറ്റുകൂട്ടിക്കൊണ്ട് ഉയർന്നുവന്നിരുന്നു. വിദ്യാഭ്യാസരംഗത്തെന്ന പോലെതന്നെ വ്യാവസായികരംഗത്തും എടുത്തുപറയത്തക്ക ചില നേട്ടങ്ങളും നമുക്കുണ്ടായി. കൊപ്രയാട്ടുവ്യവസായത്തോട് ബന്ധപ്പെട്ട് ഏറ്റവും മികച്ച ഒരു വ്യാവസായികസ്ഥാപനം– കേരളാസോപ വെൻറ് എക്സ്ട്രാക്ഷൻസ് ഇവിടെ സ്ഥാപിക്കാൻ നമുക്കു കഴിഞ്ഞു. ഇതിൻെറ ആവിർഭാവത്തോടെ കേരളത്തിലെ കൊപ്രയാട്ടുവ്യവസായത്തിൻെറ ഹൃദയസ്ഥാനമായി ഇരിഞ്ഞാലക്കുടനഗരത്തെ വളർത്തിയെടുക്കാൻ നമുക്കു കഴിഞ്ഞു. ഈ സ്ഥാപനങ്ങളുടെയൊക്കെ വളർച്ചയോടു കൂടിത്തന്നെ നഗരവും വളരുകയായിരുന്നു. മാഞ്ഞുപൊയ്ക്കൊണ്ടിരുന്ന നിറങ്ങളും തെളിഞ്ഞുവരാനും താഴ്ന്നുപോയിരുന്ന സ്വരങ്ങളും ഉയർന്നു കേൾക്കാനും ഇതോടെ ഇടയായി.

ഇരുപതു വർഷംമുമ്പു മങ്ങാടിക്കുന്ന് ഇരിഞ്ഞാലക്കുടനിവാസികൾക്ക് ഒരു പേടിസ്വപ്നമായിരുന്നു. ഹരിജനങ്ങളുടെ ചുടല, മുൻസിപ്പാലിറ്റിയുടെ മസൂരിപ്പുര, ഓടന്മാരുടെ ചൂളപ്പുര എന്നിവയൊക്കെയായിരുന്നു അന്ന് ആ കുന്നിൻപുറത്തുണ്ടായിരുന്ന സ്ഥാപനങ്ങൾ; ഇന്നൊരു വാനലോകത്തിൻെറ പ്രതീതിയുണ്ടാക്കിക്കൊണ്ടു നില്ക്കുന്ന മങ്ങാടിക്കുന്നിന് ഈ വമ്പിച്ച മാറ്റം സംഭവിച്ചതിൻെറ പിന്നിൽ മനുഷ്യശക്തിയുടെ മഹാപ്രവാഹവും ഈശ്വരകാരുണ്യത്തിൻെറ അദൃശ്യമായ ഒഴുക്കും ഒന്നുപോലുണ്ട്. എല്ലാറ്റിനും നേതൃത്വംവഹിച്ച മഹാപ്രതിഭയുടെ മുന്നിൽ നന്ദിനിറഞ്ഞ ഹൃദയത്തോടുകൂടി ശിരസ്സ് നമിക്കുകയാണ് നാം. പ്രശസ്തനായ ഒരു ഭരണാധികാരിയെന്ന നിലയിലും പ്രഗത്ഭനായ ഒരു വിദ്യാഭ്യാസവിചക്ഷണനെന്ന നിലയിലും പത്തൊൻപതു വർഷം ക്രൈസ്റ്റ്കോളേജിനെ ഭരിക്കുകയും നയിക്കുകയും മാത്രമല്ല അദ്ദേഹം ചെയ്തത്; ആ സ്ഥാനത്തു ഇരുന്നുകൊണ്ട് ഈ ദിഗ്വാസികൾക്കു ചെയ്യാവുന്ന എല്ലാ നന്മയും ചെയ്തുകൊണ്ടിരുന്ന അദ്ദേഹം. സെൻറ് ജോസഫ്സ് കോളേജിൻെറ സ്ഥാപനത്തിനുവേണ്ടി അനേകം വൈതരണികളെ തരണം ചെയ്ത് അതിൻെറ ആണിക്കല്ലായി വർത്തിച്ച വ്യക്തി ഫാദർ ഗബ്രിയേൽ ആണെന്നും ഈ രണ്ടു കോളേജുകളുടേയും ചരിത്രം അറിയാവുന്ന ആർക്കും അറിയാം.

അങ്ങകലെ കൂടൽമാണിക്യത്തിൽനിന്നു കൂത്തിൻെറയും കൂടിയാട്ടത്തിൻെറയും മംഗളഗാനങ്ങളും അലയടിച്ചുയരുമ്പോഴും– തെക്കുകാണുന്ന ബ്രഹ്മാണ്ഡമായ ക്രൈസ്തവദേവാലയത്തിൽനിന്നു ഘണ്ടാനിനാദങ്ങളും ഉയരുമ്പോഴും– അഭിമാനവിജൃംഭിതമായ മുഖഭാവത്തോടെ ഈ ദിഗ്വാസികളുടെ നയനങ്ങൾ ക്രൈസ്റ്റ്കോളേജിലേയ്ക്കും ക്രൈസ്റ്റ് നഗറിലേയ്ക്കും ഉയരും. അപ്പോൾ അവരുടെ ചുണ്ടുകളിൽ ഒരു സ്വരമുണ്ടായിരിക്കും: ഫാദർ ഗബ്രിയേൽ! കാലത്തിൻെറ അവസാനംവരെ ആ സ്വരം നീണ്ടുനിൽക്കട്ടെ എന്നു ഞാൻ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു. □

മഹാനായ നിർമ്മാതാവ്

സി. ആർ. കേശവൻ വൈദ്യർ

ക്രൈസ്തവസഭയുടെ സേവനം അമൂല്യവും അദ്വിതീയവുമായ നിലയിൽ നടന്നുവരുന്നതു വിദ്യാഭ്യാസത്തിന്റേയും ആതുരശുശ്രൂഷയുടേയും രംഗങ്ങളിലാണല്ലോ. ആ രണ്ടുരംഗത്തും ഫാദർ ഗബ്രിയേൽ അനന്യസാധാരണമായ വിജയമാണു് കൈവരിച്ചിട്ടുള്ളതു്. പൗരോഹിത്യത്തിന്റെ കനകജൂബിലിയാഘോഷിക്കുന്ന അദ്ദേഹത്തിനു പിന്നിലിരിഞ്ഞുനോക്കുമ്പോൾ കൃതാർത്ഥതയ്ക്കും അഭിമാനത്തിനും ധാരാളം വകയുണ്ടു്.

ഇരിങ്ങാലക്കുടയിലെ ക്രൈസ്റ്റു് കോളേജു് പടുത്തുയർത്തുന്ന അവസരത്തിൽ അതിന്റെ രാജശില്പി എന്ന നിലയിലാണു് ഞാൻ റവ. ഫാദർ ഗബ്രിയേലുമായി പരിചയപ്പെട്ടതു്. ഇരിങ്ങാലക്കുട ഒരു പഴയ പട്ടണമാണെങ്കിലും 1956വരെ അവിടെ ഒരു കോളേജുണ്ടായിരുന്നില്ല. നാട്ടുകാക്കു മോഹമില്ലാതെയല്ല. അനേകലക്ഷം രൂപ ചെലവുവരുന്ന അത്തരം ഒരു സംരംഭം ഏറ്റെടുക്കാനുള്ള ധൈര്യം അവർക്കുണ്ടായിരുന്നില്ല. അങ്ങനെയിരിക്കെയാണു് കർമ്മലീത്തസഭക്കാർ ഇരിങ്ങാലക്കുടയിൽ ഒരു കോളേജാരംഭിക്കാനായി മുന്നോട്ടുവന്നതും കേരളസർവ്വകലാശാല അതിനു് അനുമതി നൽകിയതും. തേവര കോളേജിൽ പ്രൊഫസറായിരുന്ന റവ. ഫാദർ ഗബ്രിയേൽ ആദ്യത്തെ പ്രിൻസിപ്പലായി നിയമിതനായതോടെ, അലാവുദ്ദീന്റെ അത്ഭുതവിളക്കിനെപ്പറ്റിയുള്ള കഥകളെ അനുസ്മരിപ്പിക്കുമാറു്, ഇരിങ്ങാലക്കുടയിലെ മങ്ങാടിക്കുന്നിൽ ക്രൈസ്റ്റു്കോളേജു് ഉയർന്നുവന്നു. ഇന്നു് ഇന്ത്യയിലെ ഏറ്റവും നല്ല കോളേജുകളിൽ ഒന്നാണതു്. വിശാല ക്യാമ്പസ്സിൽ മനോഹരമായ പുഷ്പവാടികളുടെ പശ്ചാത്തലത്തിൽ, ശില്പഭംഗിയോടെ ഉയർന്നുനില്ക്കുന്ന സൗധങ്ങൾ ആരേയും ആകർഷിക്കുന്നവയാണു്. സൗധങ്ങൾമാത്രമായാൽ ഒരു നല്ല കോളേജാകുകയില്ലല്ലോ. അദ്ധ്യയനവും പാഠ്യേതര പ്രവർത്തനങ്ങളും പ്രശസ്തമായ നിലയിൽ ആസൂത്രണംചെയ്തു നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിലാണു് ക്രൈസ്റ്റു് കോളേജിന്റെ കീർത്തിധാവള്യം എല്ലായിടത്തും പരന്നതു്. കോളേജു് ഡവലപ്പുമെന്റു് കൗൺസിൽ ചെയർമാൻ എന്ന നിലയിൽ ഗബ്രിയേലച്ചന്റെ കൂടെ പ്രവർത്തിക്കാൻ സാധിച്ചതു് ഒരു ഭാഗ്യമായി ഞാൻ കണക്കാക്കുന്നു.

തങ്ങളുടെ കുട്ടികൾ വിദ്യയഭ്യസിക്കുന്ന സ്ഥാപനങ്ങളോടു ജനങ്ങൾക്കു് ഒരുവിധ മമതയും തോന്നാത്ത കാലമാണിതു്. ജനങ്ങളുടെ കാര്യം പോകട്ടെ, സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കോ അദ്ധ്യാപകർക്കോപോലും ഏതെങ്കിലും തരത്തിലുള്ള പങ്കാളിത്തബോധം കാണാറില്ല. എന്നാൽ റവ. ഫാദർ ഗബ്രിയേലിന്റെ നേതൃത്വത്തിൽ ക്രൈസ്റ്റുകോളേജിന്റെ സ്ഥിതി തികച്ചും ഭിന്നമായിരുന്നു. ഇരിങ്ങാലക്കുടയിലേയും പരിസരപ്രദേശത്തേയും ജനങ്ങൾക്കു തങ്ങളുടെ അരുമയായ സ്ഥാപനമാണിതു് എന്ന വിശ്വാസമുണ്ടായിരുന്നതു്. അദ്ധ്യാപകർക്കും കുട്ടികൾക്കും തങ്ങളുടെ കോളേജിനെപ്പറ്റി വലിയ അഭിമാനമായിരുന്നു. ഇക്കാലത്തു് ഒരു കോളേജിന്റെ കാര്യത്തിൽ ഇങ്ങനെയൊരു പങ്കാളിത്തബോധം സൃഷ്ടിച്ചുവളർത്തിയെടുക്കുക എന്നതു് അത്ഭുതകരമായ സിദ്ധിയാണു്. ഒരു വിദ്യാഭ്യാസപ്രവർത്തകൻ എന്ന നിലയിൽ ഫാദർ ഗബ്രിയേൽ അവർകളുടെ അന്യാദൃശ്യമായ വ്യക്തിവൈശിഷ്ട്യം നാമിവിടെക്കാണുന്നു.

വിദ്യാർത്ഥികളുടെ നൈസർഗ്ഗികമായ നന്മയിൽ വിശ്വാസമർപ്പിച്ചുകൊണ്ടാണ് ഫാദർ ഗബ്രിയേൽ തന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപൊയ്ക്കൊണ്ടിരുന്നത്. കുട്ടികളെ അദ്ദേഹം സ്നേഹിച്ചു. അവരുടെ ദൗർബല്യങ്ങളെ സഹാനുഭൂതിയോടുകൂടി വീക്ഷിക്കുകയും അവയെ തരണംചെയ്യുന്നതിനു് ഒരു പിതാവിനെപ്പോലെ സഹായിക്കുകയും ചെയ്തു. തന്മൂലം കുട്ടികളുടെ അളവില്ലാത്ത ആദരവും സഹകരണവും സമ്പാദിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. സായാഹ്നങ്ങളിൽ കുട്ടികളുമൊത്തു് അദ്ദേഹം നടക്കാനിറങ്ങുന്നതു ഞാൻ കണ്ടിട്ടുണ്ടു്. അവരുമായി സംസാരിച്ചുകൊണ്ടു് അദ്ദേഹം നടന്നുപോകുന്നതു് ആനന്ദകരമായ ഒരു കാഴ്ചയായിരുന്നു. പഴയ ഋഷിവാടങ്ങളിലെ ഗുരുശിഷ്യന്മാരെപ്പറ്റിയുള്ള വർണ്ണനകളും ഓർത്തുപോകും അതു കാണുമ്പോൾ.

ഉന്നതസംസ്കാരമുള്ള ഒരാത്മീയാചാര്യന്റെ മുന്നിലാണു് നിൽക്കുന്നതു് എന്ന തോന്നൽ ഫാദർ ഗബ്രിയേൽ അവർകളുമായി സംസാരിക്കുമ്പോഴെല്ലാം എനിക്കുണ്ടായിട്ടുണ്ടു്. ഒരുവിധ പാണ്ഡിത്യപ്രകടനവും അദ്ദേഹത്തിൽനിന്നുണ്ടാകാറില്ല. തികഞ്ഞ വിനയത്തോടെ, സ്നേഹത്തിന്റെ ഒരു കാന്തവലയം തനിക്കു ചുറ്റും നിർമ്മിച്ചുകൊണ്ടു് അദ്ദേഹം നമ്മളെ ആകർഷിക്കുന്നു. ആ സംസ്കാരത്തേയും സ്നേഹത്തേയും നിസ്വാർത്ഥമായ സേവനം മുഖേന അദ്ദേഹം അർത്ഥവത്താക്കിക്കൊണ്ടിരിക്കുകയാണു്.

ദീർഘമായ അദ്ധ്യാപകജീവിതത്തിനുശേഷം അറുപതാമത്തെ വയസ്സിൽ വിരമിക്കുമ്പോൾ ഞങ്ങൾ ഗബ്രിയേലച്ചനു വിശ്രമമല്ല, കർമ്മനിരതമായ ജീവിതമാണു് ആശംസിച്ചതു്. ഞങ്ങൾക്കറിയാമായിരുന്നു അദ്ദേഹത്തിനു വെറുതെയിരിക്കുക സാദ്ധ്യമല്ലെന്നു്. എന്നാൽ ഇത്ര ബൃഹത്തായ ഒരു കർമ്മപരിപാടി അദ്ദേഹം കൈയേൽക്കുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല. ആതുരശുശ്രൂഷ, അദ്ധ്യാപകനായിരിക്കുമ്പോൾതന്നെ അദ്ദേഹത്തിനു താത്പര്യമുള്ള വിഷയമായിരുന്നു. ഇരിങ്ങാലക്കുടയ്ക്കടുത്തു പുല്ലൂരിൽ പ്രവർത്തിക്കുന്ന മിഷൻ ആസ്പത്രി അതിനു സാക്ഷ്യംവഹിക്കുന്നു. അംഗവൈകല്യം വന്നവരെ പുനരധിവസിപ്പിക്കുവാൻ സ്നേഹഭവൻ എന്നൊരു സ്ഥാപനം അദ്ദേഹം സ്ഥാപിച്ചു നടത്തിപ്പോന്നിരുന്നു. തൊഴിൽരഹിതരായ പാവപ്പെട്ട യുവതികൾക്കു തൊഴിൽ നൽകുന്നതിനുവേണ്ടി ഫാദർ ഗബ്രിയേൽ ആരംഭിച്ചതായിരുന്നു സ്നേഹസദനം. ഇന്നദ്ദേഹം ആതുരശുശ്രൂഷയ്ക്കായി തന്നെ പൂർണ്ണമായും ഉഴിഞ്ഞുവെച്ചിരിക്കുന്നു. അമലാഹോസ്പിറ്റൽ കോംപ്ലക്സിന്റെ വളർച്ച അത്ഭുതകരമാണു്. ഗബ്രിയേലച്ചന്റെ നേതൃത്വവും സർഗ്ഗവൈഭവവുമാണല്ലൊ അതിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതു്.

മഹാനായ നിർമ്മാതാവാണു് റവ. ഫാദർ ഗബ്രിയേൽ. അദ്ദേഹം പുതിയ സ്ഥാപനങ്ങൾ നിർമ്മിക്കുന്നു; ആരോഗ്യമുള്ള സമൂഹത്തെ നിർമ്മിക്കുന്നു; നിർമ്മലമായ സംസ്കാരത്തെ നിർമ്മിക്കുന്നു. അദ്ദേഹത്തെപ്പോലുള്ളവരെ ക്ഷിതിദേവികൾ ധാരാളം ആവശ്യമായിരിക്കുന്ന ഒരു കാലഘട്ടമാണിതു്. നമുക്കു നന്മയുടേയും സേവനത്തിന്റേയും പാത കാണിച്ചുതന്നുകൊണ്ടു് റവ. ഫാദർ ഗബ്രിയേൽ അനേകവത്സരം ജീവിക്കുമാറാകട്ടെ! □

[അവലംബം: ക്രൈസ്റ്റ്കോളേജ് സോവനീർ]

The Discovery of a Karmayogi

DR. P. M. VARKEY

Strange are the ways in which destinies are shaped. The destiny of the Amala Cancer Hospital, which is now a sprawling complex of towering edifices which minister to the needs of thousands of sick and suffering people, was also shaped in a strange way. It was a chance meeting in 1975 I had with Rev. Fr. Gabriel, who was then the provincial of the Devamatha Province of the C M I congregation, that set the ball rolling. Fr. Gabriel had come to meet me for a medical consultation. I did not know him personaly, but I had heard about him as the Principal of Christ College. At that time I did not know much about the great contributions made by Rev. Fr. Gabriel to education and especially to Christ College as its architect and Founder, perhaps because we had not crossed paths in the social life of Trichur. During the conversation we had, after the medical examination the unassuming frail, soft-spoken padre was exceeding dynamism and I was secretly elated at making a great discovery- the discovery of a 'Karmayogi'.

We, the members of the Kerala Cancer Society had done all the spade work for the Cancer Institute at Vilangan. Though we had launched our project with very modest ambitions, the encouragement we received in our endeavour was overwhelmingly gratifying. We received a massively generous donation of 18 1/2 acres of land from Shri. Padikkala Anthappan one of my patients and we had the good fortune to get the President of India Shri. V. V. Giri to lay the foundation stone for the Cancer Institute in April, 1973.

But unfortunately, the momentum of our activity was bogged down due to various factors. Perhaps the fact was that therew an no one among us to take up a full time dedicated involvement is executing the project. All the time, we were contacting organisafions and individuals who could co-operate with our work meaningtully. A flash of intution told me that I had in front of me the right man to take up the captaincy of this great mission. When Fr. Gabriel left, I contacted my colleagues in Kerala Cancer Society and told them about my discovery. Later events confirmed that I had not erred in my judgement. I learned from personal experience with Fr. Gabriel that he had the "Midas Touch" and every thing he touched turned into gold.

The fact that he accepted the challenge, convinced his religious fraternity and came forward to organise the project purely as trustees of Kerala Cancer Society which is a cosmopolitan society registered under Charitable Societies Act, shows his revolutionary thinking. Once Fr. Gabriel took up the charge, things started moving at a galloping pace. The modest project that we had envisaged assumed mammoth proportions.

Fr. Gabriel is gifted with farsighted vision and he always planned unerringly for the future. The well-orgnaised phases in which the Amala Cancer Hospital grew into this present stature is a living testimony to the vision of a master. There is no doubt that Amala Cancer Hospital is the brightest star in the event studded life of Fr. Gabriel.

May God grant Fr. Gabriel many more years of life to serve humanity. □

ശക്തനായ സാരഥി

പി. വി. ജോൺ

അമല ക്യാൻസർഹോസ്പിറ്റലിന്റെ ദശാബ്ദി ആഘോഷവേളയിൽ പുരത്തിറക്കിയ സ്മരണികയിൽ ശ്രീ. പുഴങ്കര ബാലനാരായണൻ എഴുതിയ ലേഖനത്തിൽ ശൈശവദശയിൽ ഈ സ്ഥാപനം അഭിമുഖീകരിച്ച പ്രശ്നങ്ങളെ പ്രതിപാദിക്കുമ്പോൾ ഇങ്ങനെ പ്രസ്താവിച്ചിരുന്നു: ഡോ. വക്കിയും പി. വി. ജോണും ഈ എളിയവനും അക്ഷരാർത്ഥത്തിൽ കുരിശേറ്റിനടക്കുകയായിരുന്നു. അക്കാലത്താണ് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ടന്നതു്. വളരെയേറെ സമ്മർദ്ദത്തിന്റെ ഫലമായി ഗബ്രിയേലച്ചൻ ഇതിന്റെ സാരഥ്യം ഏറ്റെടുക്കുവാൻ സമ്മതിച്ചപ്പോൾ ഞാൻ മതിമറന്നാഹ്ലാദിച്ചു. തീർത്തും ഒരു കൊല്ലക്കാലം ഞാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ആരും ഏറ്റെടുക്കുംമുൻപു് രണ്ടുവട്ടം ചിന്തിക്കുന്ന ഈ ദൗത്യം അച്ചനെതന്നെ ഏല്പിക്കുവാൻ സാധിച്ചതിന്റെ ചാരിതാർഥ്യത്തിൽ അച്ചന്റെ കൈകളിൽ അമലയെ ഏല്പിച്ചതിനാൽ അമലയുടെ ഭാവി ഭദ്രമാണെന്നും അതു വിജയങ്ങളിൽനിന്നു വിജയങ്ങളിലേയ്ക്കു കുതിക്കുമെന്നും ഞങ്ങൾക്കു് ഉറപ്പുണ്ടായിരുന്നു. ഞങ്ങളുടെ വിശ്വാസം നൂറു ശതമാനം ശരിയാണെന്നു കാലം തെളിയിച്ചു.

ഞാനും ഗബ്രിയേലച്ചനുമായുള്ള ബന്ധം 1973-ൽ ആരംഭിക്കുന്നു. അച്ചനിൽ നല്ലൊരു സുഹൃത്തിനെ, അനുകരണയോഗ്യമായ സ്വഭാവഗുണമുള്ള വ്യക്തിയെ, ശക്തനായ സാരഥിയെ എല്ലാറ്റിലുമുപരി കർമോത്സുകനായ ജനസേവകനെ എന്റെ ഒന്നര പതിറ്റാണ്ടുകാലത്തെ ബന്ധത്തിൽ എനിക്കു് അനുഭവിച്ചറിയുവാൻ സാധിച്ചിട്ടുണ്ടു്. ദൈവം ഓരോരുത്തക്കും ഓരോ ജന്മലക്ഷ്യം കല്പിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്നെങ്കിൽ ഗബ്രിയേലച്ചനെ സൃഷ്ടിച്ചതു വിദ്യാഭ്യാസ ആതുരസേവനരംഗങ്ങളിൽ പ്രവർത്തിക്കാനാണെന്നു നിസ്സംശയം പറയാം. ഇരിങ്ങാലക്കുട ക്രൈസ്റ്റ്കോളേജിന്റെ സ്ഥാപക, പ്രിൻസിപ്പാൾ, അമലയുടെ സ്ഥാപകഡയറക്ടർ എന്നീ നിലകളിൽ അച്ചൻ ചെയ്ത സേവനങ്ങളും അതു വലുതാണു്. ഇന്ത്യയിലെ ഏറ്റവും നല്ല കലാലയമെന്നു യു. ജി. ഡി. അംഗീകരിക്കുന്ന തലത്തിലേയ്ക്കു ക്രൈസ്റ്റ്കോളേജിനേയും ഇന്ത്യയിലെ ഏറ്റവും നല്ല പത്തു ക്യാൻസർ ആസ്പത്രികളിൽ ഏഴാമതു സ്ഥാനമുള്ള ക്യാൻസർ ആസ്പത്രിയായി അമലയേയും ഉയർത്തിയതിൽ അച്ചന്റെ ദീഘ്രവീക്ഷണവും നേതൃഗുണങ്ങളും സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ടെന്നു കാര്യത്തിൽ സംശയമില്ല.

ഈ കർമധീരൻ പ്രകാശംപരത്തുന്ന വൈദികശ്രേഷ്ഠനായി സേവനരംഗത്തുള്ളവർക്കു മാതൃകയായി നമ്മുടെ ഇടയിൽ ദീഘ്നാൾ ഉണ്ടാകാൻ സർവ്വശക്തൻ അദ്ദേഹത്തിനു ദീഘ്നായുസ് നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു. □

Dynamic thrust of Creative Urge

PUZHANKARA
BALANARAYANAN

Rev. Fr. Gabriel is a creature who got himself transformed into a Creator.

A creature, or a created being transforming into a creator is the favourite theme of Henri Bergson, the French philosopher, who daringly took the theory of evolution from the primordial concoction and planted it in the vaults of the human soul. In his search for the transforming factor, Bergson hit upon the idea of *Elan Vital*. The French expression *Elan* means impetuosity. The term thus means, literally, basic impetuosity of life: philosophically, as Bergson would have it, it means dynamic thrust of creative urge. This dynamic thrust of creative urge, is an experience which every being could have. But seldom it happens. Only those who have gained mastery over their self attain this elusive experience, which Bergson equates with mystical ecstacy. But the mystic who has felt the impact of *Elan* never withdraws into the shell of eloistered ecstacy. Bergson writes:

> "Hence forward, the soul has a superabundance of life; it has an immense Elan; it has an irresistable thrust which hurls it into vast enterprises and makes a movement out of something which, by definition, is halt."

The young Gabriel, one among tens and thousands of God's creation chose to serve Him rather than serve himself and thus embraced the rigorous vows of Carmelite precepts. And in that process he gained mastery over his self. Unburdened of worldly moorings, he, probably embarked upon the mission of discovering the key to the kingdom of Heaven. Probabily too he realized that he will have to make a key himself: and in that moment of awakening he would have felt the impact of Bergson's *Elan Vital*.

The impact of *Elan* is unquestionably imprinted on the personality of Rev. Fr. Gabriel. Priesthood did not confine him within the limits of prayer room. He became a teacher. As a teacher he refused to keep himself within the bounds of curriculum and lecture halls. He founded an expansive institution called Christ College. He left the College not because he had lost the imdact of *Elan Vital*.

The law of retirement with its insulting prerogative opened the exit door and bade good bye. Fr. Gabriel withdrew into the shades of his province. But the man was impatient, for the *Elan* was pressing him. He was in search of pastures new. And that he found on the slopes of the sleeping Vilangan hill.

He was shepherded into the hill slopes by the Kerala Cancer Society. Once he reached the hill slope he became the Good Shephered. There he felt that he had discovered what he had been searching for throughout his life. For, here he heard the war cry of cancer. And here he listened to the sad symphony of suffering humanity. The dynamic thrust of creative urge thropped at his finger tips. Bricks were laid and columns were erected. And there it stands, the Amala Cancer Hospital, mediating between life and death.


Fifty years of unbroken religious service is indeed a great achievement. But fifty unbroken years of *Elan Vital* is a phenomenon by itself. □




DR. CHERIYAN JOSEPH FELICITATING THE JUBILARIAN




HON'BLE MINISTER SHRI P. P. GEORGE WITH JUBILARIAN



JUBILARIAN OFFERS DIVINE LITURGY WITH BISHOPS
AND FELLOW PRIESTS




UNVEILING THE PLAQUE OF THE FOUNDATION OF
FR. GABRIEL SACERDOTAL GOLDEN JUBILEE MEMORIAL LABORATORY
COMPLEX BY HON. UNION MINISTER SHRI M. M. JACOB



HON. MINISTER SHRI M. M. JACOB INAUGURATES THE
PUBLIC MEETING IN CONNECTION WITH THE JUBILEE CELEBRATIONS



DANCE - AMALA NURSING STUDENTS & STAFF




JUBILEE LUNCH






KERALA CANCER SOCIETY BEING INAUGURATED
BY THE THEN PRESIDENT OF INDIA SHRI V. V. GIRI




AMALA CANCER HOSPITAL AND RESEARCH CENTRE BEING INAUGURATED
BY THE THEN PRESIDENT OF INDIA SHRI NEELAM SANJEEVA REDDY



BLESSING BY BISHOP KUNDUKULAM




TRUSTEES OF AMALA AT THE INCEPTION (1975-78)




HIS EXCELLENCY RT. REV. LUCIANO STORERO BEING WELCOMED




FR. GABRIEL WITH MOTHER PROVINCIAL HILGA FMM AT AMALA




RADIATION THERAPY BLOCK BEING INAUGURATED
BY SHRI B. SANKARANAND, UNION MINISTER FOR HEALTH



INAUGURATION OF 'FR. GABRIEL GOLDEN JUBILEE RESEA




AYURVEDA HOSPITAL BEING INAUGURATED
BY SHRI K. KARUNAKARAN, CHIEF MINISTER




H BLOCK' BY SHRI K. KARUNAKARAN, CHIEF MINISTER




INAUGURATION OF AYURVEDA RESEARCH CENTRE
BY SHRI E. T. N. MOOSE




DR. C. D. JOSEPH AT THE CANCER WARD



AMALA FELLOWSHIP UNITS BEING INAUGURATED
BY SHRI K. M. MANI, THEN FINANCE MINISTER



THE PLAQUE OF MAR THIMOTHEUS CHARITIES BEING UNVEILED



TECHNICIANS IN ACTION AT AMALA



DOCTOR'S QUARTERS IN AMALA CAMPUS




DOCTORS - AMALA



NURSING & PARAMEDICAL STAFF - AMALA




NURSING STUDENTS - AMALA



NURSING TRAINEES - AMALA



DOCTORS & STAFF OF AYURVEDA & HOMOEOPATHY WINGS - AMALA



AMALA RESEARCH FAMILY

പൗരോഹിത്യ സുവർണജൂബിലി ആഘോഷിക്കുന്ന
ഞങ്ങളുടെ രക്ഷാധികാരി ബ. ഗബ്രിയേൽ അച്ചനും
അധ്യാപകർക്കുള്ള ദേശീയ അവാർഡ് കരസ്ഥമാക്കിയ
ബ. സിസ്റ്റർ പോളിനോസിനും
അഭിനന്ദനത്തിന്റേയും അനുമോദനത്തിന്റേയും
പൂച്ചെണ്ടുകൾ



Inserted by

JACOB CHIRAMEL FAMILY TRUST

VENDORE, ALAGAPPANAGAR

Phone 88544

Pin 680 302

പൗരോഹിത്യസുവർണജൂബിലി ഘോഷിച്ച
ആത്മീയാചാര്യൻ
ഉന്നതവിദ്യാഭ്യാസപ്രവർത്തനത്തിൽ വ്യാഴവട്ടചതുഷ്ടയം തികച്ച
വിദ്യാഭ്യാസവിചക്ഷണൻ
കലാലയപഠനത്തിന്റെ രജതജൂബിലി കൊണ്ടാടിയ
അധ്യാപകവരേണ്യൻ
ഐതിഹാസികപ്രസ്ഥാനങ്ങൾക്കു ചുവടൊരുക്കിയ
സംഘാടകശ്രേഷ്ഠൻ
ബഹുജനഹൃദയങ്ങളിൽ അശ്വമേധംനടത്തിയ
പൊതുപ്രവർത്തകൻ

ഫാദർ ഗബ്രിയേൽ

ആര്യനും ആരാധ്യനും ആദരണീയനുമായ
ആ കർമ്മയോഗിവര്യനുമായി
ഒരു അഭിമുഖം

ഡോ. ടി. ആർ. ശങ്കുണ്ണി

ഫാ. ഗബ്രിയേൽ

ജീവിതസംഭവങ്ങളുടെ കാലാനുക്രമണിക

1914 ഡിസംബർ 11 ജനനം
1918 മണലൂർ സർക്കാർ സ്കൂളിൽ പ്രീപ്രൈമറിയിൽ ചേർന്നു
1924 ജൂൺ കണ്ടശ്ശാംകടവ് ഹൈസ്കൂളിൽ ചേർന്നു
1929 പാവറട്ടി സെൻറ് ജോസഫ്സ് ഹൈസ്കൂളിൽ യോഗാർത്ഥി
1932 ഏപ്രിൽ എസ് എസ് എൽ സി പാസ്സായി
1932 ആഗസ്റ്റ് അമ്പഴക്കാട്ട് സന്ന്യാസഭവനത്തിൽ
1933 നവംബർ 24 വ്രതവാഗ്ദാനം
1935 കുനമ്മാവിലെ പഠനഗൃഹത്തിൽ
1937 മുത്തോലിയിലെ തത്ത്വശാസ്ത്രപഠനശാലയിൽ
1939 ചെത്തിപ്പുഴ തിരുഹൃദയ പഠനഗൃഹത്തിൽ
1942 മേയ് 30 വൈദികപട്ടം സ്വീകരിച്ചു
1942 ജൂൺ 2 ആദ്യകുർബാന
1942 ചമ്പക്കുളം യു പി സ്കൂളിൽ അധ്യാപകൻ
1943 മാന്നാനം ആശ്രമത്തിൽ അധ്യാപകൻ
1944 സെൻറ് ബർക്മൻസിൽ ഇൻറർമീഡിയറിനു ചേർന്നു
1946 മദിരാശി പ്രസിഡൻസിയിൽ ഓണേഴ്സിനു ചേർന്നു
1949 ബി എസ് സി (ഓണേഴ്സ്) ബിരുദം കരസ്ഥമാക്കി
1949 തേവരയിൽ ബയോളജി വകുപ്പുമേധാവി
1952 തേവരയിൽ സുവോളജി പ്രൊഫസർ
1953 ബാങ്കിയ ഗബ്രിയേലി കണ്ടുപിടിക്കപ്പെട്ടു
1953 ദേവമാതാ പ്രവിശ്യാംഗമായി
1954 ക്രൈസ്റ്റ് കോളേജ് ആരംഭപ്രവർത്തനം
1955 ട്രാവൻകൂർ യൂണിവേഴ്സിറ്റി ക്രൈസ്റ്റ് കോളേജിനു് അനുമതി നൽകി
1956 ക്രൈസ്റ്റ് കോളേജിൻെറ പ്രിൻസിപ്പലായി സ്ഥാനമേറ്റു
1956 ജൂൺ 16 ക്രൈസ്റ്റ് കോളേജ് ആരംഭം
1957 ഒക്ടോബർ 3 ക്രൈസ്റ്റ് കോളേജ് ഉദ്ഘാടനം
1957 ബിരുദകോഴ്സ് ആരംഭിച്ചു
1958 നവംബർ 24 വ്രതവാഗ്ദാനത്തിൻെറ രജതജൂബിലി
1961 ബിരുദാനന്തര കോഴ്സ് ആരംഭിച്ചു
1963 ക്രൈസ്റ്റ് കോളേജിൽ വനിതാവിഭാഗം തുടങ്ങി
1964 വനിതാവിഭാഗം സെൻറ് ജോസഫ്സ് കോളേജായി മാറി
1964 ക്രൈസ്റ്റ് ആശ്രമത്തിനു പുതിയ ആസ്ഥാനം
1966 കൗൺസിലർ, വികാർ പ്രൊവിൻഷ്യൽ

1967 പൗരോഹിത്യത്തിന്റെ രജതജൂബിലി
1970 ഇരിങ്ങാലക്കുടയിൽ സ്നേഹഭവൻ ആരംഭിച്ചു
1974 നവംബർ 29 ആർട്സ് കേരള ഉദ്ഘാടനം
1975 ഇരിങ്ങാലക്കുടയിൽ കാത്തലിക് സെന്റർ ആരംഭിച്ചു
1975 മാർച്ച് 31 ക്രൈസ്റ്റ് കോളേജിൽനിന്നു വിരമിച്ചു
1975 ഏപ്രിൽ 2 ദേവമാതാ പ്രൊവിൻഷ്യലായി അധികാരമേറ്റു
1975 ജൂൺ 1 കാർമൽ സ്കൂൾ ആരംഭം
1975 ആഗസ്റ്റ് 21 വിദേശപര്യടനത്തിനു പുറപ്പെട്ടു
1976 മാർച്ച് 28 അമല സ്ഥാപിക്കാൻ നയപരമായ തീരുമാനം
1976 ആഗസ്റ്റ് 1 അമല പ്ലാൻ കൗൺസിൽ അംഗീകരിച്ചു
1976 ആഗസ്റ്റ് 13 കാൻസർ സൊസൈറ്റിയുമായി ഉടമ്പടി
1976 സെപ്റ്റംബർ 19 അമല നിർമ്മാണപ്രവർത്തനം ഉദ്ഘാടനം
1976 ഒക്ടോബർ കാർമൽ സ്കൂൾ ഉദ്ഘാടനം
1978 മാർച്ച് 25 അമലയുടെ ആശീർവാദകർമം
1978 ഏപ്രിൽ 25 അമല കാൻസർ ഹോസ്പിറ്റൽ ഉദ്ഘാടനം
1978 ജൂലായ് 1 അമലയുടെ ഡയറക്ടറായി സ്ഥാനമേറ്റു
1979 സെൻറ് ജോസഫ്സ് പ്രോവിൻസ് വിഭജനം-കമ്മീഷനംഗം
1980 കാലിക്കറ്റ് സർവകലാശാല സിൻറിക്കേറ്റംഗമായി തിരഞ്ഞെടുക്കപ്പെട്ടു
1980 ജനുവരി നഴ്സിങ് സ്കൂൾ തുടങ്ങി
1981 ഒക്ടോബർ ആയുർവേദ യൂണിറ്റിനു തറക്കല്ലിട്ടു
1981 ഒക്ടോബർ 16 റേഡിയേഷൻതിറാപ്പി ബ്ലോക്ക് ഉദ്ഘാടനം
1982 ഗവേഷണവകുപ്പ് ആരംഭം
1982 ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് അംഗീകാരം
1982 ജൂൺ 18 ആയുർവേദഗവേഷണകേന്ദ്രം ആരംഭം
1982 ഡിസംബർ 12 അമല ഫെലോഷിപ്പ് ഉദ്ഘാടനം
1983 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ് രൂപീകരിച്ചു
1983 മാർച്ച് 19 ആയുർവേദ ആസ്പത്രി ഉദ്ഘാടനം
1983 നവംബർ 20 ഫാ. ഗബ്രിയേൽ ഗോഡ്മൻ ജൂബിലി റിസർച്ച് ബ്ലോക്ക് ഉദ്ഘാടനം
1983 നവംബർ 24 പ്രതവാഗാനത്തിന്റെ സുവർണജൂബിലി
1984 മേയ് 21 പ്രത്യേക ഗവേഷണ സൊസൈറ്റി റജിസ്റ്റർ ചെയ്തു
1985 ജൂൺ 26 ഗവേഷണകേന്ദ്രത്തിനു കാലിക്കറ്റ് യൂണിവേഴ്സിറ്റി അംഗീകാരം
1985 നവംബർ 23 ടെറാട്രോൺ 780 ഉദ്ഘാടനം
1985 കോയമ്പത്തൂർ പ്രേഷിത വൈസ്പ്രോവിൻസ്-കമ്മീഷനംഗം
1986 കാലിക്കറ്റ് സർവകലാശാലയിൽ ക്രിസ്ത്യൻവിദ്യാപീഠം
1986 ഹയർ എജ്യുക്കേഷൻ കൗൺസിൽ രൂപീകരണം
1987 ജനുവരി 4 അമല മൊബൈൽ യൂണിറ്റ് ഉദ്ഘാടനം
1987 ഡിസംബർ 14 പുതിയ കാൻസർ വാർഡിനു തറക്കല്ലിട്ടു
1988 ആയുർവേദചികിത്സാഭവനകം തുറന്നു
1990 ഹോമിയോപ്പതി യൂണിറ്റ് പ്രവർത്തനം തുടങ്ങി
1990 സേക്രഡ് ഹാർട്ട് പ്രോവിൻസ് വിഭജനം-കമ്മീഷനംഗം
1992 മേയ് 30 പൗരോഹിത്യത്തിന്റെ സുവർണജൂബിലി

അഭിമുഖത്തിന് ഒരാമുഖം

അഹങ്കാരസ്പർശമില്ലാത്ത ദൈവസ്നേഹവും നിർമ്മലമായ സേവനോത്സുകതയും ദൃഢനിശ്ചയം തിളങ്ങുന്ന കർമകുശലതയും അത്യപൂർവവും അവ്യാഖ്യേയവുമായ ഏതോ രാസപാകത്തിൽ ഉരുച്ചേർന്നതാണ് ഋഷിതുല്യനായ ഫാദർ ഗബ്രിയേലിന്റെ വിസ്മയം ജനിപ്പിക്കുന്ന വ്യക്തിത്വം. പൗരോഹിത്യത്തിന്റെ സുവർണജൂബിലി ഘോഷിച്ച ആത്മീയാചാര്യൻ, ഉന്നതവിദ്യാഭ്യാസരംഗത്തു വ്യാഴവട്ടചതുഷ്ടയം തികച്ച വിദ്യാഭ്യാസവിചക്ഷണൻ, കലാലയപാഠനത്തിന്റെ രജതജൂബിലി കൊണ്ടാടിയ അധ്യാപകവരേണ്യൻ, ഐതിഹാസികപ്രസ്ഥാനങ്ങൾക്കു ചുവടൊരുക്കിയ സംഘാടകശ്രേഷ്ഠൻ, ജനഹൃദയങ്ങളിൽ അശ്വമേധംനടത്തിയ പൊതുപ്രവർത്തകൻ...ഋതുദശകസമാപ്തിയിൽ ശതാഭിഷിക്തനാവാനിരിക്കുന്ന ദീർഘായുഷ്മാനായ ഗബ്രിയേലച്ചൻ എന്തൊക്കെ തുറകളിൽ തലയുയർത്തി നില്ക്കുന്നില്ല! യുഗപ്രഭാവന്റെ കർമയോഗവും ത്രികാലജ്ഞാനിയുടെ ക്രാന്തദർശിത്വവും നിർലേപന്റെ നിരാമയത്വവും ആ ജൈവസാഹസികന്റെ കർമബന്ധുരതയ്ക്ക് ഊടുംപാവുമൊരുക്കുന്നു. പാദധൂളികളിൽനിന്ന് അപ്പൂരലാവണ്യങ്ങളെ ഉയിർത്തെഴുന്നേല്പിക്കുവാൻ കഴിവുറ്റ ഇതിഹാസനായകനായ ശ്രീരാമനെപ്പോലെ തന്റെ ചവിട്ടടികളിൽ ഐതിഹാസികപ്രസ്ഥാനങ്ങൾക്കു ജന്മംനൽകാൻ ഫാ. ഗബ്രിയേലിനു നിരായാസം സാധ്യമായിരുന്നു. ഇരിങ്ങാലക്കുടയിലെ മങ്ങാടിക്കുന്നിലദ്ദേഹം ക്രൈസ്റ്റ് കോളേജ് പടുത്തുയർത്തിയതു് അറബിക്കഥകളിലെ അത്ഭുതവിളക്കിനുടമയായ അല്ലാവുദ്ദീന്റെ കയ്യടക്കം കാട്ടിക്കൊണ്ടാണ്. തൊട്ടതെന്തും പൊന്നാക്കാനുള്ള യവനനായകനായ മൈഡസ് രാജാവിന്റെ കൈപ്പുണ്യം കരതലത്തിലൊതുക്കി വിലങ്ങൻതാഴ്വരയിലെ കന്നിമണ്ണിലദ്ദേഹം അമലയ്ക്കു വിത്തിറക്കി. തെർമോമീറ്ററിൽ മെക്കുറി ഉയരുന്നതു് അതിന്റെ ചൂടുകൊണ്ടല്ലോ സമ്പ്രക്മാധ്യമത്തിന്റെ ഊഷ്മാവേറ്റുകൊണ്ടാണ് എന്ന വെളിപാടേറ്റുകൊണ്ട് ജനസഹകരണത്തിന്റെ കത്രജാലകൊണ്ടദ്ദേഹം തന്റെ കർമരംഗങ്ങൾക്ക് ഊഷ്മളചൈതന്യം പങ്കിട്ടു നൽകി. വിജയവീഥികളും തേടുന്ന അദ്ദേഹത്തിന്റെ കർമപദ്ധതികളിലെല്ലാംതന്നെ ജനപങ്കാളിത്തത്തിന്റെ എല്ലുറപ്പ് അന്തർലീനമായുണ്ടായിരുന്നു; പൂമാലയിലെ ചരടുപോലെ. ഇനിയൊരു ജന്മമുണ്ടെങ്കിൽ കലാസാംസ്കാരികരംഗങ്ങളിൽ പ്രായേണ പിൻനിരയിൽ വർത്തിക്കുന്ന ക്രിസ്തീയസമൂഹത്തിന്റെ സാംസ്കാരികാഭിവൃദ്ധിക്കായി ആ ജന്മം താൻ ഉഴിഞ്ഞുവെയ്ക്കുമെന്ന സ്വപ്നംകാണുന്ന ആ കർമയോഗിവര്യൻ, രണ്ടുതലമുറക്കാലത്തിനപ്പുറത്തേയ്ക്കും നീണ്ടുപരന്നുകിടക്കുന്ന തന്റെ ജീവിതാനുഭവങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചപ്പുറങ്ങളെ ഈ അഭിമുഖത്തിലൂടെ സമുന്മീലനം ചെയ്യുന്നു. ഈശ്വരേച്ഛ തന്റെ ജീവിതലക്ഷ്യമാക്കി പരസ്നേഹത്തിലൂടെ അതു പ്രാപിക്കാൻ വ്രതമേറ്റിട്ടുള്ള ആ പുണ്യശ്ലോകന്റെ ഓർമകളുടെ വിരൽത്തുമ്പിൽപ്പിടിച്ചുകൊണ്ട് പാരാവാരസമമായ ജീവിതാനുഭവങ്ങളുടെ ആഴത്തിലും പരപ്പിലും ചെന്നെത്താൻ ഈ മുഖാമുഖത്തിലൂടെ ലഭിച്ച അവസരം ഒരു തീർഥയാത്രയുടേയും ഗുരുകുലവാസത്തിന്റേയും പ്രവാസമധുരം എനിക്കു സമ്മാനിച്ചു. ആ മാധുര്യത്തിന്റെ തെളിമയും തനിമയും തൊട്ടറിയാൻ ആര്യമനസ്സുകളായ അദ്ദേഹത്തിന്റെ ആരാധകസഹസ്രങ്ങൾക്കുമുന്നിൽ ഈ കാണിക്ക സമർപ്പിക്കുന്നു.


ഡോ. ടി. ആർ. ശങ്കുണ്ണി

ഡോ. ശങ്കുണ്ണി: അങ്ങയുടെ കുടുംബപശ്ചാത്തലം വിവരിക്കാമോ ?

ഫാ. ഗബ്രിയേൽ: എന്റെ വീട് മണലൂർ സ്കൂൾ സ്റ്റേറിനും കർമലീത്താ മഠത്തിനുമിടയ്ക്കാണ് സ്ഥിതിചെയ്യുന്നത്. അരണാട്ടുകരക്കാരനായ ചിറമൽ പെരിങ്ങോട്ടുകരക്കാരൻ അന്തോണി എന്റെ അപ്പൂപ്പനാണ്. അപ്പൂപ്പന് ഒരു വയസ്സുള്ളപ്പോഴാണ് അപ്പൂപ്പന്റെ അപ്പൻ മരിച്ചു. അമ്മവീടായ മണലൂർ പോത്തിങ്കൽ കുടുംബത്തിൽ താമസമാക്കിയ അപ്പൂപ്പൻ അവിടെയാണ് വളർന്നു വലുതായത്. അദ്ദേഹത്തിന്റെ രണ്ടാംവിവാഹത്തിലെ മൂത്തമകനായ അന്തോണി പാവുവാണ് എന്റെ അപ്പൻ. അമ്മ അരണാട്ടുകര തറയിൽ ചാക്കുവിന്റെ മൂത്തമകളാണ് കുഞ്ഞിലക്കുട്ടി. 1914 ഡിസംബർ 11-ന് ഞാൻ ജനിച്ചു. എനിക്കു നാലുവയസ്സുള്ളപ്പോഴാണ് അമ്മ മരിച്ചു.

ഡോ. ശങ്കുണ്ണി: അമ്മയെ കണ്ട ഓർമയുണ്ടോ ?

ഫാ. ഗബ്രിയേൽ: നേരിയ ഒരോർമമാത്രം, മുഖച്ഛായയും ആകൃതിയും എന്റെ മനസ്സിലുണ്ട്. വെളുത്തനിറം. സുന്ദരിയാണെന്നാണ് ഓർക്കുന്നത്. സാമാന്യം പൊക്കമുണ്ട്. സൗമ്യപ്രകൃതമാണെന്നും ഓർക്കാനാവുന്നുണ്ട്. വസൂരിരോഗം വന്നാണ് അമ്മ മരിച്ചത്.



ഡോ. ശങ്കുണ്ണി: നാലു വയസ്സുള്ളപ്പോൾ പെറ്റമ്മ നഷ്ടപ്പെട്ട അങ്ങേയ്ക്ക് എഴുപത്തെട്ടാൻപതു നടപ്പാണ്. ഈ പ്രായത്തിൽ എഴുപത്തഞ്ചു വർഷങ്ങൾക്കപ്പുറത്തേയ്ക്കൊന്നു തിരിഞ്ഞുനോക്കി അമ്മയുമായി ബന്ധപ്പെട്ട ഒന്നോ രണ്ടോ സംഭവങ്ങൾ കണ്ടെടുക്കാമോ ?

ഫാ. ഗബ്രിയേൽ: അമ്മയെക്കുറിച്ചോർക്കുമ്പോൾ എന്നും എന്റെ മനസ്സിന്റെ ചുവരിൽ പറിച്ചുനില്ക്കുന്ന ഒരു ചിത്രമുണ്ട്. വീടിന്റെ പിൻവശത്ത്, തൊടിയിൽ അമ്മയുടെ ഞൊറിയിൽ പിടിച്ചുകൊണ്ടുനില്ക്കുന്ന ഒരു കുട്ടിയുടെ ചിത്രം. ആ കുട്ടി ഞാനാണ്. മറ്റൊരു ചിത്രം: അമ്മയുടെകൂടെ അരണാട്ടുകര പെരുന്നാളിനു പോയ ഓർമ. പെരുന്നാളിന്റെ തിരക്കിൽ ഞാൻ കൂട്ടംതെറ്റി. വഴിയിൽ അലഞ്ഞുതിരിഞ്ഞ എന്നോട് ആരോ ഒരാൾ ചോദിച്ചു: എവിടത്തെയാണെന്ന്. പുത്തൻപുരയ്ക്കലെ എന്നു ഞാൻ മറുപടി പറഞ്ഞു. അയാളെന്നെ അവിടെ പിടിച്ചുനിറുത്തി; പിന്നെ വീട്ടുകാരെ അന്വേഷിച്ചു കണ്ടെത്തി. കൂട്ടത്തിലാക്കി. മറ്റൊരോർമയും കൂട്ടിക്കാലത്തെക്കുറിച്ച് എന്നിൽ ബാക്കിയില്ല.

ഡോ. ശങ്കുണ്ണി: അമ്മ മരിച്ചതിനുശേഷം അപ്പൻ വീണ്ടും വിവാഹംകഴിച്ചോ ?

ഫാ. ഗബ്രിയേൽ: ഉവ്വ്. അമ്മ മരിച്ച് ഒരുവർഷം കഴിഞ്ഞപ്പോൾ അപ്പൻ വിവാഹംകഴിച്ചു. വലപ്പാട് താടിക്കാരൻ ചാക്കുവിന്റെ മകൾ കുഞ്ഞാളിച്ചിയായിരുന്നു എന്റെ രണ്ടാനമ്മ.


ഡോ. ശങ്കുണ്ണി: ആ അമ്മയെ-

ഫാ. ഗബ്രിയേൽ: അമ്മ എന്നതന്നെ ഞാൻ വിളിച്ചു: അമ്മ പെരുമാറിയിരുന്നതും അങ്ങനെയായിരുന്നു. എന്നാൽ, പെറ്റമ്മയുടെ

വാത്സല്യവും സ്നേഹോഷ്മാവും മുഴുവനായും അവരിൽനിന്നു കിട്ടി യെന്നു പറയുക വയ്യാ. അതു സാധ്യവുമല്ലല്ലോ. സ്വന്തം അമ്മമാർ ചെയ്യാറുള്ളപോലെ എന്നെ ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്ത ഒരോർമ്മ എനിക്കില്ല. എന്നെ സൈരമായി വിടുകയായി രുന്നു. എനിക്കു് എട്ടോ ഒൻപതോ വയസ്സുള്ള കാലത്തെ ഒരോർമ യുണ്ടു്. അവരുടെ മകനായ എന്റെ അനിയനെ ഞാൻ എന്തോ കാരണത്താൽ ഈക്കിൽകൊണ്ടു് അടിച്ചു. എന്നോടു് അമ്മ ഒന്നും പറഞ്ഞില്ല. പക്ഷേ, അപ്പനോടു് അതിനെക്കുറിച്ചു് ആവലാതി പ്പെട്ടു. അപ്പനെന്നെ ശാസിച്ചു. അതിനുശേഷം ഞാനെന്റെ അനിയന്മാരെ ഒന്നിനും ശാസിക്കാൻ പോയില്ല– അവരെ ഞാൻ സൈരമായി വിട്ടു. അനുഭവം കാണിക്കാത്തവരെ അവരുടെ പാട്ടിനു വിടുക എന്ന രീതി അന്നേ എന്റെ സ്വഭാവത്തിലുണ്ടു്.

ഡോ. ശങ്കുണ്ണി: ഇന്നും അതു സ്വഭാവത്തിലുണ്ടോ ?

ഫാ. ഗബ്രിയേൽ: ഉവ്വു്. അതെന്റെ സ്വഭാവത്തിന്റെ ഭാഗമാണു്.



ഡോ. ശങ്കുണ്ണി: അപ്പനെക്കുറിച്ചു്–


ഫാ. ഗബ്രിയേൽ: അപ്പനെക്കുറിച്ചു് എനിക്കെന്നും ബഹുമാനത്തോ ടുകൂടിയേ ഓക്കാനാവൂ. മതാനുഷ്ഠാനങ്ങളിലും സാമൂഹിക–പരോപ കാരരംഗങ്ങളിലും അപ്പൻ മാതൃകയായിരുന്നു. തികഞ്ഞ അച്ചടക്ക പ്രകൃതക്കാരനായതുകൊണ്ടു പെരുമാറ്റത്തിൽ ഏറെ കാർക്കശ്യം അനുഭവപ്പെട്ടിരുന്നു എന്നോക്കാം. എന്നിരുന്നാലും മക്കളുടെ വളർ ച്ചയ്ക്കു് ആവശ്യമായ വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം എന്നീ എല്ലാ കാര്യങ്ങളും തികഞ്ഞ ശ്രദ്ധാന്തിയോടെ നിറവേറ്റിത്തന്നിരുന്നു. മാതൃസ്നേഹത്തിന്റെ ഊഷ്മാവിന്റെ അഭാവത്തിൽ അപ്പന്റെ കാർ ക്കശ്യംകൂടിയായപ്പോഴും ജീവിതത്തിലെ മൃദുലവശങ്ങൾ എന്നിൽ വേണ്ടിടത്തോളം വികസിക്കാതെപോയി എന്നെനിക്കു ചില പ്പോഴും തോന്നാറുണ്ടു്.

ഡോ. ശങ്കുണ്ണി: വിദ്യാഭ്യാസത്തെക്കുറിച്ചു വിവരിക്കാമോ ?

ഫാ. ഗബ്രിയേൽ: നാലാംവയസ്സിൽത്തന്നെ സ്ഥലത്തുള്ള സക്കാർ സ്കൂളിൽ പ്രീപ്രൈമറിക്ലാസ്സിൽ എന്നെ ചേർത്തു. പഠനം ഉദ്ദേശിച്ച ല്ല; സ്കൂളുമായി ഒന്നു പരിചയപ്പെടാൻമാത്രം. പഠിപ്പിൽ ഞാ നത്ര മിടുക്കനായിരുന്നില്ല. എന്നിരുന്നാലും നാലാംക്ലാസ്സിൽ സ്കോളർഷിപ്പു പരീക്ഷയ്ക്കു സ്കൂളിൽനിന്നു നിയോഗിക്കപ്പെട്ട നാലുപേരിൽ ഒരാൾ ഞാനായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാ സത്തിനായി കണ്ടശ്ശാംകടവിലെ സർക്കാർ സ്കൂളിലേയ്ക്കാണു് പോയതു്. ഉദ്ദേശം രണ്ടു നാഴിക നടക്കണമായിരുന്നു. മലയാളം മാധ്യമത്തിൽനിന്നു് ഇംഗ്ലീഷ്മാധ്യമത്തിലേയ്ക്കുള്ള മാറ്റത്തി ന്റെ ഫലമായും പുതിയ സ്കൂളും പുതിയ അധ്യാപകരും പരി ചയമില്ലാത്ത പരിസരവും മനസ്സിനു നൽകിയ പകപ്പിന്റെ ഫല മായും എട്ടാംക്ലാസ്സിലെ പഠനം ഒരു പ്രതിസന്ധിയിലായി.

ഡോ. ശങ്കുണ്ണി: ഒന്നു ചോദിച്ചോട്ടെ. അന്നെങ്ങാനും ഒരു വൈദിക നായിത്തീരണം എന്നു സങ്കല്പിച്ചിരുന്നോ ?

ഫാ. ഗബ്രിയേൽ: സങ്കല്പിച്ചിരുന്നോ എന്നു തീർത്തു പറയാനാവില്ല. പക്ഷേ അക്കാലത്തു് എന്നിൽ ഒരു മനഃപരിവർത്തനം നടന്നു എന്നതോർമയുണ്ടു്, ആ പരിവർത്തനം സന്ന്യാസവൈദികജീവിതത്തിലേയ്ക്കുള്ള പ്രചോദനമായി പരിണമിച്ചുവെന്നും ഓർക്കാനാവുന്നുണ്ടു്. അതിന്റെ വെളിച്ചത്തിൽ, ഞാൻതന്നെ നേരിട്ടു എന്റെ അമ്മയുടെ ഇളയപ്പനായ ഫാ. പീറർ സി എം ഐയെ അക്കാര്യം അറിയിച്ചു. ഫാ. പീറർ വേണ്ടതായ ഒത്താശകളും ചെയ്തുതന്നു. ഇതിനു മുമ്പുതന്നെ എന്റെ മൂത്തസഹോദരി താണ്ടമ്മയെ സി എം സി സഭയിൽ ചേരാൻ അനുവദിച്ച വീട്ടുകാർക്കു ഞാൻ സി എം ഐ സഭയിൽ ചേരുന്നതിൽ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. അടുത്ത അധ്യയനവർഷം ഒമ്പതാം ക്ലാസ്സിൽ പാവറട്ടിയിലെ സെൻറ് ജോസഫ്സ് ഹൈസ്ക്കൂളിൽ യോഗാർഥിയായി ഞാൻ ചേർന്നു. അവിടെ ചെന്നതിനു ശേഷമാണു് എങ്ങനെയാണു് ചിട്ടയായി അധ്യയനം നടത്തുക എന്നു ഞാൻ മനസ്സിലാക്കിയതു്. ഇതിന്റെ ഫലമായി എസ് എസ് എൽ സി ആദ്യത്തെ ചാൻസിൽത്തന്നെ സാമാന്യം നല്ലമാർക്കോടെ ജയിക്കാൻ സാധിച്ചു.



ഡോ. ശങ്കുണ്ണി: ആദ്യത്തെ ചാൻസിൽത്തന്നെ എന്നു് എടുത്തുപറയാൻ_?


ഫാ. ഗബ്രിയേൽ: അവിടത്തെ ചിട്ട അക്ഷരംപ്രതി അനുസരിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ എസ് എസ് എൽ സിക്കു തോല്ക്കുമായിരുന്നു. കാരണം, ഫോത്തുഫോമിൽവെച്ചു് ആൽജിബ്രയിൽ എനിക്കു നല്ലൊരു അടിസ്ഥാനം കിട്ടിയില്ല. അതെന്റെ മാത്തമാറിക്സ് പഠനത്തെ തകരാറിലാക്കി. പാവറട്ടിയിലെ ചിട്ടയായ അധ്യയനമാണു് ആ തകരാറു തെല്ലെങ്കിലും ദൂരീകരിച്ചതു്; അതുകൊണ്ടാണു് ആദ്യത്തെ ചാൻസിൽത്തന്നെ ജയിക്കാൻ സാധിച്ചുവെന്നു് എടുത്തുപറഞ്ഞതു്. ഈ ജയം എന്റെ ഭാവിപഠനങ്ങൾക്കും പുരോഗതിക്കും വളച്ചുയ്ക്കും ഒരു ചവിട്ടുകല്ലായി പരിണമിച്ചു. അടുത്തവർഷം അമ്പഴക്കാട്ടുള്ള നവസന്ന്യാസഭവനത്തിലേയ്ക്കു പോവാനുള്ള ഒരുക്കമായി. ലോകമഹായുദ്ധത്തിന്റെ കെടുതി ആഗോളമായി സാമ്പത്തികതകർച്ചയ്ക്കു വഴിയൊരുക്കിയ കാലഘട്ടമായിരുന്നു അതു്. കാഷ്ടികോല്പന്നങ്ങളുടെ വിലയിടിവു കാരണം പേടിമണിയായി നൽകേണ്ട വലിയസംഖ്യ സമാഹരിക്കാൻ അപ്പനു പ്രയാസമുണ്ടായിരുന്നു. പരേതനായ ബഹു. സറാഫിം ചിറോതയുടേയും മറ്റും സൗമനസ്യംകൊണ്ടു് ഇതിൽ പകുതി ഇളവു പാവറട്ടി ആശ്രമത്തിൽനിന്നു ചെയ്തുതന്നു.

ഡോ. ശങ്കുണ്ണി: അക്കാലത്തെക്കുറിച്ചുള്ള പ്രത്യേകമായ എന്തെങ്കിലും ഓർമ_

ഫാ. ഗബ്രിയേൽ: 1932 ലാണു് എന്നോർക്കുന്നു. ആഗസ്റ്റിൽ ഞാൻ അമ്പഴക്കാട്ടു് നവസന്ന്യാസഭവനത്തിൽ പ്രവേശിച്ചു. അന്നത്തെ ഗുരുഭ്രാതൻ ഫാ. സിൽവെസ്റ്റർ തട്ടിൽ ആയിരുന്നു. രണ്ടു മാസം കഴിയുന്നതിനു മുമ്പു് അദ്ദേഹം ജനറാളായി തിരഞ്ഞെടുക്കപ്പെട്ടകയും പകരം ബഹു. ബത്തലോമിയോ പെരുമാലിൽ നവസന്ന്യാ

സഹരുവായി നിയമിതനാവുകയും ചെയ്തു. ഇദ്ദേഹം ചങ്ങനാശ്ശേരിയിലുള്ള വൈദികവിദ്യാർഥികളുടെ ഗുരുഭൂതനായി ചിരകാലം സേവനമനുഷ്ഠിച്ച പകുതയും പരിചയവും വന്ന ഒരാധ്യാത്മിക ഗുരുവര്യനായിരുന്നു. രണ്ടു വർഷകാലം ഞാൻ അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ കഴിഞ്ഞു. ഈ നവസന്ന്യാസ പരിശീലനകാലം എന്റെ ജീവിതത്തിൽ ഒരു പുതിയ പ്രബുദ്ധതയും ആധ്യാത്മിക ദർശനവും ഉളവാക്കിയെന്നു പറയാം. എന്റെ വൈദികസന്ന്യാസ ജീവിതത്തിലെ നിർണായകമായ ഒരു വഴിത്തിരിവായിരുന്നു അതു്. പുണ്യശ്ലോകനായ ബഹുമാനപ്പെട്ട ബർത്തലോമിയോ അച്ചന്റെ ആധ്യാത്മികസ്വാധീനമായിരുന്നു ഇതിന്റെ പിന്നിൽ പ്രവർത്തിച്ച പ്രധാനശക്തി.

ഡോ. ശങ്കുണ്ണി: ഈ സ്വാധീനമാണോ അങ്ങയുടെ ജീവിതത്തിലെ ഊർജ്വസ്വലതയ്ക്കും ആധ്യാത്മികതയ്ക്കും അടിസ്ഥാനമായി വന്നതു് ?



ഫാ. ഗബ്രിയേൽ: എന്റെ ജീവിതത്തിൽ ജനോപകാരപ്രദങ്ങളായ പല പ്രസ്ഥാനങ്ങളും വെല്ലുവിളികളും ഏറെറടുക്കാൻ ദൈവാനുഗ്രഹത്താൽ സാധിച്ചിട്ടുണ്ടു്. നവസന്ന്യാസപരിശീലനകാലത്തു ലഭിച്ച അടിസ്ഥാനംതന്നെയായിരിക്കണം എന്റെ പുതിയ സമീപനത്തിനും അതിന്റെ വിജയത്തിനും കാരണം.

ഡോ. ശങ്കുണ്ണി: നവസന്ന്യാസപരിശീലനത്തിനുശേഷം ?

ഫാ. ഗബ്രിയേൽ: അമ്പഴക്കാട്ടെ രണ്ടു വർഷത്തെ പരിശീലനത്തിനുശേഷം കുനമ്മാവിലെ പഠനഗൃഹത്തിലേയ്ക്കു പോയി–ഭാഷാപഠനത്തിനു്. 1935 ലാണതു്. രണ്ടു വർഷം നീണ്ടുനിന്ന ഈ കാലഘട്ടത്തിൽ ലത്തീൻ, സുറിയാനി എന്നീ ഭാഷകളിലും അലങ്കാരശാസ്ത്രത്തിലും സാമാന്യം നല്ല അവഗാഹമുണ്ടായി എന്നു പറയാം. അന്നൊക്കെ വിശേഷാവസരങ്ങളിൽ നടത്തുന്ന പ്രഭാഷണങ്ങളിലും മംഗളപത്രരചനയിലും ലത്തീൻസുറിയാനിഭാഷകളും ഒരുപോലെ നന്നായി കൈകാര്യംചെയ്യാവുന്ന ഒരു വിദഗ്ധനായി വളരാൻ കഴിഞ്ഞുവെന്ന കാര്യം വിനയപൂർവം ഞാൻ ഓർക്കുന്നുണ്ടു്.

ഡോ. ശങ്കുണ്ണി: പഠനത്തിനു സ്വന്തമായി ഏതെങ്കിലും രീതി അങ്ങു സ്വന്തമാക്കിയിരുന്നോ ?


ഫാ. ഗബ്രിയേൽ: രീതി എന്നതിനേക്കാളും എന്റെ സ്വഭാവം എന്നു പറയുന്നതല്ലേ കൂടുതൽ ശരി എന്നെനിക്കു തോന്നുന്നു. പഠനത്തിന്റെ പ്രാരംഭനാളുകളിൽ–ഭാഷയാവട്ടെ, മറെറന്തു വിഷയവുമാവട്ടെ–മിക്കപ്പോഴും എനിക്കു മുന്നിട്ടുനില്ക്കാനാവാറില്ല. പഠനം പുരോഗമിക്കുന്തോറും വിഷയത്തിന്റെ വിശാലത സമഗ്രമായി എനിക്കു ദർശിക്കാനാവുന്നു. അപ്പോഴാണു് എനിക്കു മുന്നേറാനാവുക.

ഡോ. ശങ്കുണ്ണി: ഭാഷാപഠനത്തിനുശേഷം എവിടെയാണു് പഠനം തുടർന്നതു് ?

ഫാ. ഗബ്രിയേൽ: മുത്തോലിയിലെ തത്വശാസ്ത്രപഠനഗൃഹത്തിൽ. 1937-ൽ ഞാനവിടെ ചെന്നു. ഇവിടെ അല്പമൊന്നു വിസ്തരിക്കാനുണ്ട്. വൈദികപഠനത്തിന്റെ ഒരു പ്രധാന ഘടകമാണു് തത്വശാസ്ത്രവിജ്ഞാനം. വേദശാസ്ത്രം വേണ്ടരീതിയിൽ പഠിക്കുന്നതിനു തത്വശാസ്ത്രത്തിന്റെ പിൻബലം കൂടിയേ തീരൂ. അതുകൊണ്ടാണു് എല്ലാ ഉന്നതവിദ്യാപീഠങ്ങളിലും തത്വശാസ്ത്രം പഠിപ്പിക്കുന്നതു്. തത്വശാസ്ത്രം പഠിക്കുന്നതോടെ വിജ്ഞാനത്തിന്റെ വിശാലലോകത്തിലേയ്ക്കു നാം കടന്നുചെല്ലുന്നു. അരിസ്റ്റോട്ടിൽ, പ്ലേറ്റോ, ഡക്കാർത്തസ്, ക്യാൻറ് എന്നീ ധിഷണാശാലികൾ വിവരിച്ച വിജ്ഞാനത്തിന്റെ ഉന്നതമേഖലകളിലേയ്ക്കു ചെല്ലുന്നതിന്റെ ഫലമായി വീക്ഷണം വിശാലമാവുന്നു; ആത്മധൈര്യം സ്വന്തമാവുന്നു. അറിവിന്റെ അപാരത നമുക്കനുഭവപ്പെടുകയാണു്. രണ്ടു കൊല്ലം തത്വശാസ്ത്ര പഠനകാലത്തും പിന്നീടുള്ള മൂന്നര കൊല്ലം വേദശാസ്ത്രപഠനകാലത്തും പ്രാചീനവും ആധുനികവുമായ എല്ലാ ഗ്രന്ഥങ്ങളും ശേഖരിച്ച ലൈബ്രറിയുടെ ചുമതല എനിക്കു വഹിക്കേണ്ടിവന്നിരുന്നു; അക്കാലത്തു ലോകകുളാസ്സിക്കുകളടക്കം കയ്യെത്തിക്കാവുന്ന മിക്കവാറും എല്ലാ ഗ്രന്ഥങ്ങളിലൂടേയും എനിക്കു കടന്നുപോവാനായി; അവയിലൊളിഞ്ഞിരിക്കുന്ന വിജ്ഞാനങ്ങളുമായി സമ്പർക്കം വെയ്ക്കാനായി. ഈ അനുഭവം എന്റെ ബൗദ്ധിക വളർച്ചയുടെ വഴിയിലെ എണ്ണപ്പെട്ട നാഴികക്കല്ലായി. തത്വശാസ്ത്ര പഠനകാലത്തുതന്നെ വ്രതവാഗ്ദാനത്തിലൂടെ നിത്യമായി ദൈവസേവനത്തിനായി ഞാനെന്നെ സ്വയം സമർപ്പിച്ചു; വൈദികശ്രേഷ്ഠയിലെ ആദ്യഘട്ടത്തിലേയ്ക്കു കാലെടുത്തുവെച്ചു.

ഡോ. ശങ്കുണ്ണി: വേദശാസ്ത്രപഠനം എവിടെയായിരുന്നു ?


ഫാ. ഗബ്രിയേൽ: ചെത്തിപ്പുഴ തിരുഹൃദയ പഠനഗൃഹത്തിൽ. 1939-ൽ ചങ്ങനാശ്ശേരിക്കടുത്തുള്ള ചെത്തിപ്പുഴയിൽ ഞാനെത്തി. വേദശാസ്ത്രപാരാവാരപരംഗതനെന്നു വാഴ്ത്തപ്പെടുന്ന ഡോ. പ്ലാസിഡ് പെരുമാലിൽ ആയിരുന്നു പ്രധാന പ്രൊഫസർ. അദ്ദേഹത്തിന്റെ അതിരില്ലാത്ത പാണ്ഡിത്യത്തിന്റെ മടിത്തട്ടിലിരുന്നാണു് ഞാൻ വേദശാസ്ത്രത്തിന്റെ പൊരുൾ ഹൃദിസ്ഥമാക്കിയതു്. തന്റെ വിദ്യാർഥികളിൽ അപാരസ്വാധീനം ചെലുത്താൻ പോരുന്നതായിരുന്നു ആ മഹാപണ്ഡിതന്റെ ധിഷണാവൈഭവം. അന്നന്നെടുക്കുന്ന പാഠങ്ങൾ പിറേറന്നുതന്നെ പഠിച്ചുകൊണ്ടുവന്നു തത്തമ്മേ പൂച്ചപൂച്ചയെന്നുരുവിടിക്കുന്ന പഠനസമ്പ്രദായത്തിന്റെ പിറകെ പോവാതെ വിഷയത്തിന്റെ വിശാലതയിൽ നിർബാധം മേഞ്ഞുനടക്കാൻ അധ്യേതാക്കൾക്കു പരമാവധി അക്കാദമീയ സ്വാതന്ത്ര്യം നൽകുക എന്നതായിരുന്നു അദ്ദേഹത്തിന്റെ അധ്യാപനശൈലി. ഈ പാഠനശൈലി എന്റെ പഠനരീതിക്കു് ഏറെ പ്രയോജനംചെയ്തു. അന്നന്നു എടുക്കുന്ന വിഷയം അന്നന്നു പഠിച്ചുറപ്പിക്കുക എന്റെ പഠനരീതിയായിരുന്നില്ല. മുമ്പു സൂചിപ്പിച്ചപോലെ വിഷയം മൊത്തം കണ്ടാലേ എനിക്കു പഠിച്ചുകേറാനാവൂ. ഡോ. പ്ലാസിഡിന്റെ അധ്യാപനരീതിയും ആ വഴിക്കായിരുന്നല്ലോ. ആ രീതിയിൽ എനിക്കു് എന്റെ കഴിവു മുഴുവനായും പ്രദർശിപ്പിക്കാനായി. ആത്മപ്രശംസയായി കണക്കാക്കുകയില്ലെങ്കിൽ



പറയാം: വേദശാസ്ത്രത്തിലും കാനോൻനിയമത്തിലും 95 ശതമാനത്തിൽ കുറഞ്ഞ മാർക്ക് അന്നൊന്നും കിട്ടിയിരുന്നതായി ഞാൻ ഓർക്കുന്നില്ല. സുദീർഘമായ വൈദികശാസ്ത്രപഠനം പൂർത്തിയാക്കി 1942 മേയ് 30-ന ചങ്ങനാശ്ശേരി രൂപതാധ്യക്ഷൻ റൈറ്റ് റവ. മോൺ. ജയിംസ് കളാശ്ശേരിയിൽനിന്ന ഞാൻ വൈദികപട്ടം സ്വീകരിച്ചു. അങ്ങനെ സന്ന്യാസവൈദികപഠനത്തിന്റെ സമാപനംകുറിച്ചുകൊണ്ട ദൈവത്തെയും മനുഷ്യരേയും സേവിക്കാൻ വേണ്ടി ആ വൈദികശ്രേഷ്ഠൻ എന്നെ സമൂഹമധ്യത്തിലേയ്ക്ക നിയോഗിച്ചയച്ചു.

ഡോ. ശങ്കുണ്ണി: പരിശീലനംകഴിഞ്ഞു കർമരംഗത്തേയ്ക്ക പ്രവേശിക്കുകയായിരുന്നു, അല്ലേ ?

ഫാ. ഗബ്രിയേൽ: യേശു തന്റെ ശിഷ്യന്മാരെ നിയോഗിച്ചതുപോലെ ജനങ്ങളെ സുവിശേഷമറിയിക്കാനും പഠിപ്പിക്കാനും വിശുദ്ധീകരിക്കാനുമാണ് ഒരു വൈദികൻ നിയുക്തനാവുന്നത്. ഈ ദൗത്യം സ്വീകരിച്ചുകൊണ്ട് എന്റെ ആദ്യത്തെ കർമരംഗം ചമ്പക്കുളത്തുള്ള ചെറിയ ആശ്രമവും അവിടത്തെ അപ്പർ പ്രൈമറി സ്കൂളുമായിരുന്നു. അധ്യാപനത്തിനു പുറമെ സ്കൂളിലെ ഭരണകാര്യങ്ങളും ഞാൻതന്നെയാണ് നിർവഹിച്ചിരുന്നത്. വൈദികവൃത്തിക്കുള്ള ധാരാളം ആവശ്യങ്ങളും അവിടെ നിർവഹിക്കാനുണ്ടായിരുന്നു.



ഡോ. ശങ്കുണ്ണി: സേവനത്തിന്റെ ഈ കർമരംഗത്തേയ്ക്കിറങ്ങുമ്പോഴും സ്വന്തമായി എന്തെങ്കിലും പദ്ധതി മനസ്സിൽ കരുപ്പിടിച്ചിരുന്നോ?

ഫാ. ഗബ്രിയേൽ: പ്രത്യേകമായി ഒരു പദ്ധതി എന്നൊന്നും പറയാനാവുമായിരുന്നില്ലയെങ്കിലും, ഭാവി പ്രവർത്തനമണ്ഡലത്തെക്കുറിച്ച് ഒരു അവബോധം സ്വരൂപിച്ചിരുന്നു. അതിൽ അധ്യാപനത്തിനു മുൻഗണന കിട്ടിയിരുന്നില്ല എന്നോർക്കുന്നു.

ഡോ. ശങ്കുണ്ണി: അതുവ്വോ ? അധ്യാപനത്തിനു മുൻഗണന കാണിക്കാതിരിക്കാൻ എന്താ കാരണം ?

ഫാ. ഗബ്രിയേൽ: അധ്യാപനത്തിൽ വ്യാപൃതനായാൽ ജോലിത്തിരക്കുമൂലം സ്വതന്ത്രമായി ചിന്തിക്കാനോ പ്രാർഥിക്കാനോ വേണ്ടിടത്തോളം സാവകാശമുണ്ടാവില്ല എന്നൊരു ഭയം ഉള്ളിൽ കടന്നുകൂടിയിരുന്നു.

ഡോ. ശങ്കുണ്ണി: ആ ഭയം അസ്ഥാനത്തായില്ലേ ?

ഫാ. ഗബ്രിയേൽ: നമ്മൾ ഗണിച്ചെടുക്കുമ്പോലെയല്ലല്ലോ എല്ലാം നടക്കുക. സഹോദരന്റെ പ്രേരണയുടെ വശംവദനാകേണ്ടിവന്നു. മേലാധികാരികളുടെ നിർദേശമനുസരിച്ച് ഉന്നതവിദ്യാഭ്യാസത്തിനു പോവുകയും അധ്യാപനരംഗത്തേയ്ക്ക വീണ്ടും കടന്നുവരികയുംചെയ്തു. ദൈവേച്ഛയാൽ ആർജവവും ആത്മാർഥതയുമുള്ള ഒരു നല്ല അധ്യാപകനാവാൻ എനിക്കു കഴിഞ്ഞു. വിദ്യാർഥികളുടെ മനസ്സിൽ വളരാനും അവരെ ലക്ഷ്യബോധമുള്ളവരാക്കി വളർത്താനും എനിക്കു സാധിച്ചിട്ടുണ്ട്.

ഡോ. ശങ്കുണ്ണി: അധ്യാപനജീവിതം പിന്നീട് തുടർന്നതെവിടെയാണ് ?

ഫാ. ഗബ്രിയേൽ: മാന്നാനത്തുള്ള യോഗാർഥികളെ ലത്തീൻസ്കൂൾ യാനിഭാഷകളും പഠിപ്പിക്കുന്നതിനായിട്ടാണ് ഞാൻ പിന്നീട് നിയോഗിക്കപ്പെട്ടന്നത്. സന്തോഷത്തോടെ ആ നിയോഗം ഞാൻ സ്വീകരിച്ചു. ശാന്തശീലരും അനുസരണയുള്ളവരുമായ വൈദിക വിദ്യാർഥികളാവുമ്പോൾ അധ്യാപനം വളരെ സുഗമവും രസാവഹവുമാവും എന്നായിരുന്നു പ്രതീക്ഷ. പക്ഷേ അനുഭവം മറിച്ചായി.

ഡോ. ശങ്കുണ്ണി: എന്നുവെച്ചാൽ ?


ഫാ. ഗബ്രിയേൽ: അധ്യാപകന്റെ വികാരത്തോട് വേണ്ടംവണ്ണം പ്രതികരിക്കാൻ കഴിയാത്ത ഒരു വിദ്യാർഥി സമൂഹത്തെയാണ് ഞാൻ നേരിൽകണ്ടത്. അല്ലെങ്കിൽ അങ്ങനെയാണ് എനിക്കനുഭവപ്പെട്ടത്. ഈ സാഹചര്യത്തിലാണ് ഉന്നതവിദ്യാഭ്യാസത്തിനുപോവാൻ വീണ്ടും നിർദേശം വന്നപ്പോൾ ഞാനതു നിരസിക്കാതിരുന്നത്. ഒരു തീരുമാനത്തിലെത്തുംമുമ്പേ ഫാ. ലാസർ ചിറയങ്കണ്ടത്തിന്റെ ഉപദേശവും ഞാൻ തേടി. അങ്ങനെ ഞാൻ ചങ്ങനാശ്ശേരി സെൻറ് ബർക്മെൻസ് കോളേജിൽ ഇൻറർമീഡിയറിനു ചേർന്നു. 1944 ജൂണിലാണത്. അന്നു കേരളത്തിലുള്ള ഏറ്റവും നല്ല കോളേജിലൊന്നായിരുന്നു സെൻറ് ബർക്മെൻസ്. പ്രൊഫസർ ഷെപ്പേർഡ്, പ്രൊഫസർ എം പി പോൾ, പ്രൊഫസർ ശതഗോപൻ തുടങ്ങിയ പ്രശസ്തരും പ്രഗല്ഭരുമായ ആചാര്യശ്രേഷ്ഠർ എസ് ബി കോളേജിന്റെ അധ്യാപകശ്രേണിയിൽ തിളക്കംപൂണ്ടുനില്ക്കുന്ന കാലമായിരുന്നു. ഹൈസ്കൂളിൽ എന്റെ ഐച്ഛികവിഷയം രസതന്ത്രമായിരുന്നതുകൊണ്ട് ഇവിടേയും ശാസ്ത്രവിഷയങ്ങൾ പഠിക്കാനാണ് ഞാൻ താല്പര്യപ്പെട്ടത്. മുമ്പു സൂചിപ്പിച്ചതുപോലെ ഹൈസ്ക്കൂളിൽവെച്ച് ആംഗ്ലേയത്തിൽ നല്ല അടിസ്ഥാനം കിട്ടാത്തതുമൂലം ആംഗ്ലേയത്തിന്റെ ഉപയോഗം വേണ്ടിവരുന്ന ശാസ്ത്രവിഭാഗത്തോട് പൊതുവേ എനിക്കു പേടിയുണ്ടായിരുന്നു. എന്നിരിക്കലും ഇൻറർമീഡിയറു പരീക്ഷയിൽ കോളേജിൽനിന്നു ഒന്നാമനായി പുറത്തിറങ്ങാൻ എനിക്കു ഭാഗ്യമുണ്ടായി; സർവകലാശാലയിൽ രണ്ടാം റാങ്കു നേടാനും.

ഡോ. ശങ്കുണ്ണി: തുടർന്ന് എവിടെയാണ് പഠിച്ചത് ?

ഫാ. ഗബ്രിയേൽ: മദിരാശിയിലെ പ്രസിദ്ധമായ പ്രസിഡൻസിയിൽ.

ഡോ. ശങ്കുണ്ണി: ഏതു കോഴ്സായിരുന്നു ?


ഫാ. ഗബ്രിയേൽ: സുവോളജിയിൽ ഓണേഴ്സ്. ഇവിടെ ഒരു കാര്യം വ്യക്തമാക്കാം. 1943_44 കാലഘട്ടങ്ങളിൽ നേരിട്ട് ഓണേഴ്സ് കോഴ്സിനു ചേർന്ന ഏതാനും സഭാംഗങ്ങളും പരാജയപ്പെട്ടു. അതിന്റെ വെളിച്ചത്തിൽ, ആരേയും ഇനി ഓണേഴ്സ് കോഴ്സിനു വിടേണ്ടതില്ലെന്നും ഡിഗ്രികഴിഞ്ഞു പോസ്റ്റ്ഗ്രാജ്വേഷനു വിട്ടാൽ മതിയെന്നുമായിരുന്നു സഭാധികാരികളുടെ നിലപാട്.



ഡോ. ശങ്കുണ്ണി: എന്നിട്ട് ?

ഫാ. ഗബ്രിയേൽ: ഇൻറർമീഡിയറിനു റാങ്കോടുകൂടി ഞാൻ പാസ്സായിവന്നപ്പോഴും അധികാരികളും മുൻനിലപാടു മാറി; എന്നെ നേരിട്ട് ഓണേഴ്സ് കോഴ്സിനു വിടാൻ തീരുമാനമായി. 1946 ലാണിതു്. തേവര കോളേജ് തുടങ്ങിയിട്ട് ഒന്നോ രണ്ടോ വർഷമേ ആയിരുന്നുള്ളൂ. വൈദികരായ അധ്യാപകരെ കിട്ടാൻ തേവരയ്ക്കു താല്പര്യമുണ്ടായിരുന്നു. തേവര കോളേജ് അധികൃതരായ ഫാ. സെയിൽസും ഫാ. ഹെഡ്റിയനും എന്റെ കോളേജ് പ്രവേശനത്തിനു മുൻകയ്യെടുത്തു. പ്രസിഡൻസി കോളേജിൽ ഒരു സീറ്റ് എന്നതു് ആലിപ്പഴം കിട്ടുന്നതുപോലെയാണു്. പ്രസിഡൻസിയിലെ വിദ്യാർഥിയെന്നാൽ ഒരു പ്രത്യേക തലയെടുപ്പ് അവകാശപ്പെടാമായിരുന്നു.

ഡോ. ശങ്കുണ്ണി: പ്രിൻസസ് ഓഫ് പ്രസിഡൻസി എന്നല്ലേ അവർക്ക് ഓമനപ്പേരു് ?



ഫാ. ഗബ്രിയേൽ: അങ്ങനെയുമുണ്ട്. ആ അളവിലുള്ള അഭിമാനത്തോടെത്തന്നെ ഞാൻ പ്രസിഡൻസിയിലെത്തി. അക്ഷരാർഥത്തിൽ എനിക്കവിടം ഒരു പുതിയ ആകാശവും പുതിയ ഭൂമിയുമായി എന്നു പറയാം. പാണ്ഡിത്യം തികഞ്ഞ അധ്യാപകർ. വിദ്യാർഥികളെ സ്വതന്ത്രമായി വിടുന്ന കലാലയാന്തരീക്ഷം. വിദ്യാർഥികളോടുള്ള മാന്യമായ പെരുമാറ്റം. വലിയ സ്ഥാപനങ്ങളിലെത്തുമ്പോഴും അവ നമ്മെ ഗുണകരമായി സ്വാധീനിക്കുന്നു. ആ സ്വാധീനം നമ്മെ മറ്റൊന്നാക്കി മാറ്റുന്നു. നാം ഒന്നാകെ ഒരു പരിണാമത്തിനു വിധേയരായിത്തീരുന്നു.

ഡോ. ശങ്കുണ്ണി: അത്തരമൊരു പരിണാമം അങ്ങയിലും വന്നുചേർന്നോ ?

ഫാ. ഗബ്രിയേൽ: ഉവ്വ് എന്നു പറയാൻ എനിക്കഭിമാനമുണ്ട്. ആ അർഥത്തിലാണു് എനിക്കവിടം ഒരു പുതിയ ആകാശവും പുതിയ ഭൂമിയുമായി എന്നു പറയാൻ കാരണം. എന്റെ നിലപാടിലും കാഴ്ചപ്പാടിലും മാറ്റംവന്നു. കാർക്കശ്യത്തിൽ സ്നിഗ്ധതവന്നു. കണിശം പാലിക്കുമ്പോഴത്തന്നെ വിഭിന്നവീക്ഷണം ഉൾക്കൊള്ളാനും ഒരു പരിധിവരെ പഠിച്ചു.

ഡോ. ശങ്കുണ്ണി: ഈ പരിണാമത്തിനു മറ്റെന്തെങ്കിലും കാരണമുണ്ടായിരുന്നോ ?

ഫാ. ഗബ്രിയേൽ: കാലാകാലങ്ങളിൽ ടെസ്റ്റുകളും നടത്തുക, ക്ലാസ്സുമുറിയിൽ ചോദ്യങ്ങളും ഉന്നയിക്കുക എന്നിങ്ങനെ പ്രചോദനം നൽകുന്ന സമ്പ്രദായം പ്രസിഡൻസിയിൽ ഇല്ലായിരുന്നു. മറ്റൊരു കാരണവും ചൂണ്ടിക്കാട്ടാം. പതിനെട്ടുകാരായ എന്റെ സഹപാഠികളും ഓർമശക്തിയിൽ മുപ്പതുകാരനായ എന്നെ കവച്ചുവെച്ചിരുന്നു. ഓണേഴ്സ് കോഴ്സ് കൂടുതൽ ഭാരമുള്ളതാണെന്ന പൊതുവേ ഒരഭിപ്രായമുണ്ടായിരുന്നു. ആ ഭാരം വെല്ലുവിളിയായെടുക്കാൻ എന്നിൽ ഒരു മുഷ്ക് വളർന്നു. ആ വെല്ലുവിളി നിഷ്പ്രയാസം മറികടക്കാം

എന്നൊരു തോന്നൽ എന്നിൽ വേരുറച്ചു. ആ വേരുറപ്പ് ആദ്യത്തെയും രണ്ടാമത്തേയും വർഷം എനിക്കു ബലംതന്നു. ക്ലാസ്സിൽ ഏറ്റവും നല്ല വിദ്യാർഥി എന്ന നിലയിൽ ക്യാഷ് അവാർഡ് ഞാൻ കരസ്ഥമാക്കി. മൂന്നാം വർഷം പക്ഷേ എനിക്കാ പെരുമ നിലനിറുത്താനായില്ല. ചെറുപ്പക്കാരായ എന്റെ സഹപാഠികൾക്ക് എന്നേക്കാൾ ഓർമശക്തിയുണ്ടായിരുന്നു. താരതമ്യപഠനത്തിലും വിമർശനവീക്ഷണത്തിലുമായിരുന്ന എനിക്കു താല്പര്യം. ഈ സാഹചര്യത്തിൽ അവസാനവർഷപരീക്ഷയിൽ എനിക്കു കോളേജിൽ നിന്നു സെക്കൻറ് റാങ്കേ ലഭിച്ചുള്ളൂ.

ഡോ. ശങ്കുണ്ണി: പ്രസിഡൻസിയിലെ രീതിയെക്കുറിച്ച് അപ്പോൾ–

ഫാ. ഗബ്രിയേൽ: ഇല്ല. ബഹുമാനക്കുറവില്ല. അവിടത്തെ അധ്യാപകരെക്കുറിച്ചും അധ്യാപനരീതിയെക്കുറിച്ചും എനിക്കിന്നും അഭിമാനമാണ്. ഞാൻ മുമ്പുപറഞ്ഞതുപോലെ അതെന്റെ പല നിലപാടുകളേയും മാറ്റിമറിച്ചുകളഞ്ഞിരുന്നു. ഒരു പുതിയ അധ്യാപനരീതിയും സ്വാതന്ത്ര്യസംസ്ക്കാരവും എന്നിൽ നട്ടുവളർത്തുകയും ചെയ്തിരുന്നു. അതിന്റെ വെളിച്ചം മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ് പഠനം പൂർത്തിയാക്കി 1949–ൽ ഞാൻ തേവരയിലെത്തുന്നതു– അവിടെ ബയോളജി ഡിപ്പാർട്ടുമെൻറിന്റെ തലവനായി. കൂട്ടത്തിൽ പറയട്ടെ: ശാസ്ത്രത്തിൽ പോസ്റ്റ്ഗ്രാജുവേറ്റ് ബിരുദമെടുക്കുന്ന ആദ്യത്തെ സി എം ഐ സഭാംഗമാണ് ഞാൻ.

ഡോ. ശങ്കുണ്ണി: അധ്യയനം തുടരണമെന്ന് ആശയുണ്ടായിരുന്നോ ?

ഫാ. ഗബ്രിയേൽ: ഒരാശയുണ്ടായിരുന്നു. തുടർന്നു പഠിക്കാനല്ല. രണ്ടോ മൂന്നോ വർഷമെങ്കിലും ഗവേഷണം നടത്താൻ. ഗവേഷണവുമായി കുറേയെങ്കിലും പരിചയപ്പെട്ടിരുന്നാലേ ഒരു പൂർണ അധ്യാപകനാവാൻ കഴിയൂ എന്നാണെന്റെ വിശ്വാസം– അന്നും ഇന്നും. എന്റെ ഈ വിശ്വാസത്തിന്റെ പ്രസക്തിയും ആവശ്യവും മുഴുവനായും ഉൾക്കൊള്ളാൻ അന്നു സഭയിലെ അധികാരികൾക്കായില്ല.


ഡോ. ശങ്കുണ്ണി: ഇന്നിപ്പോൾ ആ നിലപാട് മാറിയിട്ടില്ലേ ?

ഫാ. ഗബ്രിയേൽ: ഉവ്വുവ്വ്. ഇന്നിപ്പോൾ സഭയിൽ കുറഞ്ഞതു നൂറു പേരെങ്കിലും ഗവേഷണംനടത്തി ഡോക്ടറേറ്റ് എടുത്തവരുണ്ട്.

ഡോ. ശങ്കുണ്ണി: ഗവേഷണത്തോടുള്ള ഒരാഭിമുഖ്യം അങ്ങയിൽ അന്തർലീനമായതുകൊണ്ടാണോ അങ്ങുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ–തേവരയിലും ക്രൈസ്റ്റിലും അമലയിലും–റിസർച്ച് സെൻറുകൾ സ്ഥാപിതമായതു് ?

ഫാ. ഗബ്രിയേൽ: അതെ എന്നുപറയാം.


ഡോ. ശങ്കുണ്ണി: ഗവേഷണം നടത്താൻ അങ്ങേയ്ക്കു കഴിഞ്ഞില്ലെങ്കിൽത്തന്നെ, അതുമൂലം അധ്യാപനത്തിൽ എന്തെങ്കിലും ന്യൂനത അനുഭവപ്പെട്ടിരുന്നോ ?



ഫാ. ഗബ്രിയേൽ: സാങ്കേതികമായി പറഞ്ഞാൽ ഞാൻ ഗവേഷണംനടത്തിയിരുന്നില്ലെങ്കിലും എന്റെ അധ്യാപകജീവിതത്തിൽ ഗവേഷണോന്മുഖമായ സമീപനങ്ങളും അന്വേഷണങ്ങളും ഞാൻ തുടന്നും നടത്തിയിരുന്നു.

ഡോ. ശങ്കുണ്ണി: അധ്യാപനവൃത്തിയിൽ അങ്ങേയ്ക്കു സംതൃപ്തിയാണോ ഉള്ളതു് ?

ഫാ. ഗബ്രിയേൽ: വിദ്യാഭ്യാസത്തിലൂടെ യുവാക്കളെ വളത്തിക്കൊണ്ടുവരുന്നു എന്നർഥത്തിൽ എനിക്കു പൂർണ സംതൃപ്തിയാണുള്ളതു്. എന്നെസംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം ഒരു സ്വയംദാനമായിരുന്നു. ആ ദാനത്തിൽ തികച്ചും ഞാൻ സംതൃപ്തനുമാണു്. വിദ്യാർഥികളെ സ്നേഹിക്കുകയെന്നതു് എന്റെ പ്രകൃതമായി. ഇതു മനസ്സിലാക്കിയ വിദ്യാർഥികളും അളവറ്റതോതിൽ എനിക്കു സ്നേഹവും ബഹുമാനവും നൽകി_ സ്വതവേ കർക്കശസ്വഭാവക്കാരനാണെങ്കിലും. എന്റെ വിദ്യാർഥികളുടെ മനസ്സിലാണു് ഞാൻ വളർന്നതു്; ഇന്നും ഞാനവരുടെ മനസ്സിലുണ്ടു്.



ഡോ. ശങ്കുണ്ണി: വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്താവണം എന്നു പറയാമോ ?

ഫാ. ഗബ്രിയേൽ: വിദ്യാർഥികളുടെ സമ്പൂർണ വളച്ച്. ജന്തുശാസ്ത്രത്തിൽ അവഗാഹം വളത്തുക എന്നുള്ള ലക്ഷ്യത്തേക്കാളും ഉപരിയായി അവനെ വളത്തിക്കൊണ്ടുവരിക. എല്ലാ തരത്തിലും_ ശാരീരികമായി, വൈകാരികമായി, ബൗദ്ധികമായി, ആധ്യാത്മികമായി....ജീവിതത്തിൽ വിജയിക്കുന്ന ഉത്തമപൗരന്മാരായി അവരെ വളത്തിയെടുക്കുക.

ഡോ. ശങ്കുണ്ണി: അങ്ങയുടെ എല്ലാ വിദ്യാർഥികളിലും സമ്പൂർണ വളച്ചയെത്തിക്കാൻ അങ്ങേയ്ക്കായിട്ടുണ്ടോ ?

ഫാ. ഗബ്രിയേൽ: നൂറുശതമാനവും എന്നവകാശപ്പെടുന്നില്ലെങ്കിലും ബഹുഭൂരിപക്ഷം വിദ്യാർഥികളെ ഈയളവിലേയ്ക്കു വളത്തിയെടുക്കാനും ജീവിത വിജയത്തിലെത്തിക്കാനും എനിക്കു സാധിച്ചിട്ടുണ്ടു്.

ഡോ. ശങ്കുണ്ണി: ഏതു പഠിക്കാത്തവനും ഗബ്രിയേലച്ചന്റെ കയ്യിൽ പെട്ടാൽ പരുവപ്പെടും എന്നാണു് കേൾവി.

ഫാ. ഗബ്രിയേൽ: അതു ശരിയാണു്. തേവര കോളേജിൽ അന്നു സെക്കൻറ് ഗ്രൂപ്പ് എടുക്കുന്നതു പഠിക്കാൻ ഉദ്ദേശിച്ചുവരുന്ന കൂട്ടികളുമാത്രമാണു്. അവർക്കറിയാം, പഠിക്കാതെ നിവൃത്തിയില്ലെന്നു്. എന്റെ വിദ്യാർഥികളും നന്നായി പഠിച്ചു, നല്ല റാങ്കോടും നല്ല മാർക്കോടുംകൂടി പാസ്സായി, മെഡിക്കൽ കോളേജിലോ മറ്റു് ഉന്നതസ്ഥാനങ്ങളിലോ എത്തിച്ചേരണം എന്നെനിക്കു നിർബന്ധമുണ്ടായിരുന്നു. വിദ്യാർഥികളും അതിൽ പൂർണമായി സഹകരിച്ചിരുന്നു.

ഡോ. ശങ്കുണ്ണി: വിദ്യാർഥികളെ കരകയറ്റിവിടുന്ന ഈ പ്രക്രിയയിൽ എന്തെങ്കിലും പ്രശ്നങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ടോ ?

ഫാ. ഗബ്രിയേൽ: സെക്കൻറ് ഗ്രൂപ്പു വിദ്യാർഥികളും പലരും പരാജയപ്പെടുന്നതു് ഐഛികവിഷയങ്ങളിലല്ലാ, മറിച്ചു് ഇംഗ്ലീഷ് ഭാഷയിലായിരുന്നു എന്നു ഞാൻ മനസ്സിലാക്കി. അതുപോലെത്തന്നെ, അവർക്കു ഫിസിക്സ് പഠിക്കാൻ പ്രയാസമുണ്ടെന്നും അതു ഗണിതശാസ്ത്രത്തിലെ പിന്നോക്കനില മൂലമാണെന്നും തിരിച്ചറിഞ്ഞു. ഇതു രണ്ടും പരിഹരിച്ചാലേ–അതായതു്, ഇംഗ്ലീഷും ഗണിതശാസ്ത്രവും മെച്ചപ്പെട്ടാലേ–ബയോളജി വിദ്യാർഥികളെ കരകയറ്റാനാവൂ എന്നു ബോധ്യപ്പെട്ടു. ഇതു പരിഹരിക്കാനായി, ഇംഗ്ലീഷയിലും ഗണിതശാസ്ത്രത്തിലും അവർക്കു പ്രത്യേക ട്യൂഷൻ ഞാൻതന്നെ ഏർപ്പെടുത്തിക്കൊടുത്തു. അതിന്റെ ഫലം ഉടനടിയുണ്ടായി. ആ വർഷംതന്നെ വിജയശതമാനം നാടകീയമായി വർധിച്ചു. മറ്റേതു കോളേജിനേയും അപേക്ഷിച്ചു തേവരയിലെ കൂടുതൽ വിദ്യാർഥികൾക്കു മെഡിക്കൽ കോളേജിൽ പ്രവേശനംകിട്ടി. 80 പേരുള്ള ഒരു ബാച്ചിലെ 79 പേരും ഡോക്ടർമാരായിത്തീർന്നു എന്നു കേട്ടാൽ അതിശയം തോന്നുമോ ?


ഡോ. ശങ്കുണ്ണി: അതിശയം തോന്നും. അതിലേറെ അഭിമാനവും.

ഫാ. ഗബ്രിയേൽ: മൂന്നു വർഷംകൊണ്ടു ബയോളജി ഡിപ്പാർട്ട്മെൻറിനെ ഒരു സമ്പൂർണ ഡിപ്പാർട്ടുമെൻറായി വളർത്താൻ എനിക്കു കഴിഞ്ഞു. പുതിയ ലബോറട്ടറികളും, ലൈബ്രറി, മ്യൂസിയം എന്നിവ നിർമിച്ചെടുത്തു. ഒരു മാതൃകാ ഡിപ്പാർട്ടുമെൻറായി തേവരയിലെ ബയോളജി ഡിപ്പാർട്ട്മെൻറ് ശ്രദ്ധനേടി. തേവരയിലെ മ്യൂസിയം കേരളത്തിലെ കോളേജുകളിൽ ഏറ്റവും കൂടുതൽ സ്പെസിമെനുള്ള മ്യൂസിയമായി. 1935–ൽ സുവോളജി ഡിഗ്രികോഴ്സ് ആരംഭിച്ചു. ആദ്യത്തെ ബാച്ചു് വിദ്യാർഥികളെ പരീക്ഷിക്കാൻവന്ന പ്രൊഫസർമാർ–ഡോ. ജോഷ്വയും ഡോ. പി. കെ. മേനോനും– കുട്ടികളുടെ നിലവാരംകണ്ടു് അത്ഭുതപ്പെട്ടതുതന്നെ ചെയ്തു. ഈ ആദ്യബാച്ചു് യൂണിവേഴ്സിറ്റിയിലെ ആദ്യത്തെ ഏഴു റാങ്കും കരസ്ഥമാക്കി എന്നാണു് എന്റെ ഓർമ.

ഡോ. ശങ്കുണ്ണി: എന്തായിരുന്നു ഈ വിജയത്തിന്റെ രഹസ്യം ?

ഫാ. ഗബ്രിയേൽ: അധ്യാപനം ക്ലാസ്സുമുറിയിലും ലബോറട്ടറിയിലുംമാത്രമായി ഒതുക്കിനിറുത്താൻ ഞാൻ കൂട്ടാക്കിയില്ല. കടലോരങ്ങളിലും കായലോരങ്ങളിലും ചുറ്റിസഞ്ചരിച്ചു്, ജന്തുക്കളെ അവയുടെ സ്ഥായിസ്ഥാനങ്ങളിൽത്തന്നെ കണ്ടെത്തുകയും നിരീക്ഷിക്കുകയും ചെയ്യുക എന്ന അധ്യാപനരീതി ഞാൻ സ്വീകരിച്ചു. ഇങ്ങനെയുള്ള പുറംവാതിൽ പഠനവേളയിൽ, കപ്പൽ തുളയ്ക്കുന്ന ഒരു പുതിയ ജീവിയെ കണ്ടെത്താൻ ഞങ്ങൾക്കു സാധിച്ചു.


ഡോ. ശങ്കുണ്ണി: ആ ജീവിക്കു ഗബ്രിയേലച്ചന്റെ പേരാണു് ഇട്ടിരിക്കുന്നതു് എന്നു കേട്ടിട്ടുണ്ടു്.



ഫാ. ഗബ്രിയേൽ: ശരിയാണു്. അന്നു മദിരാശി സർവകലാശാലയിൽ ഗവേഷണംനടത്തിയിരുന്ന ഡോ. ബാലകൃഷ്ണൻനായർ ആ ജീവിക്കു **ബാങ്കിയ ഗബ്രിയേലി** എന്നു നാമകരണം ചെയ്തു.

ഡോ. ശങ്കുണ്ണി: ഇത്രയും വിജയപ്രദമായ അധ്യാപനം അവിടെ തുടരാഞ്ഞതെന്തേ ?

ഫാ. ഗബ്രിയേൽ: 1953–ൽ സഭയെ സംബന്ധിച്ചിടത്തോളം നിർണായകമായ ഒരു തീരുമാനമുണ്ടായി. അതുവരെ ഏകഘടകമായി പ്രവർത്തിച്ചിരുന്ന സി എം ഐ സഭ, സെൻറ് ജോസഫ്സ്, സേക്രഡ്ഹാർട്ട്, ദേവമാതാ എന്നിങ്ങനെ മൂന്നു പ്രവിശ്യകളായി അന്നു വിഭജിക്കപ്പെട്ടു. സ്വാഭാവികമായി ദേവമാതാ പ്രവിശ്യാംഗമായ എനിക്കു തൃശ്ശൂരുള്ള ദേവമാതാ പ്രോവിൻസിലേയ്ക്കു പോരേണ്ടിയിരുന്നു. എന്നാൽ, സേക്രഡ്ഹാർട്ട് പ്രോവിൻസ് അധികാരികളുടെ ആവശ്യവും നിർബന്ധവും പരിഗണിച്ചു ഞാൻ പിന്നെയും മൂന്നു വർഷത്തോളം അവിടെ തുടർന്നു- 1956വരെ.



ഡോ. ശങ്കുണ്ണി: ക്രൈസ്റ്റ് കോളേജ് ആരംഭിച്ചപ്പോഴാണു് ദേവമാതാ പ്രവിശ്യയിലേയ്ക്കു പോന്നതു്, അല്ലേ ?

ഫാ. ഗബ്രിയേൽ: പ്രവിശ്യാ വിഭജനത്തോടുകൂടി ദേവമാതയിലും സെൻറ് ജോസഫ്സിലും അതതു പ്രവിശ്യകളുടേതായ കോളേജുകൾ ഇല്ല എന്ന നിലവന്നു. അതതു പ്രദേശത്തുള്ള വൈദിക വിദ്യാർഥികൾക്കു പഠിക്കാനും ഉന്നതവിദ്യാഭ്യാസം ലഭിച്ച അധ്യാപകവൈദികർക്കു് അധ്യാപനംനടത്താനും കോളേജ് സംസ്ഥാപനമല്ലാതെ മറ്റു വഴികളില്ലെന്നായി. ഇതിലേയ്ക്കുള്ള പരിശ്രമം 1954–ൽത്തന്നെ തുടങ്ങി; ദേവമാതാ പ്രവിശ്യയുടെ പരിശ്രമത്തിൻെറ നേതൃത്വം സ്വാഭാവികമായി എനിക്കു് ഏറ്റെടുക്കേണ്ടിവന്നു.

ഡോ. ശങ്കുണ്ണി: ആ പ്രവർത്തനത്തിൻെറ ചരിത്രം വിശദമായി കേൾക്കണം.


ഫാ. ഗബ്രിയേൽ: ദേവമാതാ പ്രവിശ്യയുടെ അതിർത്തിക്കുള്ളിലെ പ്രധാന കേന്ദ്രങ്ങളായ കുന്നംകുളം, ചാലക്കുടി, ഇരിങ്ങാലക്കുട എന്നിവിടങ്ങളും ഞാൻ സന്ദർശിച്ചു; അവരുടെ പ്രതികരണം ആരാഞ്ഞു. കുന്നംകുളത്തുള്ള പൂർവവിദ്യാർഥികളേയും അവരുടെ മാതാപിതാക്കളേയും സമീപിച്ചപ്പോൾ, അവരിൽ പറയത്തക്ക ആവേശം ഉണർന്നു കണ്ടില്ല. അതുപോലെത്തന്നെയായിരുന്നു ചാലക്കുടിയിലും. മറിച്ചു്, ഇരിങ്ങാലക്കുടയിലെ ജനവിഭാഗം വളരെ ആവേശത്തോടെ, വളരെ ഉത്സാഹത്തോടെ ആ നിർദ്ദേശം സ്വീകരിച്ചു് എന്തിനും തയ്യാറെന്നമട്ടിൽ മുന്നോട്ടുവന്നു.

ഡോ. ശങ്കുണ്ണി: ക്രൈസ്റ്റ് കോളേജിൻെറ ചരിത്രം ഇവിടെ തുടങ്ങുന്നു, അല്ലേ ?

ഫാ. ഗബ്രിയേൽ: അതേ. അതിനു് ആമുഖമായി ഒരു കാര്യം പറയട്ടെ. വിദ്യാഭ്യാസസ്ഥാപനങ്ങളും, ആതുരാലയങ്ങളും എന്നിവ

യൊക്കെ പൊതുസ്ഥാപനങ്ങളാണെന്നും അവയുടെ സംസ്ഥാപന ത്തിലും നടത്തിപ്പിലുമെല്ലാം ജനപങ്കാളിത്തം വേണമെന്നും ഞാൻ ഉറച്ചുവിശ്വസിക്കുന്നു. തെർമോമീറ്ററിലെ മെർക്കുറി ഉയരുന്നതു തെർമോമീറ്ററിന്റെ ചൂടുകൊണ്ടല്ല, മറിച്ചു ബഹിർമാധ്യമ ത്തിന്റെ ഊഷ്മാവുകൊണ്ടാണല്ലോ. പൊതുസ്ഥാപനങ്ങളുടെ ഉയർ ച്ചയ്ക്കു ജനപങ്കാളിത്തത്തിന്റെ പിൻബലം വേണ്ടിവരും. ഈ കാഴ്ചപ്പാടിൽനിന്നുകൊണ്ടു ഞാൻ മുൻകയ്യെടുത്തു സ്ഥാപിച്ച ആദ്യ ത്തെ പൊതുസ്ഥാപനമാണു് ഇരിങ്ങാലക്കുടയിലെ ക്രൈസ്റ്റ് കോളേജ്. നാട്ടുകാർ ത്യാഗംചെയ്തുണ്ടാക്കുന്ന സ്ഥാപനം നാട്ടു കാക്കുവേണ്ടി നിലകൊള്ളണം എന്നാണു് എന്റെ തത്വശാസ്ത്രം. ഇതു ഞാൻ ആദ്യമായി നടപ്പാക്കിയതും ക്രൈസ്റ്റ് കോളേജിലാ ണു്. അതിന്റെ വിജയം എനിക്കു് ആത്മവിശ്വാസം പകർന്നതന്നു. ആ ആത്മവിശ്വാസത്തിന്റെ പിൻബലത്തിൽ മറ്റുസ്ഥലങ്ങ ളിലും മേഖലകളിലും ഞാൻ ഇതേ സമീപനം സ്വീകരിച്ചു.

ഡോ. ശങ്കുണ്ണി: നമുക്കു് ഇരിങ്ങാലക്കുടയിലേയ്ക്കു മടങ്ങുക.



ഫാ. ഗബ്രിയേൽ: ഇരിങ്ങാലക്കുടയിൽ ജനസമ്പർക്കത്തിനു തുടക്കം കുറിച്ചതു കണ്ടംകുളത്തിൽ ശ്രീ. കെ. പി. ജോൺവഴിയായിട്ടാ ണു്. ഇദ്ദേഹം തേവര കോളേജിൽ വന്നപ്പോഴം, അന്നവിടെ കെമിസ്ട്രി വിഭാഗം തലവനായി പ്രവർത്തിച്ചിരുന്ന പ്രൊ. എം. പി. വർഗീസ്വഴി ഞാനുമായി ബന്ധപ്പെട്ട കാര്യം ഓർമ യിലെത്തുന്നു. കോളേജിന്റെ കാര്യം സംസാരിച്ചു. പിന്നീടു ശ്രീ. ജോണിന്റെ വീട്ടിൽപ്പോയി. അദ്ദേഹത്തിന്റെ ഇളയപ്പനും എല്ലാ പൊതുകാര്യങ്ങളിലും ഇടപെട്ടു ജനസമ്മതിനേടിയിട്ടുള്ള ആളുമായ ശ്രീ. കെ. എൽ. ഫ്രാൻസിസുമായി ബന്ധപ്പെട്ടു. ഈ ബന്ധമാണു് ക്രൈസ്റ്റ് കോളേജ് രൂപപ്പെടാൻ ബീജാവാപംനട ത്തിയതെന്നു ഞാൻ കരുതുന്നു. ആ ബീജം മുളച്ചു, വളർന്നു, പന്ത ലിച്ചു. എല്ലാം ആ ബന്ധത്തിന്റെ തണലിലാണു്. സുദൃഢമായ ആ ബന്ധം എനിക്കു് ഉത്തേജനവും ആത്മവിശ്വാസവും പ്രദാനം ചെയ്തു. നാട്ടിലെ ഏതാനും പ്രമുഖരുമായി കൂടിയാലോചിച്ചു്, അന്നു ദേവമാതാ പ്രവിശ്യയുടെ പ്രൊവിൻഷ്യാളായ ഫാ. ക്ലെമൻ സ് തോട്ടങ്ങലിനെ സമീപിച്ചു. അഴീക്കോട്ടുള്ള തീർഥാടനകേ ന്ദ്രത്തിന്റെ സംസ്ഥാപനത്തിൽ താനുമായി സഹകരിച്ച ഇരി ങ്ങാലക്കുടക്കാരുടെ ആവശ്യം അനുഭാവപൂർവമാണു് ഫാ. ക്ലെമൻ സ് സ്വീകരിച്ചതു്. തന്നേയുമല്ല, തേവര കോളേജിലെ പ്രിയോ രായി മൂന്നു വർഷത്തെ പരിചയമുണ്ടായിരുന്നതുകൊണ്ടു കോളേജ് നടത്തിപ്പിനെപ്പറ്റി അദ്ദേഹത്തിനു് ആത്മവിശ്വാസമുണ്ടായി രുന്നു.

ഡോ. ശങ്കുണ്ണി: കാര്യങ്ങൾ ഏറെ സുഗമമായി എന്നർഥം. അല്ലേ?

ഫാ. ഗബ്രിയേൽ: വിചാരിച്ചത്രയ്ക്കും സുഗമമായില്ല എന്നതാണു് സത്യം. ഇരിങ്ങാലക്കുടക്കാരുടെ ആവശ്യം ദേവമാതാ പ്രവിശ്യാ കൗൺസിലിൽ പര്യാലോചനയ്ക്കു വന്നപ്പോഴം, ഒരു കക്ഷിമായ നിലപാടാണു് കൗൺസിൽ സ്വീകരിച്ചതു്. ദാനമായി അമ്പതേ ക്കർ സ്ഥലവും ഒരുലക്ഷം രൂപയും ലഭിച്ചതിനുശേഷമേ ഇതിലേ

യ്ക്കിറങ്ങാവൂ എന്നായിരുന്നു കൗൺസിലിന്റെ നിബന്ധന. 1954-ലെ നിലവെച്ചുനോക്കുമ്പോൾ ഈ സംഖ്യ എത്ര ഭീമമാണ് എന്നൂഹിക്കാമല്ലോ. ഇരിങ്ങാലക്കുടപോലുള്ള ഒരു ചെറിയപട്ടണത്തിൽനിന്നു് ഇത്രയും വലിയൊരു സംഖ്യ സമാഹരിക്കുകതികച്ചും ദുഷ്കരമായിരുന്നു. അതുകൊണ്ടു്, കോളേജ് സംസ്ഥാപനം എന്ന ആശയം തൽക്കാലം സ്തംഭിക്കുകയാണുണ്ടായതു്.

ഡോ. ശങ്കുണ്ണി : എന്നിട്ടോ ?


ഫാ. ഗബ്രിയേൽ: ഫാ. ക്ലെമൻസിനു് കോളേജ്സംസ്ഥാപനം എന്ന ആശയത്തോടു് മനസ്സിൽ അനുഭാവമുണ്ടായിരുന്നു. ആ പശ്ചാത്തലത്തിൽ, ഞാനദ്ദേഹവുമായി സംസാരിച്ചു് ഒരു പുതിയ സമീപനം കൈക്കൊണ്ടു. അതിനു മുന്നോടിയായി, കോളേജ് പ്രസ്ഥാനത്തിനോടു താല്പര്യമുണ്ടായിരുന്ന ബഹു. സഹായിം അച്ചനെ തലോരിൽനിന്നു പുല്ലൂരിലേയ്ക്കു സ്ഥലംമാറ്റിച്ചു. എല്ലാ ആഴ്ചയിലും ഞാൻ തേവരയിൽനിന്നു പുല്ലൂരിലെ ഭവനത്തിലെത്തി, പൊതുജനസമ്പർക്കം പുലർത്തിപ്പോന്നു; കോളേജ് സംസ്ഥാപനത്തിനു് ഒരു പുതിയ തന്ത്രം ആവിഷ്കരിച്ചു ജനങ്ങളെ അതിനുവേണ്ടി ഇറക്കി. മുമ്പേ പുല്ലൂരിൽ ആരംഭിക്കാനുദ്ദേശിച്ച സ്ഥാപനം ഇരിങ്ങാലക്കുടയിലേയ്ക്കു മാറ്റുക. അതിനാവശ്യമുള്ള പത്തേക്കർ സ്ഥലം നാട്ടുകാർ ദാനമായി തരിക. ഒരു ഹൈസ്കൂളെങ്കിലും സ്ഥാപിച്ചു തരിക. നിബന്ധനകളും ഒന്നുമില്ല.

ഡോ. ശങ്കുണ്ണി : ആ തന്ത്രം ഫലിച്ചു, അല്ലേ ?

ഫാ. ഗബ്രിയേൽ : ഒരു സ്ഥലത്തെ ജനങ്ങളും അവിടെ ഞങ്ങളുടെ ഒരു സ്ഥാപനം ആവശ്യപ്പെട്ടു്, യാതൊരു നിബന്ധനയുമില്ലാതെ, പത്തേക്കർ സ്ഥലം തരാമെന്നു വാക്കുപറഞ്ഞു മുന്നോട്ടു വന്നാൽ, ജനസേവനത്തിനുവേണ്ടി അർപ്പിതമായിരിക്കുന്ന ഒരു സന്ന്യാസസമൂഹത്തിനു് അതു നിരാകരിക്കാനാവുമോ? ആ സാഹചര്യത്തിൽ പ്രൊവിൻഷ്യൽ കൗൺസിലിൽനിന്നു് ഇരിങ്ങാലക്കുട സ്ഥാപനത്തിനു പച്ചക്കൊടിയായി. എന്റെ മനസ്സിൽ — ഫാ. ക്ലെമൻസിന്റെ മനസ്സിലും-അന്തർലീനമായിക്കിടന്നിരുന്നതു് ഒരു ഒന്നാം ഗ്രേഡ് കോളേജ്തന്നെയായിരുന്നു. അതിനുള്ള ശ്രമം തകൃതിയായി നടന്നു. പുല്ലൂരിലെ സ്ഥാപനം ഇരിങ്ങാലക്കുട ടൗണിലേയ്ക്കു മാറ്റി സ്ഥാപിക്കുന്നതിനു തൃശ്ശൂർരൂപതാധ്യക്ഷന്റെ അനുമതി ആവശ്യമായിരുന്നു. അല്പം പ്രയാസമുള്ള ഇക്കാര്യം നാട്ടുകാർ തന്നെ പോയി ബിഷപ്പിനെ കണ്ടു സാധിച്ചെടുത്തു.

ഡോ. ശങ്കുണ്ണി : സമ്പർക്കമാധ്യമത്തിന്റെ ചൂടു്, തെർമോമീറ്ററിലെ രസത്തിന്റെ ഉയരം വർദ്ധിപ്പിച്ചുതുടങ്ങി, അല്ലേ ?

ഫാ. ഗബ്രിയേൽ : അതേ. ഏറെ താമസിയാതെ, കോളേജ് സംസ്ഥാപനത്തിനായി വിപുലമായ ഒരു ജനകീയക്കമ്മിറ്റിരൂപംകൊണ്ടു. അഡ്വക്കേറ്റ് രാമകൃഷ്ണയ്യരായിരുന്ന അധ്യക്ഷൻ; കെ. എൽ. ഫ്രാൻസിസ് സെക്രട്ടറിയും. ഈ കമ്മിറ്റി, കോളേജിനോടു നാട്ടുകാർക്കു് അനുഭാവവും ഉത്സാഹവും വളത്താനും



അവരുടെ സഹായസഹകരണങ്ങളും സമാഹരിക്കാനും ഊർജിതയത്നംനടത്തി. കോളേജിനാവശ്യമായ സ്ഥലം പട്ടണത്തിനുള്ളിലെ മങ്ങാടിക്കുന്നിൽ വാങ്ങി, അവിടത്തെ കുടികിടപ്പുകാരെ ഒഴിപ്പിച്ചു പുനരധിവസിപ്പിച്ചു. എല്ലാം ശ്രീ. കെ. എൽ. ഫ്രാൻസിസിന്റെ നിസ്തുലയത്നത്തിന്റെ ഫലമായിരുന്നു. മുനിസിപ്പാലിറ്റി വകയായുണ്ടായിരുന്ന 17 ഏക്കർ സ്ഥലവും സർക്കാർ വിട്തന്നു. മൊത്തം 62 ഏക്കർ സ്ഥലമായിരുന്നു അന്നു ക്രൈസ്റ്റ് കോളേജിന്റെ കാമ്പസ്. ഇതിന്റെ പണം മുഴുവൻ നാട്ടുകാരുടെ സംഭാവനയാണു്.

ഡോ. ശങ്കുണ്ണി: നമ്മുടെ ചിന്തയ്ക്കൊത്തു നാട്ടുകാരുടെ കൈകളെ ചലിപ്പിക്കുക, അല്ലേ?


ഫാ. ഗബ്രിയേൽ : അതേ. കോളേജിന്റെ കെട്ടിടവും പരിസരവും ഇരിങ്ങാലക്കുടക്കാർക്കു് അഭിമാനംതോന്നത്തക്കവണ്ണം മനോജ്ഞവും മനോഹരവുമായിരിക്കണം എന്നെനിക്കു നിർബന്ധമുണ്ടായിരുന്നു. ഗാംഭീര്യമിയലുന്ന അതിന്റെ ശില്പചാതുര്യം ഒരു ഇരുപത്തഞ്ചു വർഷത്തേയ്ക്കെങ്കിലും കാലഹരണപ്പെടാതെ നില്ക്കണമെന്നും ഞാൻ മനസ്സിൽ കണ്ടു. ഇതെല്ലാംവെച്ചു് ആദ്യമേ ചെയ്തതു്, വിശാലമായ കാമ്പസ് മുഴുവൻ ഉൾക്കൊള്ളുന്ന ഒരു മാസ്റ്റർ പ്ലാൻ തയാറാക്കുകയായിരുന്നു. എൻജിനിയർമാരായ ശ്രീ. പോൾ പോത്തനേറയും ശ്രീ. ഇ. ജി. പണിക്കരുടേയും സഹായത്തോടെ കോളേജിന്റെ സ്കെച്ചും പ്ലാനും ശരിപ്പെടുത്തി. കോളേജ് കെട്ടിടംതന്നെ, പല ഘട്ടങ്ങളിലായി പൂർത്തിയാക്കുംവിധമായിരുന്നു സംവിധാനംചെയ്തിരുന്നതു്.

ഡോ. ശങ്കുണ്ണി : എന്തായിരുന്നു അതിന്റെ പിന്നിൽ ?

ഫാ. ഗബ്രിയേൽ : അതോ ? വലിയൊരു കോളേജാണു് വിഭാവനം ചെയ്യുന്നതെന്ന ആശയം നാട്ടുകാരുടെ ഇടയിൽ ഉണ്ടാവണം; അതിന്റെ ഫലമായി അവരുടെ ഉത്സാഹവും സഹകരണവും ഉറപ്പുവരുത്തണം. അതേസമയം, ഓരോ ഘട്ടത്തിലും സഞ്ചയം വഹിക്കാൻ കഴിയാത്തഭാരം ചുമലിലേറുന്നു എന്ന ഭീതി സഭാംഗങ്ങളിൽ വരാതിരിക്കുകയും വേണം. 1955-ൽത്തന്നെ ട്രാവൻകൂർ യൂണിവേർസിറ്റിയിലേയ്ക്കു് അനുവാദത്തിനെഴുതി. ആ വർഷംതന്നെ അതിനുള്ള കമ്മീഷൻ — സിൻഡിക്കേറ്റംഗമായ ശ്രീ. ടി. സി. ശങ്കരമേനോൻ-വന്നു സ്ഥലപരിശോധനനടത്തി, അംഗീകാരം നൽകി. 1956 ജൂൺ 16-നു ക്രൈസ്റ്റ് കോളേജ് പ്രവർത്തനം തുടങ്ങി.

ഡോ. ശങ്കുണ്ണി : ആരായിരുന്നു ആദ്യപ്രിൻസിപ്പാൾ ?

ഫാ. ഗബ്രിയേൽ : ഞാനായിരുന്നു. എന്നേക്കാൾ സീനിയറായ വേറെ വൈദികരുണ്ടായിരുന്നുവെങ്കിലും ഞാൻതന്നെ പ്രിൻസിപ്പാളായി കോളേജിനെ നയിച്ചു്, വളർത്തിക്കൊണ്ടുപോരണമെന്നു പ്രവിശ്യാകൗൺസിലിൻ നിർബന്ധമായിരുന്നു. തേവര കോളേജിലെ ഏഴു വർഷത്തെ അധ്യാപനപരിചയമേ അന്നെനിക്കുണ്ടാ



യിരുന്നുള്ളൂ—മൂന്നു വർഷം ലക്ചററായും നാലു വർഷം പ്രൊഫസറായും.


ഡോ. ശങ്കുണ്ണി : അന്നു് അങ്ങേയ്ക്കു് എത്ര പ്രായമുണ്ടു്?

ഫാ. ഗബ്രിയേൽ : നാല്പത്തൊന്നു വയസ്സു്. ഇത്രയും ചെറുപ്പത്തിൽ പ്രിൻസിപ്പാളം ആയിട്ടുള്ള മറെറാരാളേ സഭയിലുള്ളൂ – ബഹു. കരിപ്പാപ്പറമ്പിൽ തിയോഡോഷ്യസ് അച്ചൻ.

ഡോ. ശങ്കുണ്ണി: ആരംഭത്തിൽ ക്രൈസ്റ്റിൽ എത്ര വിദ്യാർഥികളുണ്ടായിരുന്നു? എത്ര അധ്യാപകരുണ്ടായിരുന്നു? എത്ര ക്ലാസ്സുണ്ടായിരുന്നു?

ഫാ. ഗബ്രിയേൽ: 244 വിദ്യാർഥികളം. 14 അധ്യാപകർ. പ്രീയൂണിവേർസിററിക്കുള്ള 3 ഡിവിഷൻ.

ഡോ. ശങ്കുണ്ണി: ക്രൈസ്റ്റ്കോളേജ് കോംപ്ലെക്സ് എന്ന പുതിയ സ്ഥാപനം ഇരിങ്ങാലക്കുടയിൽ തുടങ്ങുന്നതിൽ വേറെ എന്തെങ്കിലും പ്രശ്നങ്ങളോ ബുദ്ധിമുട്ടോ അനുഭവിക്കേണ്ടിവന്നിട്ടുണ്ടോ?



ഫാ. ഗബ്രിയേൽ: ഏതു സ്ഥാപനത്തിന്റെ സംസ്ഥാപനത്തിലും പ്രാരംഭത്തിൽ ബാലാരിഷ്ടതകളം ഉണ്ടാകും. ക്രൈസ്റ്റിന്റെ കാര്യത്തിൽ ആശ്രമത്തിന്റെ സ്ഥാനം നിശ്ചയിക്കുന്നതിൽ കാര്യമായ അഭിപ്രായവ്യത്യാസമുണ്ടായി എന്ന കാര്യം തുറന്നു പറയാതിരിക്കാൻ പറ്റുകയില്ല. ആദ്യകാലചർച്ചയിൽ കോളേജ് കെട്ടിടം ക്യാമ്പസ്സിന്റെ വടക്കുഭാഗത്തുള്ള കുന്നിൽ സ്ഥാപിക്കണമെന്നായിരുന്നു ധാരണ. ആശ്രമഭവനം തെക്കുഭാഗത്തുള്ള കുന്നിലും. എന്നാൽ കോളേജുമന്ദിരം വടക്കേഭാഗത്തേയ്ക്കുമാററിയാൽ ടൗൺവഴി വരുന്ന ഭൂരിപക്ഷം വിദ്യാർഥികളും അതു ബുദ്ധിമുട്ടുണ്ടാക്കുമെന്നു മനസ്സിലാക്കി, കോളേജ്കെട്ടിടം തെക്കേഭാഗത്തുള്ള കുന്നിലേയ്ക്കും ആശ്രമകെട്ടിടം വടക്കേ ഭാഗത്തുള്ള കുന്നിലേയ്ക്കും മാററണമെന്നു ധാരണയുണ്ടായി, ഇതിൻപ്രകാരം കോളേജ്കെട്ടിടത്തിന്റെ സ്ഥാനനിർണയം ചെയ്തു കഴിഞ്ഞപ്പോൾ അതു് ഉദ്ദേശിച്ചതിനേക്കാൾ വളരെയധികം തെക്കോട്ടുമാറിപ്പോവുകയും അതിന്റെ ഫലമായി ആശ്രമത്തിന്റെയും കോളേജിന്റെയും ഇടയിലുള്ള സ്ഥലം വളരെ അകന്നുപോവുകയും ചെയ്തു. ഇതു് ആദ്യം വിഭാവനംചെയ്യാൻ പറ്റിയിരുന്നില്ല. ഇത്ര വലിയ അകൽച്ച, ആശ്രമത്തിൽ താമസിച്ചു പഠിപ്പിക്കുന്ന അധ്യാപകരായ വൈദികർക്കു ബുദ്ധിമുട്ടുണ്ടാക്കും എന്നു മനസ്സിലാക്കി വടക്കേഭാഗത്തു സ്ഥാപിച്ച ആശ്രമഭവനം ക്യാമ്പസിന്റെ മധ്യഭാഗത്തേയ്ക്കു മാറണമെന്ന അഭിപ്രായം പൊന്തിവന്നു. എന്നാൽ ഒരിക്കൽ നിശ്ചയിച്ചസ്ഥാനം മാറുക എന്നതു് അന്നത്തെ പ്രൊവിൻഷ്യലായ ബഹു. ക്ലെമൻസച്ചനു തീരെ സ്വീകാര്യമായില്ല. പിന്നീടു് അധികാരത്തിൽവന്ന ബഹു. ഫാ. ഫ്ളേവിയനും ക്ലെമൻസച്ചന്റെ ഇംഗിതത്തിനു വിപരീതമായി പ്രവർത്തിക്കാൻ സന്നദ്ധനായില്ല. ഈ നിലപാടു വലിയ ബുദ്ധിമുട്ടിനും തെററിദ്ധാരണകൾക്കും മനഃപ്രയാസത്തിനും കാരണമായി. 1960–ൽ സ്ഥാപിച്ച ക്രൈസ്റ്റ് ആശ്രമം പിന്നീടു് പ്രൊവിൻഷ്യലായിവന്ന ബഹു.

മലാക്കിയസ് അച്ചന്റെ കാലത്തു് 1964-ൽ കോളേജിന്റെ അടുത്തുള്ള സ്ഥാനത്തേയ്ക്കു മാറ്റി സ്ഥാപിച്ചതോടെയാണു് ഈ പ്രശ്നം പരിഹൃതമായതു്.

ഡോ. ശങ്കുണ്ണി: കോളേജിന്റെ സംസ്ഥാപനത്തിൽ എന്തെങ്കിലും പ്രത്യേക കാഴ്ചപ്പാടു വെച്ചുപുലത്താൻ ശ്രമിച്ചിരുന്നോ ?

ഫാ. ഗബ്രിയേൽ: എന്റെ കാഴ്ചപ്പാടിൽ വിദ്യാർഥികളാണു് കോളേജ്. മാനേജ്മെന്റും അധ്യാപകരുമെല്ലാം വിദ്യാർഥികളെ സേവിക്കാനുള്ളവരാണു്. ഈ സേവനശ്രൃംഖലയിൽ മുൻപന്തിയിൽ അധ്യാപകരാണല്ലോ. അതുപോലെത്തന്നെ കോളേജിന്റെ അന്തരീക്ഷത്തിനും സജ്ജീകരണങ്ങൾക്കും അവയുടേതായ പ്രാധാന്യമുണ്ടു്. ക്രൈസ്റ്റ് കോളേജിന്റെ മുന്നിലെ വിശാലമായ പൂന്തോട്ടവും മൃഗശാലയും മറ്റും ഈ പശ്ചാത്തലത്തിൽവേണം വിലയിരുത്താൻ.

ഡോ. ശങ്കുണ്ണി: കോളേജ് ആരംഭിക്കുമ്പോൾ, കോളേജിന്റെ നിർമാണം പൂർത്തിയായിരുന്നോ ?


ഫാ. ഗബ്രിയേൽ: പ്രധാനകെട്ടിടത്തിന്റെ മുക്കാൽഭാഗവും അന്നു തീർന്നിരുന്നു. അതിന്റെ എല്ലാ പണിയും പൂർത്തിയാക്കി 1957 ഒക്ടോബറിൽ അന്നു കേരള ഗവർണറായിരുന്ന ബഹു. ബി. രാമകൃഷ്ണറാവു ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു.

ഡോ. ശങ്കുണ്ണി: ഒരു ജനവിഭാഗത്തിന്റെ സ്വപ്നം സഫലമായി, അല്ലേ ?

ഫാ. ഗബ്രിയേൽ: നാട്ടുകാർ ത്യാഗംചെയ്തുണ്ടാക്കിയ ഒരു സ്ഥാപനം. അതു നാട്ടുകാക്കുവേണ്ടി നിലകൊള്ളണമെന്നും നാട്ടുകാരുടെ അഭിമാനഭാജനമായി നിലകൊള്ളണമെന്നും ഞാനാഗ്രഹിക്കുന്നു. ഗംഭീരങ്ങളായ കെട്ടിടങ്ങളും മനോഹരങ്ങളായ എടുപ്പുകളുമല്ല പ്രധാനം.

ഡോ. ശങ്കുണ്ണി: പിന്നേയോ ?


ഫാ. ഗബ്രിയേൽ: ഞാൻ മുമ്പേ പറഞ്ഞില്ലേ ? വിദ്യാർഥികളാണു് കോളേജ്. മനോഹരങ്ങളായ കെട്ടിടങ്ങളേക്കാളും പ്രാധാന്യം നൽകേണ്ടതു്, വിദ്യാർഥികളുടെ സമ്പൂർണമായ വളർച്ചയ്ക്കാവശ്യമായ സജ്ജീകരണങ്ങൾക്കാണു്. പ്രഗല്ഭരായ അധ്യാപകർ, ആധുനികഗ്രന്ഥങ്ങളുൾക്കൊള്ളുന്ന ലൈബ്രറി, സുസജ്ജമായ ലബോറട്ടറികൾ, സൗകര്യപ്രദമായ ഹോസ്റ്റൽ, വിശാലമായ കളിസ്ഥലങ്ങൾ, കലാ-കായിക പരിശീലനത്തിനുള്ള സൗകര്യങ്ങൾ, വിദ്യാർഥിക്ഷേമത്തിനുതകുന്ന സംവിധാനങ്ങൾ.... ഇതിന്റെ പൊലിമയാണു് ക്രൈസ്റ്റ് കോളേജിനെ ക്രൈസ്റ്റ് കോളേജാക്കിത്തീർത്തതു്. രാജ്യത്തിനും സമൂഹത്തിനും ഉപകരിക്കുന്ന ഉത്തമ പൗരന്മാരും ധാർമികമൂല്യമുറ്റവരുമായി വിദ്യാർഥികൾ വളർന്നുവരണമെന്ന നിർബന്ധമുണ്ടു്. അവരെ ആ നിലയിലേയ്ക്കു വളർത്തിയെടുക്കുന്ന പ്രക്രിയയാണു് വിദ്യാഭ്യാസത്തിലൂടെ നടക്കേ



ണ്ടത്. യു ജി സി യുടെ വിദഗ്ധകമ്മീഷന്റെ വിലയിരുത്തലിൽ ക്രൈസ്റ്റ് കോളേജിനെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഉത്തുംഗശൃംഗത്തിലേയ്ക്കുയർത്തിയതു് ഈ നിർബന്ധങ്ങളും നിബന്ധനകളുമാണു്. മികച്ച വിജയശതമാനംകൊണ്ടുമാത്രം തൃപ്തിപ്പെടാതെ, വിദ്യാർഥികളുടെ ബഹുമുഖമായ വളർച്ചയിൽ– കായികമായും കലാപരമായും വൈകാരികമായുമുള്ള വളച്ചയിൽ കണ്ണുനട്ടുകൊണ്ടു് അവരെ സമ്പൂർണ മനുഷ്യരാക്കി വളർത്തിയെടുക്കാനുള്ള സൗകര്യങ്ങളെല്ലാം ഒരുക്കിവെയ്ക്കണമെന്നുള്ള നിർബന്ധം....

ഡോ. ശങ്കുണ്ണി: ഇതങ്ങേയ്ക്കു നിഷ്പ്രയാസം സാധ്യമായതെങ്ങനെ ?

ഫാ. ഗബ്രിയേൽ: അതിപ്രഗല്ഭരായ എന്റെ സഹപ്രവർത്തകർ വഴി. പരേതനായ ഷെവലിയർ ജോസഫ്പെട്ടയും ആദ്യത്തെ അധ്യാപകരിൽപ്പെട്ട റവ. ഫാ. ലാസർ, ഫാ. ഡിസ്മാസ് എന്നിവരും പിന്നീടു കാലാകാലങ്ങളിൽ ക്രൈസ്റ്റിൽ സേവനമർപ്പിച്ച അധ്യാപകപ്രമുഖരും എനിക്കു നൽകിയ സഹകരണത്തിന്റെ ശീതളിമ ഇന്നും മനസ്സിൽ തളിരിട്ടുനില്ക്കുന്നു. നല്ല അധ്യാപകരുടെ സേവനവും നല്ല അന്തരീക്ഷവും കൈവന്നതിന്റെ ഫലമായി ഭൗതികമണ്ഡലത്തിലും ആധ്യാത്മികമണ്ഡലത്തിലും കിടയറ്റ പരിശീലനം നൽകാൻ ക്രൈസ്റ്റിനു കഴിഞ്ഞു.



ഡോ. ശങ്കുണ്ണി: ആദ്യകാലത്തു് കായികരംഗത്തെ ക്രൈസ്റ്റിന്റെ സംഭാവനകളും ജനശ്രദ്ധ ഏറെ ആകർഷിച്ചിരുന്നുവല്ലോ. ഇതിന്റെ പശ്ചാത്തലം ഒന്നു വിവരിക്കാമോ ?

ഫാ. ഗബ്രിയേൽ: ഞാൻ ഒരു സ്പോർട്സ്പ്രേമിയായിട്ടാണ് അറിയപ്പെട്ടിരുന്നതു്. അതു് എന്റെ സ്വഭാവത്തിന്റെ ഭാഗമാണു് എന്നതിനെക്കാളും കൂടുതലായി, സ്പോർട്സ്പ്രേമികളായ വിദ്യാർഥികളെക്കൂടി പ്രതിനിധീകരിക്കേണ്ട പ്രിൻസിപ്പലാണു് എന്ന ബോധമാണു് എന്നെ ഭരിച്ചിരുന്നതു്. പരീക്ഷാഫലത്തിൽമാത്രം ഊന്നൽനൽകുന്ന വിദ്യാഭ്യാസരീതി അപൂർണവും വികലവുമാണു് എന്നാണെന്റെ അഭിപ്രായം. അതുകൊണ്ടു്, കലയ്ക്കും കായികവിനോദത്തിനും അർഹമായ പരിഗണന ആദ്യം മുതൽക്കേ ക്രൈസ്റ്റിൽ നൽകിയിരുന്നു.


ഡോ. ശങ്കുണ്ണി: ഈ രംഗത്തെ സംഭാവനകളും ?

ഫാ. ഗബ്രിയേൽ: സർവകലാശാലയ്ക്കും സംസ്ഥാനത്തിനും അനേകം താരങ്ങളെ സ്ഥിരമായി സംഭാവനചെയ്തുകൊണ്ടിരുന്ന പാരമ്പര്യം ക്രൈസ്റ്റ് നിലനിറുത്തിപ്പോന്നു. ഇതിനു വേദിയൊരുക്കാൻവേണ്ടിയാണു് കണ്ടംകുളത്തിൽ ലോനപ്പൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ് 1956–ൽത്തന്നെ ആരംഭിച്ചതു്. പിൽക്കാലത്തു ഡിഗ്രി കോഴ്സിനു ഫിസിക്കൽ എജ്യുക്കേഷൻ ഐച്ഛികമായെടുക്കാവുന്ന സംസ്ഥാനത്തെ ഏകകോളേജായി ക്രൈസ്റ്റിനു വളരാൻ സാധ്യമായതു കായികവിദ്യാഭ്യാസത്തിനു് ആരംഭം മുതൽക്കേ കൊടുത്ത ഈ അടിത്തറയുടെ ഫലമാണു്. കലാരംഗ

ത്താണെങ്കിൽ, സർവകലാശാലാ യുവജനോത്സവത്തിൽ ഒന്നാം സ്ഥാനം പലവട്ടം ക്രൈസ്റ്റ് കരസ്ഥമാക്കിയിട്ടുണ്ട്.

ഡോ. ശങ്കുണ്ണി: എത്രാംവർഷത്തിലാണ് ക്രൈസ്റ്റിൽ ഡിഗ്രി കോഴ്സ് തുടങ്ങിയത് ?

ഫാ. ഗബ്രിയേൽ: 1957-ൽ. അതായത് തുടങ്ങിയതിന്റെ പിറ്റേ വർഷംതന്നെ. മാത്തമാറ്റിക്സ്, കെമിസ്ട്രി, സുവോളജി, എക്കണോമിക്സ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ ബിരുദനിലവാരത്തിൽ ക്ലാസ്സുകൾ തുടങ്ങി. 1960-ൽ ബിരുദാനന്തരകോഴ്സുകൾ തുടങ്ങി- കെമിസ്ട്രിയിലും സുവോളജിയിലും കോമേഴ്സിലും. ആരംഭിച്ച് അഞ്ചാം വർഷംതന്നെ മൂന്നു വിഷയങ്ങളിൽ ബിരുദാനന്തരകോഴ്സ് ആരംഭിച്ച ഏക കോളേജാണ് ക്രൈസ്റ്റ് കോളേജ്. ദശവത്സരാഘോഷമാവുമ്പോഴേയ്ക്കും ക്രൈസ്റ്റ് ഒരു മാതൃകയായി; യൂണിവേർസിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ വിലയിരുത്തലിൽ ഇന്ത്യയിലെ ഒന്നാംകിട കോളേജായി.



ഡോ. ശങ്കുണ്ണി: അല്ലാവുദ്ദീൻ തന്റെ വിളക്കൊന്നു തിരിച്ചപ്പോഴേ അത്ഭുതം ഉയിർകൊണ്ട കഥ അറബിക്കഥകളിലുണ്ട്. അതുപോലുള്ള അത്ഭുതമാണ് ഗബ്രിയേലച്ചൻ മങ്ങാടിക്കുന്നിൽ വിളയിച്ചത്. പക്ഷേ അതത്ര അനായാസമായിരുന്നില്ല എന്നു വ്യക്തം. ഇതെങ്ങനെ സാധിച്ചു എന്നു വിവരിക്കാമോ ?

ഫാ. ഗബ്രിയേൽ: അത്ഭുതത്തിന്റെ ഉള്ളുറകൾ തുറന്നുകാട്ടിയാൽ അതിലെ 'ത്രിൽ' നഷ്ടപ്പെടുകയില്ലേ ? ഞാൻ അത്ഭുതമൊന്നും കാട്ടിയിട്ടില്ല എന്നതിനാൽ ഇതിന്റെ ഉള്ളുറ തുറക്കാൻ എനിക്കു മടിയില്ല. ക്രൈസ്റ്റ് കോളേജ് വിജയകരമായി നടത്തിക്കൊണ്ടുപോരാൻ അനുകൂലസാഹചര്യങ്ങളേറെ എനിക്കു കൂട്ടായിനിന്നിരുന്നു. സംസ്ഥാപനത്തിലെന്നപോലെ കോളേജിന്റെ നടത്തിപ്പിലും നാട്ടുകാർ ശക്തമായ പിൻബലംതന്നുപോന്നു. ഞാൻ വിദ്യാർഥികളുടെ ഒരു സുഹൃത്താണെന്ന കാര്യം വിദ്യാർഥികൾക്കറിയാമായിരുന്നു. അതുകൊണ്ട് അവരിൽനിന്നെനിക്കു ബഹുമാനവും ആദരവും വേണ്ടുവോളം ലഭിച്ചു. ഈ ആവേശത്തള്ളലിൽ ജീവനക്കാരുടെ ചെറിയ ചെറിയ പ്രശ്നങ്ങളൊക്കെ നിഷ്പ്രഭങ്ങളായി. അധ്യാപകർ കർത്തവ്യബോധമുള്ളവരും മികച്ചനിലയിൽ അധ്യാപനത്തിനു പ്രാപ്തരുമായിരുന്നു.


ഡോ. ശങ്കുണ്ണി: ഇങ്ങനെ മികവുറ്റ അധ്യാപകരെ എങ്ങനെ ലഭിച്ചു?

ഫാ. ഗബ്രിയേൽ: അധ്യാപകരെ തിരഞ്ഞെടുക്കുന്നതിൽ യോഗ്യതയ്ക്കുമാത്രമാണ് ഞാൻ മുൻഗണന നൽകിയത്. പ്രാദേശികമോ സാമുദായികമോ ആയ പരിഗണനകൾ ഈ തിരഞ്ഞെടുപ്പിൽ സ്വാധീനംചെലുത്തിയിരുന്നില്ല. എന്നാൽ, പിൽക്കാലത്ത്, അധ്യാപനവൃത്തിയോട് അധ്യാപകർക്കുണ്ടാവേണ്ട അർപ്പണബോധത്തിൽ വന്നിട്ടുള്ള മാറ്റം ക്രൈസ്റ്റ് കോളേജിന്റെ അക്കാദമീയ ഗുണമേന്മയെ പ്രതികൂലമായി ബാധിച്ചില്ല എന്നു പറയാൻ

എനിക്ക ധൈര്യമില്ല. ഇതു്, സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലെ രാഷ്ട്രീയസാമൂഹ്യപരിവർത്തനങ്ങളുടെ ഫലമാവാം.

ഡോ. ശങ്കുണ്ണി: നടത്തിപ്പിനെപ്പററി അങ്ങയുടെ ദർശനമെന്താണു്?

ഫാ. ഗബ്രിയേൽ : കോളേജു്പോലുള്ള പൊതുസ്ഥാപനങ്ങളും ഒരു വ്യക്തിയുടെയോ ഒരു സംഘടനയുടെയോ സ്വകാര്യസ്വത്തുപോലെ നടത്തപ്പെടേണ്ടവയല്ല എന്നാണെന്റെ ദൃഢമായ വിശ്വാസം. അവ ഒരു പരിധിവരെ പൊതുസ്ഥാപനങ്ങളാണു്. ജനങ്ങളുടെ ആവശ്യത്തിനും സഹകരണത്തിനും ആനുപാതികമായിട്ടാണവ പ്രവർത്തിക്കേണ്ടതും വളരേണ്ടതും. ഇതിന്റെ വെളിച്ചത്തിൽ, ക്രൈസ്റ്റു്കോളേജിന്റെ സംസ്ഥാപനത്തിന്റേയും വികസനത്തിന്റേയും ഓരോഘട്ടത്തിലും നാട്ടുകാരുമായി കൂടിയാലോചിച്ചു് അവരുടെ സഹകരണം ഉറപ്പാക്കിയശേഷമാണു് ഞാൻ മുന്നോട്ടു നീങ്ങിയതു്. അതുപോലെത്തന്നെ എല്ലാഘട്ടങ്ങളിലും വിദ്യാർഥികളോടും അധ്യാപകരോടും ഞാൻ കൂടിയാലോചിച്ചിരുന്നു. യു ജി സിവഴി സർക്കാർ നൽകുന്ന എല്ലാ ധനസഹായങ്ങളും സംലഭ്യമാക്കാൻ ഞാൻ നിതാന്തശ്രദ്ധ പുലർത്തിയിരുന്നു; അതുവഴി കോളേജിന്റെ വികസനം സാധിക്കുക എന്നതു് എന്റെ നയത്തിന്റെ ഭാഗമായിരുന്നു. അക്കാലങ്ങളിൽ, ഇന്ത്യയിൽ ഏററവും കൂടുതൽ യു ജി സി ഗ്രാൻറും നാട്ടുകാരുടെ സഹായസഹകരണങ്ങളും ലഭിച്ച സ്ഥാപനമായിരുന്നു ക്രൈസ്റ്റു്കോളേജു്.




ഡോ. ശങ്കുണ്ണി: വലിയ മരങ്ങളുടെ തണലിൽ പുൽക്കൊടിപോലും വളരില്ല എന്നൊരു ചൊല്ലുണ്ടു്. അതിനു വിപരീതമായി, ക്രൈസ്റ്റു്കോളേജു് എന്ന മഹാസ്ഥാപനത്തിന്റെ തണലിൽ എത്രയോ അനുബന്ധസ്ഥാപനങ്ങളും വളർന്ന ചരിത്രമില്ലേ?

ഫാ. ഗബ്രിയേൽ: വിദ്യാഭ്യാസസ്ഥാപനങ്ങളോടനുബന്ധിച്ചു മററു വിഭിന്ന പ്രവർത്തനങ്ങളും വന്നുകഴിഞ്ഞാൽ, വിദ്യാഭ്യാസസ്ഥാപനത്തിന്റെ വളർച്ച തടസ്സപ്പെടുമെന്ന അഭിപ്രായക്കാരനായിരുന്നു ഞാൻ. എന്നാൽ, ബലവാന്മാരായ സമൂഹവിഭാഗത്തിനു വിദ്യനൽകുന്ന കലാക്ഷേത്രത്തിനൊപ്പം ദുർബലരായ അംഗവൈകല്യമുള്ള കുട്ടികൾക്കായി ഒരു സാമൂഹ്യസേവനകേന്ദ്രം തുടങ്ങിയാൽ അതു വിദ്യാഭ്യാസമേഖലയ്ക്കു തടസ്സമാവില്ല എന്നു മാത്രമല്ല, പൂരകമായേ വർത്തിക്കൂ എന്നെനിക്കു ബോധ്യമായി. അങ്ങനെയാണു് 1970-ൽ വികലാംഗക്ഷേമവേണ്ടി 'സ്നേഹഭവൻ' തുടങ്ങാനുള്ള ഫാ. ഡിസ്മാസിന്റെ പരിശ്രമവുമായി സഹകരിക്കാൻ ഞാൻ തയാറായതു്.

ഡോ. ശങ്കുണ്ണി: ഇരിങ്ങാലക്കുടയിൽ ഒരു വനിതാ കോളേജു് രൂപപ്പെട്ടതു് ക്രൈസ്റ്റിന്റെ ഭാഗമായല്ലേ ?

ഫാ. ഗബ്രിയേൽ: അതേ. ഡിഗ്രി കോഴ്സു് പൂർത്തിയാക്കി ക്രൈസ്റ്റു് കോളേജിൽനിന്നു് ആദ്യബാച്ചു് വിദ്യാർഥികളും പുറത്തുവന്നപ്പോഴത്തന്നെ, തങ്ങളുടെ പെൺകുട്ടികളെ പഠിപ്പിക്കാൻ ഇതുപോലൊരു സ്ഥാപനമില്ലല്ലോ എന്ന ഉൽക്കണ്ഠ നാട്ടുകാരുടെ മന

സ്സിൽ മുളവലിച്ചു. ആ ഉൽക്കണ്ഠ മനസ്സിൽ വളർന്നുവെങ്കിലും വിദ്യാർഥിനികൾക്കായി ഒരു കോളേജ് സ്ഥാപിക്കാൻ ഒരു ഏജൻസിയും അവിടെ മുന്നോട്ടുവന്നില്ല. അതുകൊണ്ട്, 1961-ൽതന്നെ, പ്രൊവിൻഷ്യലായ ഫാ. ക്ലെമൻസിനേയും എന്നേയും നാട്ടുകാർ സമീപിച്ചു. ക്രൈസ്റ്റ് കോളേജിൽ പെൺകുട്ടികൾക്കും പ്രവേശനം നൽകണം എന്നതായിരുന്നു പൊന്തിവന്ന ഒരാശയം. നാട്ടുകാരുടെ ആ ആശയത്തോട് പ്രൊവിൻഷ്യലിനു് അനുഭാവമുണ്ടായിരുന്നുവെങ്കിലും ആശ്രമസംഘത്തിനു് ആ ആശയം ദഹിച്ചില്ല. സ്ഥലത്തെ സി എം സി സന്ന്യാസിനിമഠവും വനിതാകോളേജ് സ്ഥാപിക്കാൻ മുന്നോട്ടുവന്നില്ല. പെൺകുട്ടികൾക്കും ഒരു കോളേജ് വേണമെന്നു് ഒരാശ എന്റെ ഉള്ളിന്റെയുള്ളിൽ തുടിച്ചിരുന്നു. ബോംബെയിലുള്ള സെൻറ് സോഫിയാ കോളേജ് അധികൃതരെ കൊണ്ടുവരാൻ ഇതിനിടയിൽ ഞാനൊരു ശ്രമംനടത്തി. പക്ഷേ സാധിച്ചില്ല. ഈയവസരത്തിലാണു് ഇന്ത്യാ-ചൈനാ യുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. കോളേജിലേയ്ക്കു വിദ്യാർഥികളുടെ ക്രമാതീതമായ ഒരു പ്രവാഹമുണ്ടായി. നിലവിലുള്ള വനിതാകോളേജുകൾക്കു വർധിച്ച ആവശ്യം നിറവേറ്റാനായില്ല. ഈ പശ്ചാത്തലത്തിൽ. പഴയ കോളേജുകൾക്കു പുതിയ ഡിവിഷനുകൾ അനുവദിക്കുവാൻ സർവകലാശാലയുടെ ഭാഗത്തുനിന്നു് അനുകൂലമായ ഒരു നീക്കമുണ്ടെന്നു മനസ്സിലാക്കിയ ഞങ്ങൾ നാട്ടിലെ ഏതാനും പ്രതിനിധികളെ കൂട്ടിക്കൊണ്ടു തിരുവനന്തപുരത്തെത്തി; വൈസ് ചാൻസലർ ശ്രീ. സാമുവൽ മത്തായിയെകണ്ടു ക്രൈസ്റ്റ് കോളേജിൽ പെൺകുട്ടികൾക്കായി പ്രത്യേക ഡിവിഷനുകൾ തുടങ്ങാൻ അനുവാദംവാങ്ങി. അങ്ങനെ ക്രൈസ്റ്റ് കോളേജിന്റെ ഭാഗമായി 1963-ൽ വനിതാകോളേജ് ആരംഭിച്ചു.



ഡോ. ശങ്കുണ്ണി: എന്നിട്ട് ?

ഫാ. ഗബ്രിയേൽ: ക്രൈസ്റ്റിന്റെ വനിതാവിഭാഗം വിജയകരമായി നടക്കുന്നതു കണ്ടപ്പോൾ ഹോളിഫാമിലി സഹോദരികൾ കോളേജ് നടത്താൻ സന്നദ്ധരായി മുന്നോട്ടുവന്നു. കോളേജ് സ്ഥാപിക്കാനുള്ള സ്ഥലം വാങ്ങാനും പ്ലാൻതയാറാക്കാനുമുള്ള ഒത്താശകൾ ഞാൻ ചെയ്തുകൊടുത്തു. ആ അധ്യയനവർഷത്തിന്റെ അവസാനംതന്നെ ഞങ്ങൾ വനിതാസെക്ഷനിൽനിന്നു പിന്മാറുകയും ഹോളിഫാമിലിസഹോദരികൾ ആരംഭിച്ച സെൻറ് ജോസഫ് സ് കോളേജിനു് അവിടത്തെ ഫർണിച്ചറും ഉപകരണങ്ങളും വിട്ടുകൊടുക്കുകയുംചെയ്തു. സാധാരണഗതിയിൽ പറഞ്ഞാൽ, ക്രൈസ്റ്റ് കോളേജിന്റെ വനിതാവിഭാഗത്തിന്റെ തുടർച്ചയായാണു് സെൻറ് ജോസഫ് സ് കോളേജ് രൂപംകൊണ്ടതു്.


ഡോ. ശങ്കുണ്ണി: അതായതു്, ക്രൈസ്റ്റും സെൻറ് ജോസഫ് സും ആങ്ങളയും പെങ്ങളുമാണെന്നു്. അല്ലേ?

ഫാ. ഗബ്രിയേൽ: എന്നു പറഞ്ഞാലും തെറ്റില്ല.

ഡോ. ശങ്കുണ്ണി: വിദ്യാർഥികൾക്കു് ഏറെ പ്രിയംകരനായ പ്രിൻസിപ്പാളായിരുന്ന അങ്ങ്. മുമ്പേ സൂചിപ്പിച്ചതുപോലെ അങ്ങ്

അവരുടെ മനസ്സിൽ നിറഞ്ഞുനിന്നിരുന്നു. സ്വതവേ കർക്കശ സ്വഭാവക്കാരനാണെന്ന ഒരു അപഖ്യാതി അങ്ങയെ ചുറ്റിപ്പറ്റി യുണ്ട്. ഈ കർക്കശസ്വഭാവക്കാരൻ എങ്ങനെ വിദ്യാർഥികളുടെ കണ്ണിലുണ്ണിയായി?

ഫാ. ഗബ്രിയേൽ: ഔദ്യോഗികകാര്യങ്ങളിൽ ഞാൻ കുറേ കാർക്ക ശ്യമുള്ളവൻതന്നെയാണ്. കാര്യങ്ങൾ കൃത്യമായും കണിശമായും നിർവഹിക്കപ്പെടണമെന്ന് എനിക്കു നിർബന്ധമുണ്ട്. എന്നാൽ, വിദ്യാർഥികളോട് അതീവ സ്നേഹമുള്ള ഒരധ്യാപകനാണ് ഞാൻ. അനൗദ്യോഗികസാഹചര്യങ്ങളിൽ വിദ്യാർഥികളുമായി അടുക്കു കയും ഇടകലരുകയും ചെയ്യുകവഴി, ബാഹ്യമായ പാരുഷ്യത്തിന്റെ യിൽ മൃദുലമായ ഒരു വശമുണ്ടെന്നു വിദ്യാർഥികൾക്കു മനസ്സി ലായിക്കാണും. ഞാൻ അവർക്കുവേണ്ടി നിലകൊള്ളുന്നുവെന്ന് അവരറിയുംതോറും അവർ എന്നിലേയ്ക്ക് ആകർഷിക്കപ്പെടുന്നു. അതുകൊണ്ട് ഇന്നും വിദ്യാർഥികളുടെ ഇടയിൽ ധാരാളം ആരാധ കരുള്ള ഒരധ്യാപകനായി ഞാൻ നിലകൊള്ളുന്നു.



ഡോ. ശങ്കുണ്ണി: പ്രശസ്ത സിനിമാനടനായിരുന്ന സത്യന്റെ ആകസ്മികമായ നിര്യാണത്തിൽ ആനശോചിക്കാൻ ചേർന്ന യോ ഗത്തിൽ അങ്ങ് സത്യന്റെ കലാസപര്യയെക്കുറിച്ചു നീണ്ട പ്രഭാ ഷണംനടത്തി കേൾവിക്കാരെ അത്ഭുതപ്പെടുത്തിയെന്ന കഥ കേ ട്ടിട്ടുണ്ട്. അങ്ങയിൽ ഒളിഞ്ഞുകിടക്കുന്ന കലാപ്രേമമാണ് ഇതു കാണിക്കുന്നതു്. വിദ്യാർഥികളുടെ കലാപരമായ വാസനകളെ പ്രോത്സാഹിപ്പിക്കാൻ അങ്ങ് കൈക്കൊണ്ട നടപടികൾ—

ഫാ. ഗബ്രിയേൽ: നമ്മുടെ കലാലയങ്ങളിൽ വേണ്ടിടത്തോളം കല യില്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. ഈ നില മാറണമെന്ന ആത്മാർഥമായ ആഗ്രഹത്തോടെ, കുട്ടികളിലെ കലകളെ പ്രോ ത്സാഹിപ്പിക്കാൻ പല പരിശ്രമങ്ങളും ഞാൻ നടത്തിയിട്ടുണ്ട്. അതിന്റെ ഒരു ഭാഗമായി രൂപംപൂണ്ടതാണ് ഇരിങ്ങാലക്കുടയി ലെ കലാവേദിയായ ആർട്സ് കേരള. നാട്ടിലേയും രണ്ടുകോളേ ജുകളിലേയും വിദ്യാർഥിനീവിദ്യാർഥികളെ ഉദ്ദേശിച്ച്, അവ രിലെ കലാവാസന ഊട്ടിവളർത്താൻ വേണ്ടിയാണ് ആർട്സ് കേരള സ്ഥാപിക്കപ്പെട്ടതു്.


ഡോ. ശങ്കുണ്ണി: ഇരിങ്ങാലക്കുടയിൽ സ്ഥാപിതമായ കാത്തലിക് സെൻററിന്റെ പശ്ചാത്തലം വിവരിക്കാമോ?

ഫാ. ഗബ്രിയേൽ: ഞാൻ വിരമിക്കുന്ന കാലമായപ്പോഴേയ്ക്കും വി ദ്യാർഥിലോകം പൊതുവേ അധ്യാപകനേതൃത്വത്തിൽ നിന്നകന്നു മറ്റു രാഷ്ട്രീയ സാമൂഹ്യനേതൃത്വത്തിന്റെ ആകർഷണവലയ ത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്നു. ഈ പ്രക്രിയ നിസ്സഹായരായി നോക്കിക്കാണാനേ കോളേജധികാരികൾക്കു സാധ്യമായിരുന്നുള്ളൂ. അതുകൊണ്ട്. ക്യാമ്പസിനുപുറത്തു് അവരെ കണ്ടെത്തുകയും അവരെ സദ് പന്ഥാവിലേയ്ക്കു് ആനയിക്കുകയും ചെയ്യാനുള്ള പരി ശ്രമത്തിന്റെ ഭാഗമായാണ് കാത്തലിക് സെൻറർ 1975 ആരംഭ ത്തിൽ രൂപംകൊണ്ടതു്. ഇതിന്റെ ഒരു പ്രത്യേകത, ജനപങ്കാ

ളിത്തം നിയമപരമായും ഉറപ്പുവരുത്തക്കവണ്ണം റജിസ്റ്റർചെയ്ത സൊസൈറ്റിയായിട്ടാണ് ഇതു രൂപംകൊണ്ടതെന്നതായിരുന്നു. അതിൽ ക്രൈസ്റ്റ് ആശ്രമവും സ്ഥലത്തെ ഇടവകപള്ളിയും നാട്ടുകാരും അംഗങ്ങളാണ്.


ഡോ. ശങ്കുണ്ണി: അധ്യാപനവൃത്തി സ്വയംദാനമായി കാണുന്ന ആചാര്യശ്രേഷ്ഠനായ അങ്ങയുടെ കയ്യിൽനിന്നു് എല്ലാം വാങ്ങാൻ കൈക്കുമ്പിളും നീട്ടിനില്ക്കുന്ന ഒരു വിദ്യാർഥിയായി ഇരിങ്ങാലക്കുട നില്ക്കുന്ന രംഗം എന്റെ മനസ്സിൽ തെളിയുന്നു....

ഫാ. ഗബ്രിയേൽ: 1975 മാർച്ച് 31–നു് ഞാൻ ആ കർമരംഗത്തുനിന്നു വിരമിച്ചു. അതീവ ഹൃദ്യമായ ഒരു യാത്രയയപ്പാണ് എന്റെ വിദ്യാർഥികളും അധ്യാപകരും പൊതുജനങ്ങളും എനിക്കു നൽകിയതു്. പുതുതായി പണിതീർത്ത ഓഡിറ്റോറിയത്തിനു് അന്നത്തെ കോളേജ് എക്സിക്യൂട്ടീവ് കൗൺസിലിന്റെയും അധ്യാപകവിദ്യാർഥികളുടെയും അഭിലാഷമനുസരിച്ച് ഗബ്രിയേൽ ഹാൾ എന്നു പേരിടുകയും എന്റെ പൂർണകായചിത്രം അതിൽ ബിഷപ്പ് ക്ലെമൻസ് അനാഛാദനംചെയ്യുകയും ചെയ്തു. പട്ടണത്തിന്റെ പല ഭാഗങ്ങളിലും പല സ്ഥാപനങ്ങളിലും കൊടുങ്ങല്ലൂർമുതലായ വിദൂരസ്ഥലങ്ങളിലും യാത്രയയപ്പിന്റെ ചടങ്ങുകളും അരങ്ങേറി.



ഡോ. ശങ്കുണ്ണി: തേവരകോളേജിലും ക്രൈസ്റ്റ്കോളേജിലുമായി രണ്ടു വ്യാഴവട്ടത്തിലേറെക്കാലം അങ്ങ് അധ്യാപനവൈദഗ്ധ്യവും ഭരണനൈപുണ്യവും വിളിച്ചറിയിച്ചുകൊണ്ടു കർമനിരതനായിരുന്നുവല്ലോ. സർവകലാശാലാവിദ്യാഭ്യാസരംഗത്തെ അതികായന്മാരുടെ നാസീരപംക്തിയിൽ എണ്ണപ്പെടാനുള്ള അപൂർവഭാഗ്യം അങ്ങേയ്ക്കു കൈവന്നിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്തു് ആരാധ്യനാവാനും ഒട്ടേറെ വിശിഷ്ടപദവികളും അലങ്കരിക്കാനും ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കാനും സാഹചര്യമുണ്ടായ അങ്ങേയ്ക്ക് ഈ രംഗത്തെ സ്വന്തം സംഭാവനകളെ ഒന്നോടിച്ചു കാണാനാവുമോ ?

ഫാ. ഗബ്രിയേൽ: ഈ ചോദ്യം സംഭവബഹുലവും അനുഭവസാന്ദ്രവുമായ ഒരു ഭൂതകാലത്തിലേയ്ക്ക് എന്നെ കൈപിടിച്ചുകൊണ്ടുപോവുന്നു. 1949–ലാണ് ഞാൻ ഉന്നതവിദ്യാഭ്യാസരംഗത്തെത്തുന്നതു്. 1975–ൽ ക്രൈസ്റ്റിൽനിന്നു വിരമിക്കുംവരെ ഞാൻ ആ രംഗത്തു സജീവമായുണ്ടായിരുന്നു; അതിനുശേഷം കഴിഞ്ഞ 18 വർഷകാലവും ഞാൻ ഈ രംഗത്തു ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ തുറയിൽ എന്റെ പ്രവർത്തനം പരക്കേ സ്വാഗതംചെയ്യപ്പെടുന്നുണ്ടാവാം. അധ്യാപനത്തിലുള്ള എന്റെ ആത്മാർഥത, വിദ്യാർഥികളോടുള്ള അപ്പണബോധം, കൃത്യനിഷ്ഠ, കാര്യക്ഷമതമുതലായ ഗുണങ്ങളും പൊതുജനങ്ങളിലും വിശിഷ്യാ വിദ്യാർഥിസമൂഹത്തിലും കുറെയൊക്കെ മതിപ്പ് ഉളവാക്കിയിട്ടുള്ളതായറിയാം. വിദ്യാർഥികളുടെ മനസ്സിൽ ഒരാരാധ്യനായി ഞാൻ വളർന്നുനില്ക്കുന്നു എന്നതാണ് എന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കണക്കാക്കുന്നതു്. ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രഗല്ഭരായ ഫാ. റോമിയോ തോമസ്, ഫാ. തിയോഡോഷ്യസ് മുതലായവരുടെ കൂട്ടത്തിൽ അവർ എന്നെയും ഒരുപക്ഷേ ഉൾപ്പെടുത്തു



ന്നുണ്ടാവണം. ട്രാവൻകൂർ യൂണിവേർസിറ്റിയിലും കാലിക്കറ്റ് യൂണിവേർസിറ്റിയിലുമുള്ള ഔദ്യോഗികസമിതികളായ ബോർസ് ഓഫ് സ്റ്റഡീസിലും അക്കാദമിക് കൗൺസിലിലും സെനറ്റിലും ദീർഘകാലം ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. ആ പ്രവർത്തനപാരമ്പര്യം, പ്രിൻസിപ്പൽപദവിയിൽനിന്നു വിരമിച്ചശേഷവും സർവകലാശാലാവിദ്യാഭ്യാസപ്രവർത്തനങ്ങളിൽനിന്നു വിരമിക്കാൻ സമ്മതിക്കാതെ എന്നെ പിടിച്ചുനിറുത്തിയിരിക്കയാണ്–ഇന്നും. ക്രൈസ്റ്റിലെ പ്രിൻസിപ്പൽപദവിയിൽനിന്നു വിരമിച്ച് അഞ്ചു വർഷം കഴിഞ്ഞപ്പോഴാണ് എന്നെ കാലിക്കറ്റ് സർവകലാശാലാസിൻഡിക്കേറ്റിലേയ്ക്കു തെരഞ്ഞെടുത്തത് എന്ന കാര്യം ഭംഗ്യന്തരേണ ഞാൻ ഓർത്തുപോവുന്നു. ആ പദവിയിൽ ഉദ്ദേശം അഞ്ചു വർഷകാലം എന്റെ സേവനം കാലിക്കറ്റ് സർവകലാശാലയ്ക്കു സമർപ്പിക്കാനായിട്ടുണ്ടെന്ന കാര്യവും ഓർക്കട്ടെ. ഉത്തരവാദപ്പെട്ട പദവികളിലിരുന്നുകൊണ്ട് ഉന്നതവിദ്യാഭ്യാസരംഗത്തിനു ഞാൻ നൽകിയ സംഭാവനകൾ എന്തൊക്കെയെന്നല്ലേ ചോദ്യം ? പെട്ടെന്ന് ഓർമ്മയിലെത്തുന്ന ഒന്നിനെ സ്പർശിക്കാം. 1972 കാലത്തു കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തു കോളിളക്കം സൃഷ്ടിച്ചുകൊണ്ടു കോളേജ് വിദ്യാഭ്യാസസമരംവന്നു. പ്രൈവറ്റ് കോളേജ് അധ്യാപകർക്കു നേരിട്ടു ശമ്പളം നേടിയെടുക്കാനുള്ള ആ അവകാശസമരത്തിൽ ഗവൺമെൻറിനും മാനേജ്മെൻറിനും ഒരുപോലെ സ്വീകാര്യമായ വ്യവസ്ഥകൾ രൂപപ്പെടുത്താൻ എന്റെ എളിയ സേവനം ഉപകരിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ രൂപംകൊണ്ടതു് ഇരിങ്ങാലക്കുടയിലുള്ള ശ്രീ. കെ. പി. ജോണിന്റെ ഭവനത്തിലും ക്രൈസ്റ്റ് കോളേജിലുംവെച്ചുനടന്ന ചർച്ചകളിലാണ് എന്നു ഞാൻ ഓർക്കുന്നു. ഈ വ്യവസ്ഥകൾ ഉന്നതവിദ്യാഭ്യാസരംഗത്തു ശാശ്വതസമാധാനം നിലനിൽക്കാൻ പര്യാപ്തമായി എന്നുകൂടി പറയട്ടെ. മറെറാരു സംഭാവന. കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള ക്രൈസ്തവകോളേജുകൾ ഉന്നതനിലവാരം പുലർത്തുന്നവയാണെങ്കിലും അവയ്ക്കു സർവകലാശാലയുടെ വിവിധ സമിതികളിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. ഇതു പരിഹരിക്കുന്നതിനായി, സർവകലാശാലയുടെ കീഴിലുള്ള ക്രൈസ്തവകോളേജുകളെ തൃശ്ശൂർ ബിഷപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു് അവർക്കായി ഒരു ഹയർ എജ്യുക്കേഷൻ കൗൺസിൽ 1986–ൽ രൂപീകരിച്ചു. ഈ സംഘടന ഉന്നതവിദ്യാഭ്യാസതലത്തിൽ ഉയർന്നനിലവാരം നിലനിറുത്തുന്നതിനും തെരഞ്ഞെടുപ്പിലൂടെ സർവകലാശാലാസമിതികളിൽ അർഹമായ പ്രാതിനിധ്യം നേടിയെടുക്കുന്നതിനും കഴിവുള്ള ശക്തമായ സംഘടനയായി നിലകൊള്ളുന്നു. ഈ കൗൺസിലിന്റെ സംസ്ഥാപനത്തിന്റെ സൂത്രധാരനായും അടുത്തകാലംവരെ അതിന്റെ പ്രസിഡണ്ടായും പ്രവർത്തിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. ഇന്നാടിന്റെ വളർച്ചയിൽ ക്രൈസ്തവസമൂഹത്തിന്റെ സംഭാവനയെക്കുറിച്ചു പഠിക്കുന്നതിനും ഗവേഷണം ഏറെറടുക്കുന്നതിനുംവേണ്ടി 1983–ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ് എന്ന ഒരു സൊസൈറ്റി രജിസ്റ്റർചെയ്തു പ്രവർത്തനം തുടങ്ങി. ഈ സമിതിയുടെ ആഭിമുഖ്യത്തിൽ കാലിക്കറ്റ് സർവകലാശാലയിൽ 1986–ൽ ഒരു ക്രൈസ്തവ വിദ്യാപീഠം സ്ഥാപിക്കാൻ മുൻകയ്യെടുക്കുകയുണ്ടായി. സി എം ഐ

സഭയിൽ നയരൂപീകരണത്തിനായി സ്ഥാപിതമായ സി എം ഐ ബോർഡിന്റെ ആദ്യത്തെ സെക്രട്ടറിയും പിന്നീട് ദീർഘ കാലം അതിന്റെ പ്രസിഡണ്ടുമായി ഞാൻ സഭയെ സേവിച്ചിട്ടുണ്ട്.

ഡോ. ശങ്കുണ്ണി: വീണ്ടും വിഷയത്തിലേയ്ക്കു വരാം. ക്രൈസ്റ്റ് കോളേജിനോട് വിടപറയുമ്പോൾ ഒരു വിശ്രമജീവിതത്തെക്കുറിച്ചു ചിന്തിച്ചിരുന്നോ ?


ഫാ. ഗബ്രിയേൽ: അതിനിടകിട്ടിയില്ല. അതിനുമുമ്പേ, അതായതു് ക്രൈസ്റ്റ് കോളേജിൽനിന്നു പിരിയുന്നതിനു മുമ്പേതന്നെ, ചാലക്കുടിക്കാർ എന്നെ ക്ഷണിച്ചിരുന്നു– ശേഷിക്കുന്നകാലം അവക്കുവേണ്ടി കർമരംഗത്തിറങ്ങാൻ. അവരുടെ താല്പര്യക്കുറവു മൂലം അവർക്കു കിട്ടുമായിരുന്ന ക്രൈസ്റ്റ് കോളേജ് നഷ്ടപ്പെട്ട എന്നൊരു കുറബോധം അവക്കുണ്ടായിരുന്നു. എന്നെസംബന്ധിച്ചിടത്തോളം, എവിടെ പ്രവർത്തിക്കാൻ നിയോഗിക്കപ്പെട്ടുവോ അവിടെ നൂറുശതമാനം ആത്മാർഥതയോടെതന്നെ, ഏല്പിക്കപ്പെടുന്ന ചുമതലകൾ നിറവേറ്റാൻ ഞാൻ ഒരുക്കമായിരുന്നു. എനിക്കു ചാലക്കുടിയിൽ പ്രവർത്തിക്കാൻ തടസ്സമൊന്നുമുണ്ടായിരുന്നില്ല. പക്ഷേ തികച്ചും അപ്രതീക്ഷിതമായി മറെറാന്നു സംഭവിച്ചു.

ഡോ. ശങ്കുണ്ണി: എന്താണതു് ?

ഫാ. ഗബ്രിയേൽ: ഏപ്രിൽ ആരംഭത്തിൽ സമ്മേളിച്ച പ്രവിശ്യാ സംഘത്തിൽവെച്ചു് 1975–ൽ ഞാൻ ദേവമാതാ പ്രവിശ്യയുടെ പ്രൊവിൻഷ്യൽ ആയി തെരഞ്ഞെടുക്കപ്പെട്ടു. ഞാൻ പ്രൊവിൻഷ്യലായി തെരഞ്ഞെടുക്കപ്പെട്ട വിവരമറിഞ്ഞപ്പോഴും, താമസിയാതെ ചാലക്കുടിക്കാർ വീണ്ടും തങ്ങളുടെ ആവശ്യവുമായി എന്നെ സമീപിച്ചു. അവരുടെ വളച്ചുയിൽ തടസ്സം സൃഷ്ടിക്കുന്നതു നല്ല വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഭാവമാണെന്നും ആ കോട്ടം തീർക്കാനാണു് എന്റെ സഹായം തേടുന്നതെന്നും അവർ സൂചിപ്പിച്ചു. പ്രാതഃസ്മരണീയനായ പനമ്പിള്ളി ഗോവിന്ദമേനോന്റെ നാമത്തിൽ സക്കാരിനെക്കൊണ്ടു് ഒരു കോളേജ് സ്ഥാപിച്ചുകിട്ടാൻ യത്നിക്കുന്നുണ്ടു് എന്നവർ വ്യക്തമാക്കി. ആ സാഹചര്യത്തിൽ ഒരു നല്ല ഹൈസ്കൂൾ സ്ഥാപിച്ചുകിട്ടേണ്ടതിലേയ്ക്കാണു് എന്റെ സഹായം തേടുന്നതെന്നു് അവർ വെളിപ്പെടുത്തി. പഠിപ്പിക്കുന്ന അധ്യാപകരുള്ള, പഠിക്കുന്ന അധ്യേതാക്കളുള്ള ഒരു സ്കൂൾ. ഇതിനേറെവും പറയിയതു്, സക്കാരിന്റെ ഗ്രാൻറില്ലാത്ത അംഗീകൃത സ്കൂളുകളാണെന്നും അതാണവരുടെ ആവശ്യമെന്നും അവർ വിശദമാക്കി.

ഡോ. ശങ്കുണ്ണി: ഒരു പുതിയ കർമപദ്ധതിയുടെ തുടക്കം. അല്ലേ ?


ഫാ. ഗബ്രിയേൽ: അതേ. പക്ഷേ എന്റേതായ നിബന്ധനകൾ ഞാൻ മുന്നോട്ടുവെച്ചു. അതായതു്, ജനപങ്കാളിത്തമുള്ള പ്രസ്ഥാനത്തിനേ ഞാൻ നേതൃത്വംനൽകൂ. ജനങ്ങളോടൊപ്പം നില്ക്കുകയല്ലാതെ, ജനങ്ങളുടെ മുന്നിൽ കയറി നില്ക്കുക എന്റെ പ്രവർത്തന



ശൈലിയല്ല. അതുകൊണ്ട് നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ത്യാഗം നിങ്ങൾതന്നെ സഹിക്കണം– എന്റെ കർക്കശമായ നിലപാട് ഞാൻ തീർത്തും വ്യക്തമാക്കി. എന്റെ നിലപാടിനോട് അവർ പരിപൂർണമായും യോജിച്ചു.

ഡോ. ശങ്കുണ്ണി: അപ്പോഴോ ?

ഫാ. ഗബ്രിയേൽ: എന്താണ് വേണ്ടതു് എന്നതിന്റെ വിശദാംശങ്ങൾ ചർച്ചചെയ്തു. ഇതിനുവേണ്ടതായ അംഗീകാരം ബിഷപ്പിൽനിന്നും ഗവൺമെന്റിൽനിന്നും വാങ്ങണം. പത്തേക്കർ സ്ഥലമെങ്കിലും നല്ലൊരു സ്ഥാനത്തു വാങ്ങിത്തരണം. ഒരു നല്ല ശതമാനം വിദ്യാർഥികളെ സൗജന്യമായി പഠിപ്പിക്കാനുള്ള സംവിധാനവും ഒരുക്കണം. കശ്മനമായ ഈ നിബന്ധനകൾ കേട്ടപ്പോൾ മൊത്തത്തിൽ സന്നദ്ധതയുണ്ടെങ്കിലും ആലോചിക്കാം എന്ന മറുപടി നൽകി അവർ പിരിഞ്ഞു. കൃത്യമായി മറുപടിനൽകാൻ അല്പം കൂടി ആലോചിക്കേണ്ടതുണ്ട് എന്നായിരുന്നു അവരുടെ നിലപാട്.



ഡോ. ശങ്കുണ്ണി: എന്നിട്ടെന്തുണ്ടായി ?

ഫാ. ഗബ്രിയേൽ: തെരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം അധികം താമസിയാതെ സംഘാംഗങ്ങൾ പിരിഞ്ഞു. പുതിയ പ്രൊവിൻഷ്യലും സംഘവും കാര്യമായി എന്തെങ്കിലും ചെയ്യുമെന്നുള്ള പ്രതീക്ഷ സംഘാംഗങ്ങളിലുണ്ടായി. പ്രോവിൻസിന്റെ ഭാവിയെക്കുറിച്ചു പുതിയ പ്രൊവിൻഷ്യലും പ്രവിശ്യാ കൗൺസിലംഗങ്ങളും പലവട്ടം ചർച്ചനടത്തി. രൂപതാധ്യക്ഷനെകണ്ടു പ്രൊവിൻഷ്യൽ സംസാരിച്ചു. യുവാക്കളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനു യുവവൈദികർക്കുള്ള ആഭിമുഖ്യം കണക്കാക്കി ഏതാനും സാംസ്കാരികകേന്ദ്രങ്ങൾ തുടങ്ങണമെന്ന ഒരഭിപ്രായം വന്നു. പ്രവിശ്യയിൽ ഒരാസ്ഥാനം വേണമെന്ന ആശയവും ഉന്നയിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് പ്രവിശ്യാസംഘത്തിന്റെ രണ്ടാം സെഷൻ ചേരുന്നതു്. ചർച്ചയിൽ ചാലക്കുടിസ്കൂളിന്റെ കാര്യവും വന്നു. ചാലക്കുടിക്കാരുമായുണ്ടായ ചർച്ചയുടെ വിശദാംശങ്ങൾ ഞാൻ വെളിവാക്കി. ആലോചിക്കട്ടെ എന്ന മറുപടിനൽകി അവർ പോയതാണ്; അവരുടെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഖണ്ഡിതമായ ഒരുത്തരം പറയാനാവില്ലെന്നു ഞാൻ പറഞ്ഞു. പ്രവിശ്യാസംഘം പിരിഞ്ഞു ഏതാനും മണിക്കൂർ കഴിഞ്ഞപ്പോഴേയ്ക്കും ചാലക്കുടിക്കാരെത്തി. ഇതു തികച്ചും ആകസ്മികമായിരുന്നു; പക്ഷേ ചാലക്കുടിയിലെ സ്കൂളിനോടു് എതിർപ്പുള്ള ഏതാനും സംഘാംഗങ്ങൾ ഇതു് ആസൂത്രിതമാണെന്നു തെറ്റിദ്ധരിച്ചു.

ഡോ. ശങ്കുണ്ണി: എന്നിട്ടോ ?

ഫാ. ഗബ്രിയേൽ: പ്രവിശ്യാകൗൺസിൽ മുന്നോട്ടുവെച്ച വ്യവസ്ഥകളൊക്കെ അംഗീകരിച്ചുകൊണ്ടാണ് അവർ എത്തിയിരിക്കുന്നതു്. സ്കൂളിനുള്ള അംഗീകാരം അവർ വാങ്ങിക്കൊള്ളാം. 25 ശതമാനം വിദ്യാർഥികളെ സൗജന്യമായി പഠിപ്പിക്കാൻ സൗകര്യമുണ്ടാക്കാം. ആവശ്യമുള്ള പത്തേക്കർ സ്ഥലം വാങ്ങിത്തരാം– തൃശ്ശൂർ ബിഷപ്പ് വളരെ അനുകൂലമാണെന്നും അവർ അറിയിച്ചു.


ഡോ. ശങ്കുണ്ണി: പിന്നെയെല്ലാം ഗബ്രിയേൽ സ്റ്റൈലിൽ നടന്നു അല്ലേ ?

ഫാ. ഗബ്രിയേൽ: എന്നു പറയാം. സ്കൂൾ സ്ഥാപിക്കാനുള്ള ഒരു ക്കങ്ങളിലേയ്ക്കു ചാലക്കുടിക്കാർ എടുത്തു ചാടി. സ്ഥലംവാങ്ങാൻ അഡ്വ. പി. കെ. ഇട്ടൂപ്പിന്റെ നേതൃത്വത്തിലും അംഗീകാരം വാങ്ങാൻ പി. പി. ജോർജ് എം. എൽ. എ. യുടെ നേതൃത്വത്തിലും കമ്മിറ്റികളുണ്ടായി. പ്രവർത്തനം ഊർജിതമായി നടന്നു. പരേത നായ പ്രൊ. പി. എ. തോമസിന്റെ നേതൃത്വത്തിൽ ധനശേഖര ണത്തിനു ഊർജിതമായ ശ്രമവും തുടങ്ങി. 1975 ജൂണിൽത്തന്നെ ഒരു വാടകക്കെട്ടിടത്തിൽ ചാലക്കുടിസ്കൂൾ – കാർമൽ സ്കൂൾ – തുട ക്കംകുറിച്ചു. ലോവർ പ്രൈമറിക്കുള്ള അംഗീകാരമാണ് ആദ്യം ലഭിച്ചതു്. പിന്നീടതു് ഹൈസ്ക്കൂളിനായി. ക്ഷാരാസഹോദരി മാരുടെ പങ്കാളിത്തം ഉറപ്പുവരുത്തി. ടൗണിന്റെ ഹൃദയഭാഗത്തു് – റെയിൽവേ സ്റ്റേഷൻ റോഡിൽ – 12 ഏക്കറോളം സ്ഥലം നാട്ടു കാർ തന്നെ വാങ്ങിത്തന്നു. അതു പാടമായിരുന്നു. മണ്ണിട്ടുയർത്തി കെട്ടിടം പണി ആരംഭിച്ചു. ഫാ. ജോഷ്വാ ചിറമേലിന്റെ നേ തൃത്വത്തിലായിരുന്നു നിർമാണപ്രവർത്തനങ്ങളും. റെക്കോർഡു വേഗത്തിൽ പണിതീർത്തു; 1976 ഒക്ടോബറിൽ കേരളഗവർണർ ശ്രീ. എൻ. എൻ. വാഞ്ചു ഉദ്ഘാടനം നിർവഹിച്ചു. അങ്ങനെ ചാലക്കുടിക്കാരുടെ ഒരു ചിരകാലാഭിലാഷം പൂവണിഞ്ഞു. കാർ മൽസ്കൂളും വെറും ഒരു ഹൈസ്ക്കൂളും മാത്രമായി നിലനിൽക്കാ തെ, അതൊരു വിദ്യാഭ്യാസസമുച്ചയമായി വരണമെന്നായിരുന്നു അവരുടെ മനസ്സിലുണ്ടായിരുന്നതു് — നല്ല നിലവാരം പുലർ ത്തുന്ന ഹൈസ്ക്കൂളും. ഓഡിറ്റോറിയം, സ്റ്റേഡിയം, കലാസാം സ്ക്കാരികകേന്ദ്രം സ്വിമ്മിങ്പൂളും മുതലായവ ഉൾപ്പെടുന്ന ഒരു വിദ്യാഭ്യാസസമുച്ചയം. നാട്ടുകാരുടെ താല്പര്യമനുസരിച്ചു് ഒന്നാം സ്റ്റാൻറേർഡും അഞ്ചാം സ്റ്റാൻറേർഡും എട്ടാം സ്റ്റാൻറേർഡും ഒറ റയടിക്കാണു് തുടങ്ങിയതു്. 1978–ൽ ആദ്യത്തെ എസ് എസ് എൽ സി ബാച്ചു് പരീക്ഷയ്ക്കിരുന്നു. ഒരാളൊഴികെ എല്ലാവരും ജയിച്ചു. പിന്നീടുള്ള വർഷങ്ങളിൽ ഇടമുറിയാതെ 100 ശതമാനം കുട്ടികളും ജയിച്ചുപോരുന്നു.

ഡോ. ശങ്കുണ്ണി: നല്ലൊരു ശതമാനം കുട്ടികളെ സൗജന്യമായി പഠി പ്പിക്കാൻ തയാറാവുന്ന സ്ക്കൂൾ എന്ന ബഹുമതി കാർമലിനുള്ള താണെന്നു തോന്നുന്നു, അല്ലേ?

ഫാ. ഗബ്രിയേൽ: അതെ. 25 ശതമാനം കുട്ടികളെ കാർമൽ സൗജ ന്യമായി വിദ്യയഭ്യസിപ്പിക്കുന്നു. ഉള്ളവനെയും ഇല്ലാത്തവനെയും ഒരുപോലെ വളർത്തിക്കൊണ്ടുവരുന്ന കേരളത്തിലെ ആദ്യത്തെ അംഗീകൃതസ്ക്കൂളും കാർമലാണു്. സംസ്ഥാന യൂത്തുഫെസ്റ്റി വൽ, സ്റ്റേറ്റ് മീറ്റ്, സ്റ്റേറ്റ് ഫുട്ബാൾ മുതലായ മത്സരങ്ങൾ ക്കുള്ള ഒരു സ്ഥിരം വേദിയാണു് കാർമൽ ക്യാമ്പസ്.

ഡോ. ശങ്കുണ്ണി: കാർമൽ സ്ക്കൂൾ തുടങ്ങുന്ന കാലത്തുതന്നെയല്ലേ അമലയുടെ പ്രവർത്തനവും തുടങ്ങുന്നതു് ?




ഫാ. ഗബ്രിയേൽ: 1975 ജൂണിൽ കാർമൽസ് ക്ലബ് ആരംഭിച്ചു. അതിനുശേഷം ഒരു വിദേശയാത്ര കഴിഞ്ഞുവന്നതിനുശേഷമേ അമല ആശുപത്രി തുടങ്ങേണ്ട ആശയം വന്നുള്ളൂ.

ഡോ. ശങ്കുണ്ണി: അതിന്റെ പശ്ചാത്തലം—


ഫാ. ഗബ്രിയേൽ: ദേവമാതാ പ്രവിശ്യയുടെ കീഴിൽ എവിടെയെങ്കിലും ഒരാസ്പത്രി വേണമെന്ന ആശയം പ്രവിശ്യാകൗൺസിലിനുണ്ടായിരുന്നു. ശുപതാധ്യക്ഷനുമായി സംസാരിച്ചതിൽ, അദ്ദേഹം പ്രസ്തുത ആശയത്തെ സ്വാഗതംചെയ്തു. ഈ ആസ്പത്രി എവിടെയാവണമെന്നോ ഏതു തരത്തിൽപ്പെട്ടതാവണമെന്നോ തീരുമാനമാവുന്നതിനു മുമ്പാണു് ഞാൻ വിദേശത്തേയ്ക്കു പോവുന്നതു്.

ഡോ. ശങ്കുണ്ണി: ക്യാൻസർ സൊസൈറ്റി എങ്ങനെയാണു് ഇതിൽ ബന്ധപ്പെട്ടതു്?

ഫാ. ഗബ്രിയേൽ: തൃശ്ശൂരിൽ ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് 1973-ൽ തന്നെ തുടങ്ങുന്നതിനു കേരളക്യാൻസർ സൊസൈറ്റി ശ്രമമാരംഭിച്ചുവെങ്കിലും കാര്യമായ പ്രവർത്തനമൊന്നുമില്ലാതെ ആ പദ്ധതി വർഷങ്ങളായി വഴിമുട്ടിനില്പായിരുന്നു. ഏതെങ്കിലും ഒരേജൻസിയെ ഇതേല്പിച്ചു കാര്യം സാധിക്കണമെന്ന ഉദ്ദേശ്യത്തിലായിരുന്നു അവർ. ആ ഘട്ടത്തിലാണു് ക്രൈസ്റ്റ് കോളേജ് സംസ്ഥാപനത്തിൽ വിജയം വരിച്ച ഞാൻ അവിടെനിന്നു വിരമിച്ചു് ദേവമാതാ പ്രവിശ്യയുടെ പ്രൊവിൻഷ്യലായി തൃശ്ശൂരിലെത്തുന്നതു്. വല്ല വിധേനയും എന്നെ ഇതിലേയ്ക്കിറക്കിയാൽ കാര്യം നേടാമെന്ന ഒരു പ്രതീക്ഷയിൽ ക്യാൻസർ സൊസൈറ്റിയുടെ പ്രതിനിധികളായ ഡോ. പി. എം. വർക്കി, പി. വി. ജോൺ, ഫാ. തെക്കേക്കര, അഡ്വ. പുഴങ്കര ബാലനാരായണൻ മുതലായവർ പലവട്ടം എന്നെ സമീപിച്ചു. എന്നാൽ, ആസ്പത്രി പ്രസ്ഥാനത്തിൽ യാതൊരു പരിജ്ഞാനവുമില്ലാത്ത എനിക്കു് ക്യാൻസർ ഹോസ്പിറ്റൽപോലുള്ള ഒരു പ്രസ്ഥാനത്തിൽ മുൻകയ്യെടുക്കാൻ ധൈര്യമുണ്ടായില്ല. ഞങ്ങളുടെ സമൂഹത്തിൽ ഡോക്ടർമാരോ നഴ്സുമാരോ ഒന്നുമില്ല. ഞങ്ങടെക്കാർക്കും രോഗസേവനരംഗത്തു പരിചയമില്ല. പോരാത്തതിനു പണവുമില്ല. ഈ സാഹചര്യത്തിൽ, ക്യാൻസർഹോസ്പിറ്റൽപോലുള്ള ബൃഹത്തായ ഒരു പദ്ധതി ഏറ്റെടുക്കാൻ പ്രയാസമാണെന്ന കാര്യം ഞാൻ അവരെ അറിയിച്ചു. എങ്കിലും, തൃശ്ശൂരിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നൊരു ചിന്താഗതി എന്റെ മനസ്സിലുണ്ടായിരുന്നു. ഒരു നാട്ടിൽ പ്രവർത്തിക്കുമ്പോൾ ആ നാട്ടുകാർക്കു് ആവശ്യമുള്ള എന്തെങ്കിലും പ്രവർത്തനം കാഴ്ചവെയ്ക്കണം എന്നതു് എന്റെ അടിസ്ഥാനപരമായ സമീപനത്തിന്റെ ഭാഗമായിരുന്നു. ആയിടയ്ക്കാണു്, മുമ്പേ പറഞ്ഞ യൂറോപ്യൻപര്യടനത്തിനുള്ള സാഹചര്യം ഒത്തുവന്നതു്—തികച്ചും ആകസ്മികമായി. വിശുദ്ധവർഷം പ്രമാണിച്ചു പ്രൊവിൻസിൽനിന്നു് ആരെയെങ്കിലും നിയോഗിച്ചയയ്ക്കണം എന്നു കൗൺസിലിൽ അഭിപ്രായമുണ്ടായി. ചർച്ചയുടെ അവസാനത്തിൽ, പ്രൊവിൻഷ്യൽതന്നെ പോകണം എന്നു കൗൺസിലർമാർ നിർബന്ധിച്ചു. ഇതു തീർത്തും യാദൃച്ഛികമായിരുന്നു.



യാതൊരു മുൻഒരുക്കങ്ങളോ തയാറെടുപ്പുകളോ ചെയ്തിരുന്നില്ല. ഒരാഴ്ചകൊണ്ട് എല്ലാം തയാറാക്കി – ഞാൻ ജർമനിക്കു പുറപ്പെട്ടു; ആഗസ്റ്റ് 21നു്. പുറപ്പെടുന്നതിനുമുമ്പ് ക്യാൻസർ സൊസൈറ്റിക്കാർ അവരുടെ പ്രോജക്റ്റിന്റെ കോപ്പികളും തന്നുവിട്ടിരുന്നു— ആർക്കെങ്കിലും കൊടുക്കാൻവേണ്ടി. ജർമനിയിലെത്തിയപ്പോൾ അവിടത്തെ പ്രവിശ്യാംഗങ്ങൾ —പ്രത്യേകിച്ചും ഫാ. ജറോം, ഫാ. വെർണർ, ഫാ. നോബർട്ട് എന്നിവർ – ഉത്സാഹത്തോടെ എന്നെ സ്വീകരിച്ചു; എന്റെ വിദേശയാത്ര വിജയകരമാക്കാനുള്ള എല്ലാ ശ്രമങ്ങളും ഏറ്റെടുത്തു. അവർക്കു പരിചയമുള്ള സ്ഥാനങ്ങളിൽ എന്നേയും എന്റെ പ്രസ്ഥാനങ്ങളേയും പരിചയപ്പെടുത്താൻ അവർ മുന്നിട്ടിറങ്ങി. അതുവഴി ഒട്ടേറെ സുഹൃത്തുക്കളെ നേടാനും അവർവഴി നല്ലൊരു തുക സമാഹരിക്കാനും എനിക്കായി. ജർമനിക്കു പുറമെ ആസ്ട്രിയ, സ്വിറ്റ്സർലൻറ്, ഫ്രാൻസ്, ബൽജിയം, ഇംഗ്ലണ്ട്, അയർലൻറ്, ഇറ്റലി മുതലായ യൂറോപ്യൻ രാഷ്ട്രങ്ങളിലും അമേരിക്ക, കാനഡ തുടങ്ങി മറ്റു രാഷ്ട്രങ്ങളിലും ഞാൻ സന്ദർശനംനടത്തി; ആ വർഷം ഡിസംബർ ആദ്യം തിരിച്ചെത്തി. ക്യാൻസർ സൊസൈറ്റിയുടെ പ്രസിദ്ധീകരണങ്ങളും യൂറോപ്പിൽ വിതരണംചെയ്യാൻ ശ്രമിച്ചെങ്കിലും കാര്യമായ പ്രതികരണമുണ്ടായില്ല. തന്നേയുമല്ല, ചില മതാധ്യക്ഷന്മാർ ക്യാൻസർ ഹോസ്പിറ്റൽപോലുള്ള പദ്ധതി ഏറ്റെടുത്താൽ വരുന്ന ഭാരം സഭയ്ക്കു താങ്ങാൻ കഴിയുമോ എന്നതിൽ ആശങ്ക പ്രകടിപ്പിക്കുകകൂടി ചെയ്തു.



ഡോ. ശങ്കുണ്ണി: തുടക്കത്തിൽ വീഴുന്ന ഈ കരുക്കുകളും അങ്ങയുടെ ഏതു സംരംഭത്തിനും വിധിച്ചിട്ടുള്ളതാണല്ലേ ?

ഫാ. ഗബ്രിയേൽ: ദൈവേഛയാൽ അവ അഴിയാക്കുരുക്കുകളാവാറില്ല.

ഡോ. ശങ്കുണ്ണി: അഴിയാക്കുരുക്കുകളും അഴിക്കുന്നതാണല്ലോ ഗബ്രിയേൽ സ്റ്റൈൽ–

ഫാ. ഗബ്രിയേൽ: എന്തോ. ഏതായാലും ഇതിലെ കരുക്കുകളും എല്ലാം യഥാകാലം അഴിഞ്ഞുകിട്ടി. വിദേശപര്യടനം കഴിഞ്ഞു തിരിച്ചെത്തിയ എന്നെ ക്യാൻസർ സൊസൈറ്റിക്കാർ വീണ്ടും സമീപിച്ചു. യൂറോപ്പിലെ പ്രതികരണം ഞാനവരെ അറിയിച്ചു. എങ്കിലും, ആ പ്രസ്ഥാനം ഏറ്റെടുക്കുകയില്ല എന്നവരോടു ഖണ്ഡിതമായി പറഞ്ഞില്ല. അതുകൊണ്ടാവണം അവർ എന്നെ വിടാതെ പിടികൂടി. അവസാനം ഞാൻ ക്യാൻസർ സൊസൈറ്റിക്കാക്ക് ഒരു പ്രതിനിർദേശംനൽകി: നിങ്ങളും ക്യാൻസർ ഹോസ്പിറ്റൽ പണിയൂ. ഒരുലക്ഷംരൂപ ദേവമാതാ പ്രോവിൻസ് തരാം....അതിനുള്ള പ്രതികരണം അവരിൽനിന്നു് ഉടനെവന്നു. അതെന്നെ വീഴ്ത്തിക്കളഞ്ഞു.


ഡോ. ശങ്കുണ്ണി: എങ്ങനെ ?

ഫാ. ഗബ്രിയേൽ: അവക്കു പണമല്ല പ്രശ്നം. നേതൃത്വമായിരുന്നു. ആവശ്യമുള്ള പണം അവർ സമാഹരിക്കാമെന്നും ഞാൻ ഈ

പ്രസ്ഥാനത്തിന്റെ നേതൃത്വംവഹിക്കണമെന്ന ഒരേ ഒരാവശ്യമേ അവക്കുള്ളുവെന്നും അവർ വെളിപ്പെടുത്തി. ഈ കാര്യം ഞാൻ ദേവമാതാ പ്രവിശ്യാകൗൺസിലിനെ അറിയിച്ചു.

ഡോ. ശങ്കുണ്ണി: അപ്പോഴോ ?

ഫാ. ഗബ്രിയേൽ: നിങ്ങളം പണമൊന്നും ഇറക്കേണ്ടാ. നേതൃത്വം മാത്രം നൽകിയാൽമതി എന്ന ഒരു നിർദേശം ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരായ ഒരു സന്ന്യാസസമൂഹത്തിന്റെ മുന്നിൽ വന്നാൽ എങ്ങനെയാണതു നിരസിക്കാൻ പറുക ? ഈ ചോദ്യമാണു് ഞങ്ങളെ വീഴ്ത്തിയതു്. ആ പശ്ചാത്തലത്തിൽ കൗൺസിൽ പലപ്രാവശ്യംക്യാൻസർ ആസ്പത്രി സ്ഥാപിക്കുന്നതിന്റെ ബാധ്യതയെക്കുറിച്ചും പ്രായോഗികവശത്തെക്കുറിച്ചും ദീഘ്മായി ചച്ചുനടത്തി. ക്യാൻസർ സൊസൈറ്റിക്കാക്കു ദേവമാതാ പ്രൊവിൻസിൽനിന്നുവെച്ച എല്ലാ നിർദേശങ്ങളും സ്വീകാര്യമായെങ്കിലും, തൃശ്ശൂരിൽ പാട്ടരാസ്തുൽഭാഗത്തു് ഈ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടു് സ്ഥാപിക്കാമെന്ന നിർദേശത്തോടു് എതിർപ്പായിരുന്നു. മുമ്പു് ഇന്ത്യൻ പ്രസിഡണ്ടു് ശിലാസ്ഥാപനം നടത്തിയ വിലങ്ങനിൽതന്നെ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടു് സംസ്ഥാപിക്കപ്പെടണമെന്നു് അവക്കു നിർബന്ധമായിരുന്നു. തൃശ്ശൂർപട്ടണത്തിൽനിന്നു 8 കിലോമീറ്റർ അകലെ കിടക്കുന്ന വിലങ്ങൻപ്രാന്തങ്ങളിലേയ്ക്കു് ആസ്പത്രി ആസ്ഥാനം മാറുന്നതിന്റെ ആഘാതം വളരെ വലുതായിരുന്നു. അവിടെ വെള്ളം, വെളിച്ചം മുതലായ പ്രാഥമികാവശ്യങ്ങൾകൂടി സജ്ജീകരിക്കേണ്ടിയിരുന്നു. വിദഗ്ധോപദേശത്തിനാവശ്യമുള്ള മറ്റു ചികിത്സാവിഭാഗങ്ങളും അവിടെത്തന്നെ സജ്ജീകരിക്കേണ്ടിയിരുന്നു. തന്നേയുമല്ല, ഈ വിജനപ്രദേശത്തു് ഒരു ചെറിയ ആസ്പത്രി വിജയിക്കുമായിരുന്നില്ലതാനും. ഈ പശ്ചാത്തലത്തിലാണു് 500 ബെഡ്ഡുള്ള ഒരു വലിയ ആസ്പത്രിയായി ഈ പ്രസ്ഥാനം വളന്നതു്. ആസ്പത്രിസ്ഥാപനത്തിന്റെ നാനാവശങ്ങളെക്കുറിച്ചു ചിന്തിച്ചശേഷം പ്രവിശ്യാസംഘം 1976 മാർച്ചു് 28-ന കൂടിയ കൗൺസിലിൽവെച്ചു് 'അമല' സ്ഥാപിക്കുന്നതിനുള്ള നയപരമായ തീരുമാനമെടുത്തു.



ഡോ. ശങ്കുണ്ണി: ആദ്യത്തെ കടമ്പ കടന്നുകിട്ടി, അല്ലേ ?

ഫാ. ഗബ്രിയേൽ: കടമ്പകളേറെയുണ്ടായിരുന്നു. ഈ പ്രസ്ഥാനത്തിലേയ്ക്കു ചെന്നുചാടുന്നതിനുമുമ്പു് തൃശ്ശൂർപട്ടണവാസികളുടെ അഭിപ്രായം കുറേക്കൂടി ആഴത്തിലും വ്യാപ്തിയിലും അറിയേണ്ടതുണ്ടെന്നു തോന്നി. ഇതിനുവേണ്ടി തൃശ്ശൂർപട്ടണത്തിലുള്ള പ്രമുഖ വ്യക്തികളുടേയും ഉദ്യോഗസ്ഥന്മാരുടേയും മതാധ്യക്ഷന്മാരുടേയും സമ്മേളനങ്ങളം സംഘടിപ്പിച്ചു, ക്യാൻസർആസ്പത്രിയുടെ ആവശ്യത്തെക്കുറിച്ചും അവരുടെ സഹകരണത്തിന്റെ തോതിനെക്കുറിച്ചും വിശദമായ ചച്ചുകളം നടത്തുകയുണ്ടായി. ഇങ്ങനെ നടത്തപ്പെട്ട വിവിധ സമ്മേളനങ്ങളുടെ ഫലമായി ക്യാൻസർആസ്പത്രിയുടെ പ്രസക്തിയെക്കുറിച്ചും ബൃഹത്തായ ഈ പ്രസ്ഥാനത്തിനുവേണ്ടിവരുന്ന സാമ്പത്തികബാധ്യതയെക്കുറിച്ചും പൊതുജനങ്ങളെ ബോധ്യപ്പെടുത്താനും അവരുടെ സഹായവും സഹകരണവും ഉറപ്പുവരുത്താനും


ഒരു പരിധിവരെ സാധിച്ചു എന്നുപറയാം. ഈ സമ്മേളനങ്ങളിൽവെച്ചുതന്നെ പലരും വാർഡുകളും, തിയേറ്ററുകളും, മുറികളും മുതലായവ പണിതുതരാമെന്നു വാക്കുതന്നു.

ഡോ. ശങ്കുണ്ണി: ആശ്വാസത്തിന്റെ വെള്ളിരേഖകളും, അല്ലേ?


ഫാ. ഗബ്രിയേൽ: സി എം ഐ സഭ ഒരു ചാരിറ്റബിൾ സൊസൈറ്റിയാണു്. അതുപോലെത്തന്നെയാണു് ക്യാൻസർ സൊസൈറ്റിയും. ഒരു സൊസൈറ്റി വേറൊരു സൊസൈറ്റിയുമായി യോജിച്ചു് അതിന്റെ ട്രസ്റ്റികളായി പ്രവർത്തിക്കുകയെന്നതു് ഇതുവരെ നടന്നിട്ടില്ലാത്തതാണു്. അതുകൊണ്ടു്, അതിന്റെ നിയമസാധുത ചികയേണ്ടതുണ്ടു്. അഡ്വ. തോമസ് മുത്തേടൻ, ശ്രീ. ജോർജ് കണ്ണന്താനം മുതലായ പ്രമുഖ നിയമപണ്ഡിതരുമായി ചർച്ചനടത്തി. അവരുടെ ഉപദേശത്തിൽ മുന്നോട്ടുനീങ്ങി. ക്യാൻസർ സൊസൈറ്റിയുമായുണ്ടാക്കേണ്ട ഉടമ്പടിയുടെ വിശദാംശങ്ങളും രൂപപ്പെടുത്തി. നിയമത്തിന്റെ അഴിയാക്കുരുക്കുകളും അഴിച്ചെടുത്തു.

ഡോ. ശങ്കുണ്ണി: വഴി ഒരുവിധം സുഗമമായോ?

ഫാ. ഗബ്രിയേൽ: മുഴുവനുമായില്ല. ക്യാൻസർഹോസ്പിറ്റൽ സ്ഥാപിക്കാനുള്ള സ്ഥലം ശ്രീ. പടിക്കല അന്തപ്പൻ ക്യാൻസർ സൊസൈറ്റിക്കു സംഭാവനചെയ്ത 18ഏക്കർ വരുന്ന വിലങ്ങൻതാഴ്വരയിലെ കൈതച്ചക്കത്തോട്ടമായിരുന്നു. അതിനെതൊട്ടു് 17 ഏക്കറോളം പുറമ്പോക്കു സ്ഥലവുമുണ്ടു്. മൊത്തം 35 ഏക്കർ സ്ഥലം. ആസ്പത്രിസ്ഥാപനത്തിനു് അതു വിട്ടുകിട്ടുന്നതിനു സർക്കാരിന്റെ അനുവാദം ആവശ്യമായിരുന്നു. അനുവാദം സമയത്തു കിട്ടുമോ എന്നതിൽ ആശങ്കയുണ്ടായിരുന്നു. കാര്യങ്ങളും അനിശ്ചിതമായി നീണ്ടുപോയാൽ അന്നത്തെ പ്രൊവിൻഷ്യൽ കൗൺസിലിന്റെ കാലയളവിനുള്ളിൽ ആസ്പത്രിനിർമാണത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി പ്രവർത്തിച്ചുതുടങ്ങാനാവില്ലെന്നും അങ്ങനെ വന്നാൽ ആസ്പത്രിയുടെ ഭാവിതന്നെ അനിശ്ചിതമാവുമെന്നും ആശങ്കയുണ്ടായി. അതുകൊണ്ടു്, 1976 ജൂലായ് 31-നു മുമ്പു് സ്ഥലം കൈമാറ്റത്തിന്റെ ഗവണ്മെന്റ് ഓർഡർ ലഭിച്ചിരിക്കണമെന്നു ഞാൻ നിർബന്ധംവെച്ചു. എന്നാൽമാത്രമേ പ്ലാനനുസരിച്ചു ജനറൽ കൗൺസിലിന്റെ അംഗീകാരത്തോടെ പണിനടത്താനും 1977 അവസാനത്തോടെ ഉദ്ഘാടനം നിർവഹിക്കാനും കഴിയുമായിരുന്നുള്ളൂ. അതിനർഥം, കാര്യങ്ങളും അതിശീഘ്രം മുന്നോട്ടു നീക്കണമെന്നായിരുന്നു. ക്യാൻസർ സൊസൈറ്റിക്കാരും 'മലയാള മനോരമ'യുടെ തിരുവനന്തപുരം പ്രതിനിധി ശ്രീ. കെ. ആർ. ചുമ്മാരും അന്നത്തെ റവന്യൂമന്ത്രി ശ്രീ. ബേബി ജോണും ആത്മാർഥതയോടും താല്പര്യത്തോടും കൂടി പ്രവർത്തിച്ചതിന്റെ ഫലമായി ആ വർഷം ജൂലായ് മാസത്തിൽതന്നെ സർക്കാർഭൂമി ക്യാൻസർ സൊസൈറ്റിക്കു വിട്ടുകൊടുക്കുന്ന ഓർഡർവന്നു. സ്ഥലംകൈമാറ്റം നടത്തുന്നതിനു ക്യാൻസർ സൊസൈറ്റിയും ദേവമാതാ പ്രവിശ്യയുമായി 1976 ആഗസ്റ്റ് 13-നു് ഉടമ്പടി റജിസ്റ്റർചെയ്തു. ആ ഉടമ്പടിയനുസരിച്ചു ദേവമാതാ പ്രവിശ്യ ക്യാൻസർ സൊ



സൈറിയുടെ ട്രസ്റ്റികളായി ആസ്പത്രി സ്ഥാപിച്ചു നടത്തുന്നതിനു വേണ്ട എല്ലാ അധികാരവും ഉറപ്പുവരുത്തി; ആസ്പത്രി ഭരണത്തിനുള്ള സമ്പൂർണാധികാരം ദേവമാതാ പ്രവിശ്യയിൽ നിക്ഷിപ്തമായി. ദേവമാതാ പ്രവിശ്യാ കൗൺസിൽ ആസ്പത്രിപ്പണിയുടെ ഒന്നാംഘട്ടത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും 1976 ആഗസ്റ്റ് 1-ാം തീയതി ചേർന്ന പ്രവിശ്യാകൗൺസിൽ അംഗീകരിച്ചു; മേൽ അംഗീകാരത്തിനായി ജനറൽ കൗൺസിലിനയച്ചു. ജനറൽ കൗൺസിൽ അംഗീകരിച്ച ആ ആദ്യഘട്ടത്തിന്റെ പ്ലാനിൽ 120 ബെഡ്ഡുള്ള 4 വാർഡുകളും ഒ. പി. വിഭാഗവും തീയേറ്റർ, കാർഡിയോളജി, കാന്റീൻ, സ്റ്റാഫ് കാർട്ടേഴ്സ് തുടങ്ങിയ എടുപ്പുകളും അടങ്ങിയിരുന്നു. മാസ്റ്റർ പ്ലാനും അംഗീകാരം തേടിയിരുന്നു. ഇതിൽ 500 ബെഡ്ഡുള്ള വലിയ ആസ്പത്രിയും നഴ്സിങ്സ്കൂളും, റിസർച്ച് സെന്റർ, പ്രൈമറി സ്കൂളും മുതലായ മറ്റു സൗകര്യങ്ങളും വിഭാവനംചെയ്തിരുന്നു. കേരളകൺസ്ട്രക്ഷൻ കോർപ്പറേഷനാണ് മാസ്റ്റർ പ്ലാൻ തയാറാക്കിയതും ആദ്യഘട്ടത്തിലെ പണിയുടെ മേൽനോട്ടം വഹിച്ചതും. പിന്നീട് കോയമ്പത്തൂർകാരനായ എൻജിനീയർ ശ്രീ. ടി. എൽ. അനന്തനാരായണൻ നിർമാണത്തിന്റെ വിദഗ്ധ എൻജിനീയറായി ചുമതലയേറ്റു.



ഡോ. ശങ്കുണ്ണി: ആശുപത്രി പ്രവർത്തനത്തെക്കുറിച്ച് മുൻകൂട്ടിയെന്തെങ്കിലും പ്ലാൻചെയ്തിരുന്നോ?

ഫാ. ഗബ്രിയേൽ: ആസ്പത്രിയെക്കുറിച്ചു ചിന്തിച്ചു തുടങ്ങിയപ്പോഴേത്തന്നെ, അവിടെ പ്രവർത്തിക്കേണ്ട സന്ന്യാസസഭാംഗങ്ങളുടെ സേവനത്തെക്കുറിച്ചുള്ള ചിന്തയും വന്നിരുന്നു. ആതുരശുശ്രൂഷ സന്ന്യാസിനീസമൂഹങ്ങളുടെ പ്രത്യേക മേഖലയാകയാൽ, ആസ്പത്രി നടത്തിപ്പിന്റെ വിജയത്തിന് അവരുടെ സേവനം അനിവാര്യമാണെന്നു മനസ്സിലാക്കിക്കൊണ്ടു മുന്നോട്ടുനീങ്ങി. വിവിധ സന്ന്യാസിനീസമൂഹങ്ങളുടെ അധിപരെ വിളിച്ചുകൂട്ടി, അവരുടെ സഹായ സഹകരണങ്ങളും ഉറപ്പുവരുത്തി.


ഡോ. ശങ്കുണ്ണി: ക്യാൻസർആസ്പത്രി സംസ്ഥാപനം എന്ന ഈ ഉത്തരവാദിത്തം അങ്ങ് ഒറ്റയ്ക്കാണോ ചുമലിലേറ്റിയത്?

ഫാ. ഗബ്രിയേൽ: അല്ല. ഒരു ജനാധിപത്യ സന്ന്യാസസമൂഹമെന്ന നിലയിൽ പ്രവിശ്യാകൗൺസിലിനാണ് ഉത്തരവാദിത്തം. എന്നാൽ, രംഗത്തു പ്രവർത്തിക്കുന്നതിനുപറ്റുന്ന ആളുകളെ കണ്ടുപിടിച്ചു നിയോഗിക്കുന്നു. അങ്ങനെയാണ്, അന്നു ക്രൈസ്റ്റ്കോളേജിൽ പ്രൊഫസറായിരുന്ന ഫാ. ജോർജ് പയസിനെ എന്റെ സഹായിയായി നിർമ്മാണപ്രവർത്തനത്തിനു നിയോഗിക്കുന്നത്. 1976 ആഗസ്റ്റിൽ ഫാ. പയസിനെ നിയമിച്ചു. പ്രാരംഭപ്രവർത്തനപഠനത്തിനായി ഞാനും ഫാ. പയസുംകൂടി തൃശ്ശൂരും കോഴഞ്ചേരിയുമടക്കമുള്ള ഏതാനും മിഷൻഹോസ്പിറ്റലുകളും സന്ദർശിച്ചു അവിടത്തെ പ്രവർത്തനംകണ്ടു മനസ്സിലാക്കി.

ഡോ. ശങ്കുണ്ണി: ഈ സന്ദർശനംകൊണ്ട് ആസ്പത്രി സംസ്ഥാപനത്തിനു സഹായകമായി എന്തെങ്കിലും കാഴ്ചപ്പാടു വികസിപ്പിക്കാൻ കഴിഞ്ഞോ ?

ഫാ. ഗബ്രിയേൽ: ഉവ്വ്. പല ആസ്പത്രികളിലേയും പ്രശ്നങ്ങൾ മനസ്സിലായി. പലയിടത്തും വിദഗ്ധഡോക്ടർമാർ ആസ്പത്രി പെട്ടെന്നു വിട്ടുപോവുന്നു. പ്രധാന ഡോക്ടർമാർ അസിസ്റ്റൻറുമാരെ വളരാനനുവദിക്കാതെ മേധാവിത്തം പുലർത്തുന്നു. ചില സ്ഥാപനങ്ങളിലെങ്കിലും അവർക്കു വരവിൻെറ അടിസ്ഥാനത്തിൽ വേതനം പങ്കുവെയ്ക്കേണ്ടിവന്നിരുന്നു. ജീവനക്കാർക്കു ലീവ്, സേവനവ്യവസ്ഥ മുതലായവയ്ക്കുവേണ്ട നിയമങ്ങൾ ഉണ്ടാക്കാതെ വലിയ ചിട്ടയും നിയമവും കൂടാതെ നടത്തിപ്പോരുന്ന സ്ഥാപനങ്ങളുമുണ്ട്. ധർമസ്ഥാപനങ്ങളാണെങ്കിലും സൗജന്യം കൊടുക്കുന്നതിനുവേണ്ട നിശ്ചിതമായ മാനദണ്ഡങ്ങളും നടപടിക്രമങ്ങളൊന്നുമില്ലാതെ നടത്തപ്പെടുന്ന സ്ഥാപനങ്ങളുമുണ്ട്. ഇത്തരം വൈകല്യങ്ങളൊന്നുമില്ലാത്ത ഒരു ശുദ്ധമായ സ്ഥാപനമായിരിക്കണം പുതിയ ആസ്പത്രിയെന്ന ഒരു കാഴ്ചപ്പാട് വളർത്താൻ ഈ സന്ദർശനങ്ങൾ ഉപകരിച്ചു. 'അമല' എന്ന പേരിൻെറ ഉത്ഭവം ഈ കാഴ്ചപ്പാടിൽ നിന്നാണ് എന്നുപറയാം.

ഡോ. ശങ്കുണ്ണി: പരിശുദ്ധിയുടെ പ്രതീകമാണല്ലോ അമല. കന്യാമറിയത്തിൻെറ മറെറാരു നാമം. ലക്ഷ്മി അഥവാ സമൃദ്ധി എന്ന സങ്കല്പവും അമലയിലുണ്ടല്ലോ. ആ പേര് ഉചിതമായി. അമലയുടെ ആരംഭപ്രവർത്തനങ്ങളെക്കുറിച്ചു പറയാമോ ?



ഫാ. ഗബ്രിയേൽ: 1976 ആഗസ്റ്റ് മാസത്തിലാണ് ആസ്പത്രിയുടെ നിർമാണപ്രവർത്തനം ആരംഭിക്കുന്നതു്. 1973 ഏപ്രിൽ 13-നു് അന്നത്തെ ഇന്ത്യൻ പ്രസിഡണ്ട് ശ്രീ. വി. വി. ഗിരി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനു ശിലാസ്ഥാപനംനടത്തിയിരുന്നുവെങ്കിലും അഞ്ചു വർഷത്തോളം മൃതപ്രായമായിക്കിടന്നിരുന്ന ഈ സ്ഥാപനം പുനരുജ്ജീവനംനേടുന്നതു നാലുപേരുടെ അറിവോടും അംഗീകാരത്തോടും കൂടി വേണമല്ലോ. വിദ്യാഭ്യാസരംഗത്തും സാമൂഹ്യരംഗത്തും ശക്തമായി പ്രവർത്തിക്കുന്ന ദേവമാതാ പ്രവിശ്യ ഈ രംഗത്തേയ്ക്കു കടന്നുവന്നുവെന്നതും ക്യാൻസർആസ്പത്രിയുടെ സംസ്ഥാപനം ഏറെറടുത്തുവെന്നതും പൊതുജനങ്ങളിൽ പുതിയൊരുണർവും ഉത്സാഹവും വളർത്തും എന്നെനിക്കു തോന്നി. ഇതിൻെറ വെളിച്ചത്തിലാണ് അമലയുടെ നിർമാണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം ആർഭാടമായി നടത്താമെന്നു തീരുമാനിച്ചതു്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. സി. അച്യുതമേനോൻ, ഉപമുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ, ആരോഗ്യവകുപ്പുമന്ത്രി ശ്രീ. കെ. കെ. ബാലകൃഷ്ണൻ, റവന്യൂമന്ത്രി ശ്രീ. ബേബി ജോൺ മുതലായ മന്ത്രിപ്രമുഖരും തൃശ്ശൂർജില്ലയിലെ ഉദ്യോഗസ്ഥപ്രമുഖരും സാമൂഹിക-രാഷ്ട്രീയരംഗത്തെ ഉന്നതരും വിവിധ മതാധ്യക്ഷന്മാരും പങ്കെടുത്ത ഒരു വലിയ ചടങ്ങാണ് വിലങ്ങൻ താഴ്വരയിൽ 1976 സെപ്റ്റംബർ 19-നു നടന്നതു്.

ഡോ. ശങ്കുണ്ണി: ആസ്പത്രിയുടെ നിർമാണപ്രവർത്തനങ്ങൾക്കു് ആവശ്യമായ സംഖ്യ അതിനകം സമാഹരിച്ചിരുന്നുവോ ?

ഫാ. ഗബ്രിയേൽ: പൂർണമായി സമാഹരിച്ചു എന്നു പറയാനാവില്ല. നാട്ടുകാർ വാഗ്ദാനംചെയ്ത സംഖ്യയും ആദ്യകാലങ്ങളിൽ എത്തിയില്ല. പ്രോജക്ടിൻെറ ഒന്നാംഘട്ടത്തിലേയ്ക്കു് ആവശ്യമായ


സംഖ്യയുടെ പകുതിഭാഗം ചെലവഴിച്ചു കെട്ടിടത്തിന്റെ കുറെ പ്രധാനഭാഗങ്ങളും പണിതീർത്തതിന്റെ ശേഷമാണു് നാട്ടുകാരെ സഹായത്തിനായി സമീപിച്ചതു്. സി എം ഐ സഭ ഈ പ്രവർത്തനത്തിൽ പിൻതിരിയാനാവാത്തരീതിയിൽ ഉൾപ്പെട്ടുവെന്നു ജനങ്ങൾക്കു ബോധ്യംവന്നിരുന്നു. തൃശ്ശൂർ മുനിസിപ്പാലിറ്റി, ധർമോദയം കമ്പനി, പി. ടി. മാനുവൽ സൺസു്, ചാക്കോള കുടുംബം.... സഹായഹസ്തങ്ങളുമായി മുന്നിട്ടുനിന്നവരുടെ നിരയാണിതു്.

ഡോ. ശങ്കുണ്ണി: തൃശ്ശൂർപട്ടണവാസികളുടെ സഹായം സംലഭ്യമായി എന്നതുകൊണ്ടുമാത്രം ഒരു ക്യാൻസർആസ്പത്രി കെട്ടിപ്പൊക്കാം എന്നു് അങ്ങേയ്ക്കു തോന്നിയിരുന്നോ ?

ഫാ. ഗബ്രിയേൽ: സത്യംപറഞ്ഞാൽ, സഹായം ലഭിക്കുന്തോറും സഹായത്തിന്റെ ആവശ്യം കൂടിവരുന്ന ഒരു അവസ്ഥയാണു് ക്യാൻസർ ആസ്പത്രിയുടെ കാര്യത്തിൽ എനിക്കനുഭവപ്പെട്ടതു്. ദാഹംതീർക്കാൻ വെള്ളം കുടിക്കുന്തോറും കൂടുതൽ ദാഹം അനുഭവപ്പെടുമ്പോലെ. തൃശ്ശൂർനഗരവാസികളുടെ സഹായഹസ്തം ശക്തമായിരുന്നുവെങ്കിലും ആവശ്യങ്ങളുടെമുമ്പിൽ അവ വേണ്ടിടത്തോളം ശക്തമായിരുന്നില്ല. മാസ്റ്റർപ്ലാൻ തയാറാക്കിയപ്പോഴാണു് ഈ പ്രസ്ഥാനത്തിന്റെ ബൃഹദ്സ്വഭാവം ശരിക്കും മനസ്സിലായതു്. ദേശീയവും അന്തർദേശീയവുമായിട്ടുള്ള എല്ലാ കഴിവുകളും സംഭരിച്ചാൽമാത്രമേ ഒരു നല്ല ക്യാൻസർആസ്പത്രിക്കു രൂപംകൊടുക്കാൻ സാധ്യമാവൂ എന്നു ബോധ്യമായി.

ഡോ. ശങ്കുണ്ണി: ദേശീയതലത്തിൽ എന്തുനടപടിയാണു് സ്വീകരിച്ചതു്.

ഫാ. ഗബ്രിയേൽ: ഒരു ക്യാൻസർആസ്പത്രിയുടെ മർമപ്രധാനമായ ഒരുപകരണമായ കൊബാൾട്ട് യൂണിറ്റിനു് അന്നു് ഉദ്ദേശം 12 ലക്ഷംരൂപ വരുമായിരുന്നു. അന്നത്തെ സാഹചര്യത്തിൽ ഇതുതികച്ചും ദേവമാതാ പ്രവിശ്യയുടെ കഴിവിനു് അതീതമായിരുന്നു. കേന്ദ്രസക്കാരിൽനിന്നു് ഒരു കൊബാൾട്ട് യൂണിറ്റു് അനുവദിച്ചുകിട്ടിയാലേ ഈ ശ്രമം സഫലമാവുമായിരുന്നുള്ളൂ. അതുകൊണ്ടു് അന്നത്തെ ആരോഗ്യമന്ത്രി ശ്രീ. രാജനാരായണനെ നാട്ടുകാരുടെ സഹായത്തോടെ സമീപിക്കുകയും അദ്ദേഹത്തിനു സമുചിതമായ ഒരു വരവേല്പു് അമലയിൽ ഒരുക്കുകയും ചെയ്തു. ഇതിനു ശ്രീ. കെ. ചന്ദ്രശേഖരൻ, അരങ്ങിൽ ശ്രീധരൻമുതലായ സംസ്ഥാനരാഷ്ട്രീയനേതാക്കന്മാരുടെ സഹായവും സഹകരണവും ലഭിച്ചു. സ്വീകരണസമ്മേളനത്തിൽവെച്ചു കൊബാൾട്ട് യൂണിറ്റു നൽകാമെന്നു മന്ത്രി സമ്മതിച്ചു. അന്നു ജനതാപാർട്ടി പ്രസിഡണ്ടായിരുന്ന ശ്രീ. ചന്ദ്രശേഖറും ഈ ആസ്പത്രി പിന്നീടു് ഒരവസരത്തിൽ സന്ദർശിച്ചു കൊബാൾട്ട് യൂണിറ്റു് എത്രയുംവേഗം സംലഭ്യമാവുന്നതിനുതന്റെ സ്വാധീനം വിനിയോഗിച്ചു കാര്യവും നന്ദിപൂർവം ഓർക്കുന്നു.




ഡോ. ശങ്കുണ്ണി: ഇതുകൊണ്ടു് എല്ലാം മതിയായോ?

ഫാ. ഗബ്രിയേൽ: അനേകം രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ഒരു ക്യാൻസർ ആസ്പത്രിയുടെ ആവശ്യങ്ങളും ദേശീയതല

ത്തിലുള്ള പരിശ്രമങ്ങളിൽ ഒതുങ്ങി നില്ക്കുന്നവയല്ല എന്നെ നിക്കു് അനുഭവത്തിൽനിന്നു മനസ്സിലായി. തന്നിമിത്തം, അന്തർ ദേശീയ സമൂഹത്തിന്റെ സഹകരണംകൂടി ലഭ്യമാക്കാനുള്ള പരിശ്രമം 1977 ആരംഭത്തിൽത്തന്നെ തുടങ്ങി.

ഡോ. ശങ്കുണ്ണി: അതിനെന്തെങ്കിലും പ്രയാസം അനുഭവപ്പെട്ടുവോ?


ഫാ. ഗബ്രിയേൽ: സി എം ഐ സഭയിൽനിന്നു ധനശേഖരാർഥം ഒരാളെ വിദേശത്തേയ്ക്കു നിയോഗിക്കാൻ ഒരു പ്രത്യേക പ്രോവിൻസിനു് അനുവാദം നൽകുകയെന്നതു് സഭാതലവനായ പ്രിയോർ ജനറാളിനു ബുദ്ധിമുട്ടുളവാക്കും. സാമാന്യരീതിയിൽ ഇതു മറികടക്കാൻ അസാധ്യമായിരുന്നു. അതുകൊണ്ടു്, വളരെ തന്ത്രപൂർവം ഈ പ്രശ്നം കൈകാര്യംചെയ്തു. ക്യാൻസർസൊസൈറ്റി ഭാരവാഹികളെക്കൊണ്ടു് അന്നത്തെ പ്രിയോർ ജനറാളായ ഫാ. തിയോബോൾഡിനെ നേരിട്ടു കണ്ടു് ആസ്പത്രിനിർമാണം കാണാൻ ക്ഷണിപ്പിക്കുകയും ആ അവസരത്തിൽ അദ്ദേഹത്തിനു് ഉജ്വലമായ ഒരു സ്വീകരണം ഏർപ്പെടുത്തുകയും ചെയ്തു. ഇതു സംബന്ധിച്ചുള്ള പൊതുസമ്മേളനം തൃശ്ശൂർരൂപതാഭവനത്തിൽവെച്ചു നടന്നു. ആ യോഗത്തിൽവെച്ചു ബിഷപ്പു് ജോസഫ് കുണ്ടുകുളംതന്നെ അന്തർദേശീയ സഹായം തേടുന്നതിന്റെ ആവശ്യം ഊന്നിപ്പറഞ്ഞു; പ്രിയോർ ജനറാൾ തന്റെ മറുപടി പ്രസംഗത്തിൽ അതിനുവേണ്ട എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനംചെയ്തു. ഈ അനുകൂല സാഹചര്യത്തിന്റെ ആവിർഭാവത്തിൽ അതിനുപറ്റിയ ഒരാളെ മധ്യപൂർവദേശത്തേയ്ക്കു് അയയ്ക്കാമെന്നു പ്രവിശ്യാകൗൺസിൽ തീരുമാനിച്ചു. കർമകുശലനും നയതന്ത്രജ്ഞനുമായ ഫാ. ജോസ് പ്രകാശ് അറയ്ക്കലിനെയാണു് പ്രവിശ്യാകൗൺസിൽ ഇതിനായി നിയോഗിച്ചതു്. അമലയുടെ അനുഭാവിയും പ്രോത്സാഹകനുമായിരുന്ന ഫാ. അറയ്ക്കൽ ഈ ദൗത്യം സന്തോഷപൂർവം ഏറ്റെടുത്തു. മധ്യപൂർവദേശങ്ങളിലെ പ്രധാനപ്പെട്ട എല്ലാ രാജ്യങ്ങളും സന്ദർശിച്ച ഫാ. അറയ്ക്കൽ പുതിയ സുഹൃത്തുക്കളെ അമലയ്ക്കു നേടിയെടുത്തു. വാർഡുകൾ എടുക്കുന്നതിനുവേണ്ടി ഓരോ ലക്ഷം രൂപ വാഗ്ദാനംചെയ്തു മുന്നോട്ടുവന്ന ആദ്യത്തെ ദാതാക്കളായ ജോസ് തുളുവത്തു്, മെസ്സേർസ് ഗ്രേ മെക്കൻസി, ഐവൻ ഗോവിയാസ്, കുവൈറ്റി മലയാളികൾ മുതലായവരെല്ലാം അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളാണു്. ഫാ. അറയ്ക്കലിന്റെ പ്രയത്നഫലമായി ഉദ്ദേശം 7 ലക്ഷം രൂപ 1977–78 കാലഘട്ടത്തിൽ മധ്യപൂർവദേശത്തുനിന്നു് അമലയ്ക്കു ലഭിക്കയുണ്ടായി.



ഡോ. ശങ്കുണ്ണി: ആസ്പത്രി നടത്തിപ്പിനു കെട്ടിടംമാത്രം പോരല്ലോ. ഭരണനിർവഹണത്തിനു സ്റ്റാഫിനെ പരിശീലിപ്പിച്ചെടുക്കേണ്ടതില്ലേ ?

ഫാ. ഗബ്രിയേൽ: തീച്ചയായും ഉണ്ടു്. ആസ്പത്രിയുടെ പണി ആരംഭിച്ചു് ഏതാനും മാസം കഴിഞ്ഞപ്പോൾ, 1977–ൽത്തന്നെ, ആസ്പത്രിഭരണത്തിൽ അവഗാഹംനേടാൻ ഫാ. പയസ്സിനെ ഡൽഹിയിലേയ്ക്കയച്ചു. ഈ കാലയളവിൽ നിർമാണപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോയതു ഫാ. കണ്ണനായ്ക്കലും ബ്ര. അത്തനേഷ്യസുമായി

രുന്നു. ആസ്പത്രീഭരണത്തിനു് പരിചയസമ്പന്നനായ ശ്രീ. ടി. ജെ. പൈലിയുടെ സേവനവും സാങ്കേതികകാര്യങ്ങളിൽ ഡോ. കെ. എം. ജോസഫിന്റെ വിദഗ്ധോപദേശവും ലഭ്യമായി. 1977 ഡിസംബറിൽ ക്രിസ്മസ് സമ്മാനമായി അമല തുറപ്പെടണം എന്നായിരുന്നു എന്റെ ആഗ്രഹം. ഏതാനും മാസങ്ങൾകൂടി ഉദ്ഘാടനത്തിനു കാത്തിരിക്കേണ്ടിവന്നു. ദേവമാതാ പ്രവിശ്യ 25 വർഷം പൂർത്തിയാക്കുന്ന സുദിനത്തിൽ– 1978 മാർച്ച് 25–നു് അമല ക്യാൻസർആസ്പത്രിയുടെ ആശീർവാദകർമം തൃശ്ശൂർരൂപതയുടെ അഭിവന്ദ്യമെത്രാനായ റൈറ്റ് റവ. ജോസഫ് കുണ്ടുകുളം നിർവഹിച്ചു. തുടർന്നുള്ള മൂന്നു ദിവസങ്ങളിൽ സൗജന്യ ചികിത്സാക്യാമ്പ് നടത്തി അമല ഹോസ്പിറ്റൽ പ്രവർത്തനമാരംഭിച്ചു. ഔപചാരികമായ ഉദ്ഘാടനത്തിനു രാഷ്ട്രപതിതന്നെ വേണമെന്നു ക്യാൻസർസൊസൈറ്റി പ്രവർത്തകർക്കു നിർബന്ധമായിരുന്നു. അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഏ. കെ. ആൻറണി വഴി രാഷ്ട്രപതിയുമായി സമ്പർക്കംചെയ്തു. അദ്ദേഹത്തിനു സൗകര്യമുള്ള ദിവസം നിശ്ചയിച്ചുതന്നതു് ഏപ്രിൽ 25 ആയിരുന്നു.



ഡോ. ശങ്കുണ്ണി: ആ ദിവസംതന്നെ ഉദ്ഘാടനം നടന്നു, അല്ലേ ?

ഫാ. ഗബ്രിയേൽ: ഉവ്വ്. ഒരു ഉത്സവമോടിയോടെതന്നെ ഉദ്ഘാടനച്ചടങ്ങു നടന്നു. അന്നത്തെ രാഷ്ട്രപതി ശ്രീ. നീലം സഞ്ജീവ റെഡ്ഡി ഔപചാരികമായി അമല ക്യാൻസർആസ്പത്രി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനച്ചടങ്ങിൽ ഗവർണർ ശ്രീമതി ജ്യോതി വെങ്കിടാചെല്ലം, മുഖ്യമന്ത്രി ശ്രീ. ഏ. കെ. ആൻറണി, മറ്റു ക്യാബിനറ്റു മന്ത്രിമാർ, ഉദ്യോഗസ്ഥപ്രമുഖർ തുടങ്ങിയവർ സംബന്ധിച്ചു. തൃശ്ശൂർപട്ടണം മുഴുവൻ ആ ചടങ്ങിൽ സംബന്ധിക്കാൻ അമല ക്യാമ്പസിലേയ്ക്കൊഴുകിയെത്തിയ പ്രതീതിയായിരുന്നു.

ഡോ. ശങ്കുണ്ണി: ഉദ്ഘാടനവേളയിൽ ആസ്പത്രിയിൽ എന്തൊക്കെ സൗകര്യങ്ങളുണ്ടായിരുന്നു ?

ഫാ. ഗബ്രിയേൽ: ആസ്പത്രിയുടെ നാലുവാർഡുകളും തിയേറ്റർ, എക്സ്റേ, ലേബർ റൂം, ഓ പി വിഭാഗം, ലബോറട്ടറി ബ്ലോക്കു് എന്നിവ പൂർത്തിയായിരുന്നു. ഡോക്ടർമാർക്കുള്ള നാലു കാർട്ടേഴ്സുകളും പൊതുകാൻറീനും ഷോപ്പിങ്ങ് സെൻററും സജ്ജമാക്കപ്പെട്ടിരുന്നു. വിശാലമായ ക്യാമ്പസും മുൻവശത്തെ പൂന്തോട്ടവും റോഡുകളും ശുദ്ധജലവിതരണത്തിനുള്ള സംഭരണികളും തീർന്നിരുന്നു.

ഡോ. ശങ്കുണ്ണി: അന്നു് ഏതൊക്കെ ഡിപ്പാർട്ടുമെൻറുകളുണ്ടായിരുന്നു?

ഫാ. ഗബ്രിയേൽ: ക്യാൻസർ വിഭാഗം, ജനറൽ മെഡിസിൻ, ജനറൽ സർജറി, പീഡിയാട്രിക്സ്, ഗൈനക്കോളജി, അനസ്തീസിയ, പത്തോളജി എന്നീ സൗകര്യങ്ങളോടെയാണു് അമല ആരംഭിച്ചതു്.

ഡോ. ശങ്കുണ്ണി: ഉദ്ഘാടനത്തിനു ശേഷവും നിർമാണം തുടരേണ്ടിവന്നു, ഇല്ലേ ?

ഫാ. ഗബ്രിയേൽ: ഉവ്വ്. അതിനിടയിൽ - ഉദ്ഘാടനച്ചടങ്ങിനു് ഏതാനും ദിവസങ്ങൾക്കുമുമ്പു് ഭരണതലത്തിൽ ചില മാറ്റങ്ങളുണ്ടായി.

ഡോ. ശങ്കുണ്ണി: മാറ്റങ്ങളോ ?


ഫാ. ഗബ്രിയേൽ: ഏപ്രിൽ ആദ്യവാരത്തിൽ എന്റെ മൂന്നു വർഷത്തെ പ്രൊവിൻഷ്യൽ കാലാവധി കഴിഞ്ഞു. പുതിയ തെരഞ്ഞെടുപ്പിൽ പ്രൊവിൻഷ്യലായി അധികാരത്തിൽ വന്നതു ഫാ. അലക്സ് ഊക്കനായിരുന്നു. ഒരുപക്ഷേ, ആസ്പത്രിപ്രവർത്തനങ്ങൾക്കു മുഴുവൻസമയവും സംലഭ്യമാവാൻ വേണ്ടിയാവാം കാര്യങ്ങൾ ഇങ്ങനെ നീങ്ങിയതു്. തെരഞ്ഞെടുപ്പിനുശേഷം വന്ന പുതിയ പ്രവിശ്യസമിതി ഞാൻതന്നെ അമലയുടെ സാരഥ്യം ഏറ്റെടുക്കണമെന്നു നിഷ്കർഷിച്ചു. എന്നെസംബന്ധിച്ചിടത്തോളം ആസ്പത്രിയുടെ മുഴുവൻ ഭാരവും ഏറ്റെടുക്കുവാൻ തികച്ചും മടിയായിരുന്നു. ഈ പുതിയ സ്ഥാപനത്തിനു് അവശ്യം ആവശ്യമായ അനുഭാവവും സഹായസഹകരണങ്ങളും സൗമനസ്യവും പ്രൊവിൻസിൽനിന്നുണ്ടാവുമോ എന്ന ആശങ്കയായിരുന്നു ഇതിനു കാരണം. പിന്നീടു ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന ധാരണകളുടെ വെളിച്ചത്തിലാണു് ഈ ഭാരം ഞാൻ ഏറ്റെടുക്കാമെന്നുവെച്ചതു്.

ഡോ. ശങ്കുണ്ണി: എന്തായിരുന്നു ആ ധാരണകൾ ?

ഫാ. ഗബ്രിയേൽ: 5 ലക്ഷം ഉറുപ്പികയെങ്കിലും പ്രൊവിൻസിൽ നിന്നു തന്നു് ഈ പുതിയ സംരംഭത്തിന്റെ പിറകിൽ പ്രവിശ്യയുടെ സഹകരണം സ്പഷ്ടമാക്കണം. രണ്ടാമതായി, ഈ സ്ഥാപനത്തിനു് ആവശ്യമായ വിദേശസഹായം ലഭിക്കുന്നതിനുള്ള എഴുത്തുകുത്തുകൾ തുടർന്നു നടത്താനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടായിരിക്കണം. ഈ ഉപാധികൾ അംഗീകരിച്ചതിന്റെ വെളിച്ചത്തിലാണു് ഫാ. ജോസു് പ്രകാശു് അറയ്ക്കലിനെ ധനശേഖരാർഥം വീണ്ടും വിദേശത്തേയ്ക്കയച്ചതു്. 5 ലക്ഷം രൂപ സമാഹരിക്കണമെന്നായിരുന്നു നിയോഗം; അതു മുഴുവൻ സമാഹരിക്കാനായില്ലെങ്കിലും കാര്യങ്ങൾ സുഗമമായി മുന്നോട്ടു നീങ്ങാൻ ഫാ. അറയ്ക്കലിന്റെ രണ്ടാമത്തെ ദൗത്യം സഹായിച്ചു.

ഡോ. ശങ്കുണ്ണി: ഇതോടെ ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള സാഹചര്യം സംജാതമായോ?


ഫാ. ഗബ്രിയേൽ: ഒരു പരിധിവരെ ആയി എന്നു പറയാം. ജൂലായു് 1-നാണു് ഞാൻ അമലയുടെ ഡയറക്ടറായി ചാർജെടുത്തതു്. തൃശ്ശൂർ ദേവമാതാപ്രവിശ്യയിൽ താമസിച്ചു വന്നുപൊയ്ക്കൊണ്ടിരിക്കയായിരുന്ന ആദ്യകാലങ്ങളിൽ. ഇതു മുഴുവനും കാര്യക്ഷമമാവില്ല എന്നു കണ്ടപ്പോൾ, സ്ഥിരതാമസം അമലക്യാമ്പസ്സിലേയ്ക്കു മാറ്റി. മുഴുവൻ സമയവും ആസ്പത്രി കാര്യങ്ങൾക്കായി എനിക്കു വിനിയോഗിക്കാനായപ്പോൾ അമേരിക്കയിലേയും പശ്ചിമയൂറോപ്യൻരാജ്യങ്ങളിലേയും നിലവാരപ്പെട്ട ആസ്പത്രികളുടെ നടത്തിപ്പു കണ്ടുപഠിക്കുന്നതിനായി 1978 ആഗസ്റ്റിൽ ഫാ. പയസ്സി



നെ നിയോഗിക്കാൻ സാധിച്ചു. ആ ഒഴിവിൽ ഫാ. ചിറ്റിലപ്പിള്ളി നിയമിതനായി.

ഡോ. ശങ്കുണ്ണി: ഒരു നല്ല ക്യാൻസർ ആസ്പത്രി എന്ന അങ്ങയുടെ കാഴ്ചപ്പാടിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് അങ്ങ് അമലയിൽ നടപ്പാക്കിയത്?

ഫാ. ഗബ്രിയേൽ: പല കാര്യങ്ങളും പറയാനുണ്ട്. ഒന്ന്–ഏതു സ്ഥാപനത്തിനും സ്വയംഭരണസ്വാതന്ത്ര്യമില്ലെങ്കിൽ പുരോഗതി കൈവരിക്കാനാവില്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. അതു കൊണ്ട് ഒരു സ്വതന്ത്ര സൊസൈറ്റിയായി അമല ആസ്പത്രിയെ രൂപപ്പെടുത്താൻ ഞാൻ താല്പര്യംകൊണ്ടു. അതിൻപ്രകാരം രൂപം കൊണ്ട സൊസൈറ്റിയുടെ ഭരണസമിതിയിൽ സി എം ഐ സഭാംഗങ്ങളുടെ പുറമേ ജീവിതത്തിലെ വിവിധ തുറകളിൽനിന്നുള്ള വിദഗ്ധരും പൊതുപ്രവർത്തകരും പ്രാതിനിധ്യംനേടിയിരുന്നു. ഈ സംവിധാനം ജനപങ്കാളിത്തത്തോടുകൂടിയ ഭരണരീതിക്കുള്ള ഒരു കാൽവെയ്പായി. നയപരമായ കാര്യങ്ങളും തീരുമാനിക്കുക, കണക്കുകളും ബഡ്ജറ്റും അംഗീകരിക്കുക മുതലായ പ്രധാന കാര്യങ്ങളും ഈ ഭരണസമിതിയുടെ അധികാരത്തിൽപെട്ടതായിരുന്നു. ഒരടിയന്തിരഘട്ടത്തിൽ ആസ്പത്രിയുടെ ഭരണകാര്യങ്ങളിൽ പ്രവിശ്യാകൗൺസിലിനു ഇടപെടാനുള്ള അന്തിമാധികാരമുണ്ടായിരുന്നു. സമാനസ്ഥാപനങ്ങളിൽനിന്നു വ്യത്യസ്തമായി അമലയ്ക്കു വളരെയേറെ പൊതുസ്വഭാവമുള്ളതുകൊണ്ട്, പൊതുവായ ചില നിയമങ്ങളും മാനദണ്ഡങ്ങളും ആദ്യമേതന്നെ ആവിഷ്കരിച്ചിരുന്നു. ഈ നിയമാവലികളും നയങ്ങളും രൂപം നൽകുന്നതിനു ശ്രീ. ടി. ജെ. പൈലിയുടെ സേവനം പ്രയോജനപ്പെട്ടത്തിയിരുന്നു.




ഡോ. ശങ്കുണ്ണി: ഒരു പുതിയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണല്ലോ ഈ ആസ്പത്രിയുടെ പ്രവർത്തനം ക്രമീകരിക്കപ്പെട്ടതു. ആ ക്രമീകരണത്തിന്റെ വിശദാംശങ്ങളും വെളിവാക്കാമോ ?

ഫാ. ഗബ്രിയേൽ: നയപരമായ ചില തീരുമാനങ്ങളും ആദ്യമേതന്നെ ഈ ആസ്പത്രി കൈക്കൊള്ളുകയുണ്ടായി. പുറത്തുനിന്നു വന്നുപോയ്ക്കൊണ്ടിരിക്കുന്ന കൺസൾട്ടൻറുമാരെ ഒഴിവാക്കുക; സ്ഥിരം ജോലിചെയ്യാവുന്ന വിദഗ്ധരെ നിയമിക്കുക; പ്രധാന വിഭാഗങ്ങളിൽ രണ്ടു വിദഗ്ധന്മാരെങ്കിലും ഉണ്ടാവുക; അവർ സ്വതന്ത്രയൂണിറ്റുകളായി പ്രവർത്തിക്കുക ... ഇവ അവയിൽ പ്രധാനപ്പെട്ടവമാത്രം.

ഡോ. ശങ്കുണ്ണി: ഇതു വിദഗ്ധചികിത്സയ്ക്കു. വിദഗ്ധശുശ്രൂഷയ്ക്കോ ?

ഫാ. ഗബ്രിയേൽ: ഇതു ലക്ഷ്യമാക്കി ആദ്യവർഷംതന്നെ ചെയ്ത സംഗതിയാണ് നഴ്സിങ്ങ് സേവനത്തിനായി സഹായനഴ്സുമാക്കു പരിശീലനംനൽകുന്ന പരിപാടി. പത്താംക്ലാസ്സ് പാസ്സായ യുവതികളെ തെരഞ്ഞെടുക്കുകയും അവരെ നഴ്സിങ്ങിനു പരിശീലിപ്പിക്കുകയും അതോടൊപ്പം അവരുടെ സേവനം ആസ്പത്രിക്കു

സംലഭ്യമാക്കുകയും ചെയ്യുകയായിരുന്നു ഉദ്ദേശ്യം. ആതുരശുശ്രൂഷാരംഗത്തു നഴ്സുമാരുടെ സേവനത്തിന്റെ പ്രാധാന്യം കണക്കിലെടുത്തു് ആസ്പത്രി സ്ഥാപിച്ചു് ഒരുവർഷം കഴിഞ്ഞതോടുകൂടിത്തന്നെ, നഴ്സിങ്ങ് കൗൺസിലിന്റെ അംഗീകാരത്തോടെയുള്ള നഴ്സിങ്ങ്സ്കൂൾ സ്ഥാപിക്കാൻ നടപടി കൈക്കൊണ്ടു. 1980 ജനുവരിയിൽ 10 വിദ്യാർഥിനികളുള്ള നഴ്സിങ്ങ്സ്കൂൾ സ്ഥാപിച്ചു. അപ്പോഴേയ്ക്കും ബെഡ്ഡുകളുടെ എണ്ണം 120 ആയി ഉയർന്നിരുന്നു. ആ വർഷം സെപ്റ്റംബറിൽ കേന്ദ്രഗവൺമെന്റ് വാഗ്ദാനംചെയ്ത കൊബാൾട്ട് യൂണിറ്റു സ്ഥാപിക്കപ്പെട്ടു. അതിനുവേണ്ടിയുള്ള കൊബാൾട്ട് ബ്ലോക്ക് പണിയാൻ ധനസഹായം ചെയ്തതു ചാക്കോളകുടുംബമായിരുന്നു. കേന്ദ്ര ആരോഗ്യമന്ത്രിയായ ശ്രീ. ബി. ശങ്കരാനന്ദ് 1981 ഒക്ടോബർ 16-നു് ഈ റേഡിയേഷൻ തിറാപ്പി ബ്ലോക്ക് ഉദ്ഘാടനംചെയ്തു. ഇതിനുമുമ്പുതന്നെ 1, 2, 3, 4 വാർഡുകൾക്കു യഥാക്രമം തൃശ്ശൂർ മുനിസിപ്പാലിറ്റി, ജോസ് തെളവത്തു്, മെസ്സേർസ് ഗ്രേമെക്കൻസി, കുവൈറ്റ് മലയാളികൾ എന്നിവർ ധനസഹായമെത്തിച്ചിരുന്നു. ലബോറട്ടറി ബ്ലോക്കിനുള്ള ധനസഹായം നൽകിയതു മധ്യപൂർവദേശത്തുള്ള ഐവൻ ഗോവിയാസും പത്നിയും ആണു്. ഓ പി വിഭാഗം ബ്ലോക്കിനു ഫാഷൻ ഫാബ്രിക്സിന്റെ കെ. ജെ. ഫ്രാൻസിസ് സഹായം നൽകി.




ഡോ. ശങ്കുണ്ണി: ജനപങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ എന്തൊക്കെ നടപടികൾ ഏറ്റെടുത്തു?

ഫാ. ഗബ്രിയേൽ: അമലയുടെ നയത്തിൽ ജനപങ്കാളിത്തം അന്തർലീനമായിരുന്നു. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയ ഭരണസമിതികൾ രൂപംകൊടുത്തതുതന്നെ ഈ ഉദ്ദേശ്യത്തോടുകൂടിയായിരുന്നു. മറ്റൊരുമാനംകൂടി വളർത്തിയെടുക്കാൻ വേണ്ടിയാണു് അമല ഫെല്ലോഷിപ്പ് എന്ന സംഘടന പിന്നീടു രൂപംകൊടുത്തതു്. ഇതിന്റെ ഉദ്ഘാടനം 1982 ഡിസംബർ 12-നു് ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി നിർവഹിച്ചു. മുഖ്യാതിഥി ആർച്ച് ബിഷപ്പ് ബനഡിക്റ്റ് മാർഗ്രിഗോറിയസ് ആയിരുന്നു. അതുവഴിയായി അമലയുടെ സേവനം ഗ്രാമതലത്തിലേയ്ക്കു വ്യാപിക്കുന്നതിനു് സാധിച്ചു. ക്യാൻസർരോഗികൾക്കാവശ്യമായ സേവനംചെയ്തുകൊടുക്കുന്നതിനും ക്യാൻസർരോഗത്തെക്കുറിച്ചുള്ള ബോധവല്ക്കരണം നടത്തുന്നതിനുംവേണ്ടി മധ്യകേരളത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ബഹുജനപ്രസ്ഥാനമായി രൂപപ്പെട്ട അമല ഫെലോഷിപ്പിനു് ഇന്നു കേരളത്തിലും വിദേശത്തുമായി 14 യൂണിറ്റുകളുണ്ടു്.

ഡോ. ശങ്കുണ്ണി: അമലയുടെ മറ്റു പ്രത്യേകതകൾ എന്തെല്ലാമാണു്?

ഫാ. ഗബ്രിയേൽ: മറ്റു രോഗങ്ങളേ അപേക്ഷിച്ചു ക്യാൻസർ മാരകമാണെന്നും ചികിത്സകൊണ്ടു് അതു ഭേദമാവുകയില്ലെന്നും ഒരു ധാരണ രോഗികളിൽ ഉണ്ടാവുന്നു. ഇതു് അവരിൽ മാനസികമായി ഒരാഘാതവും നിരാശതയും ഉളവാക്കുന്നു. ഇത്തരം രോഗികൾക്കു മാനസികമായി സ്വസ്ഥതയും ശാന്തിയും കൈവരുത്താനുള്ള

ശക്തി പ്രാർഥനയുണ്ട്. അതുകൊണ്ട്, ജാതിമതഭേദമെന്യേ എല്ലാവർക്കും ഈശ്വരനെ തേടാനുള്ള വേദിയായി ഒരു പൊതു പ്രാർഥനാലയം സ്ഥാപിച്ചു. ഇതിനു ധനസഹായം നൽകിയതു് ശ്രീ. പി. എസ്. സുബാസ്റ്റ്യനാണു്. കൂടാതെ, രോഗികളെ കണ്ടു് ആശ്വസിപ്പിക്കുന്നതിനും അവർക്കു മനശ്ശക്തിപകരുന്നതിനുമായി ഒരു കൗൺസലിങ്ങു് സംഘത്തിനു രൂപം നൽകി. ക്യാൻസർ പലപ്പോഴും ശക്തമായ വേദനയുടെ കാരണമാവാറുണ്ടു്. വേദന സംഹാരികളായ മരുന്നുകൾ നൽകിയും ചില പ്രത്യേക ശസ്ത്രക്രിയ നടത്തിയും വേദനശമിപ്പിക്കാനുള്ള ഒരു വേദനാശമനയൂണിറ്റു് പ്രവർത്തനനിരതമാക്കി. ക്യാൻസർ രോഗികൾക്കുവേണ്ടിയുള്ള മറ്റൊരു സേവനമാണു് സത്രങ്ങളുടെ സംവിധാനം. ദീർഘകാല ചികിത്സ വേണ്ടിവരുന്ന ക്യാൻസർ രോഗികളേയും അവരുടെ സഹായികളേയും ഉദ്ദേശിച്ചു് രണ്ടു സത്രങ്ങൾ പണി കഴിപ്പിച്ചിട്ടുണ്ടു്. ഇവിടെ ഭക്ഷണം പാകംചെയ്യുന്നതിനും സൗജന്യതാമസത്തിനും സൗകര്യങ്ങളുണ്ടു്.



ഡോ. ശങ്കുണ്ണി: ക്യാൻസർ ചികിത്സയ്ക്കു് എന്നപോലെ ക്യാൻസർ പ്രതിരോധത്തിനു് എന്തെല്ലാം സൗകര്യങ്ങൾ അമലയൊരുക്കിയിട്ടുണ്ടു്?

ഫാ. ഗബ്രിയേൽ: ക്യാൻസർ ചികിത്സപോലെത്തന്നെ പ്രധാനപ്പെട്ട ഒരു സേവനരംഗമാണു് ക്യാൻസർ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള സംവിധാനവും. ക്യാൻസറിനെക്കുറിച്ചുള്ള വിവരങ്ങൾ മുൻകൂട്ടി ജനങ്ങൾക്കു നൽകുക, തെറ്റായ ധാരണകൾ മാറ്റിയെടുക്കുക, മുൻകൂട്ടി ലക്ഷണങ്ങൾ കാണിച്ചുകൊടുത്തു യഥാസമയം ചികിത്സനേടാൻ പ്രേരണചെലുത്തുക മുതലായവയാണു് ഈ വിഭാഗത്തിന്റെ പ്രധാന പ്രവർത്തനം. ക്യാൻസർ മുൻകൂർ കണ്ടുപിടിക്കാനുള്ള സംവിധാനവും അതിനു പ്രത്യേകമായി ഒരു മൊബൈൽ യൂണിറ്റും 1986മുതൽ അമലയിലുണ്ടു്. ഈ പദ്ധതിക്കു സഹായം തന്നതു് ജർമൻ ഗവണ്മെൻറാണു്.

ഡോ. ശങ്കുണ്ണി: തുടർന്നുള്ള വികസനത്തിന്റെ കഥയും കേൾക്കണം.

ഫാ. ഗബ്രിയേൽ: ആദ്യകാലങ്ങളിൽ ക്യാൻസർരോഗികളെ പല വാർഡുകളിലായിട്ടാണു് കിടത്തിയിരുന്നതു്. കാലക്രമേണ, ക്യാൻസർവാർഡു് ആസ്പത്രികെട്ടിടത്തിന്റെ തെക്കേഭാഗത്തേയ്ക്കു മാറ്റാനുള്ള ശ്രമമായി. ഈ നീക്കത്തിന്റെ ഭാഗമായി ക്യാൻസർ രോഗികൾക്കുമാത്രമായി എട്ടാംവാർഡു് പണിതീർത്തു. പിന്നീടു 6, 7, 14 16 എന്നീ ക്യാൻസർവാർഡുകളും പൂർത്തിയാക്കി.

ഡോ. ശങ്കുണ്ണി: ക്യാൻസർ ചികിത്സയ്ക്കൊപ്പം ഗവേഷണത്തിനും പ്രാധാന്യം കൊടുത്തിരുന്നില്ലേ ?

ഫാ. ഗബ്രിയേൽ: ഉവ്വു്. 1980–ൽത്തന്നെ ഇവിടെ ക്യാൻസർ ഗവേഷണം ആരംഭിച്ചു. ഇതിനു നേതൃത്വം നൽകാൻവേണ്ടി പ്രഗല്ഭനായ ഒരു ഗവേഷകനെത്തന്നെ അമല കണ്ടെത്തി. റീജിയണൽ ക്യാൻസർസെൻറിലെ ഗവേഷണ മേധാവിയായിരുന്ന ഡോ. ഡി. എം. വാസുദേവന്റെ സേവനം അമലയ്ക്കുകിട്ടിയതു ഗവേഷ


ണമേഖലയിലേയ്ക്കു കടന്നുചെല്ലാൻ വലിയൊരു പ്രചോദനവു മായി. ഗവേഷണരംഗത്തു അമല കൈവരിച്ച നേട്ടങ്ങളും ആധാ രമാക്കി അമലയ്ക്കു് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചു് 2-3-1982-ൽ അംഗീകാരംനൽകി. അതിന്റെ ഫല മായി, ഗവേഷണകേന്ദ്രത്തിനു സംഭാവന നൽകുന്നവക്കു് ആദായ നികുതി വകുപ്പു് 35 (i) (ii) അനുസരിച്ചു 133$\frac{1}{3}$ ശതമാനം നികു തിയിളവിനുള്ള അനുമതിയും കരഗതമായി. ഗവേഷണവകു പ്പിന്റെ മേധാവിയായ ഡോ. ഡി. എം വാസുദേവൻ 1982-ൽ ചാർജെടുത്തെങ്കിലും, ഗവേഷണത്തിനുവേണ്ടിയുള്ള പ്രത്യേക ബ്ലോക്കു്- ഫാ. ഗബ്രിയേൽ ഗോഡ്വിൻ ജൂബിലി ബ്ലോക്കു്- നിർമിച്ചതു 1983-ൽ മാത്രമാണു്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ 20-11-1983-ൽ അതിന്റെ ഉദ്ഘാടനം നിർ വഹിച്ചു.

ഡോ. ശങ്കുണ്ണി: ഗവേഷണരംഗത്തു് അമലയെ ശ്രദ്ധേയമാക്കിയ ഘടകങ്ങളും ?

ഫാ. ഗബ്രിയേൽ: കാലിക്കറ്റ് സർവകലാശാല അമലയെ ഗവേ ഷണകേന്ദ്രമായി 26-6-1985-ൽ അംഗീകരിച്ചുവെങ്കിലും ഡിപ്പാർ ട്ടുമെന്റു് ഓഫ് സയൻസു് ആൻറ് ടെക്നോളജിയുടെ നിർദ്ദേശ പ്രകാരം ഒരു പ്രത്യേക സൊസൈറ്റിയുടെ ഭാഗമായി റജിസ്റ്റർ ചെയ്തതു 21-5-84-ൽ മാത്രമാണു്. 1985 ഡിസംബറിൽ നടന്ന ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ കോൺഫറൻസോടുകൂടി അമല ഗവേ ഷണകേന്ദ്രം ഇന്ത്യയിലാകെ അറിയപ്പെട്ട ഉയർന്ന ഒരു ഗവേഷണ കേന്ദ്രമായി. ഈ ഗവേഷണകേന്ദ്രത്തിൽ ഇന്നു മൂന്നു് അംഗീകൃത ഗൈഡുകളും അവരുടെ കീഴിൽ ഡോക്ടറേറ്റിനു ഗവേഷണം നട ത്തുന്ന 12 ഗവേഷകരുമുണ്ടു്.

ഡോ. ശങ്കുണ്ണി: ആയുർവേദമേഖലയിൽ ക്യാൻസർ ചികിത്സയും ഗവേഷണവും തുടങ്ങാനുള്ള പശ്ചാത്തലം വിവരിക്കാമോ ?

ഫാ. ഗബ്രിയേൽ: ഫലപ്രദമായ പ്രതിവിധിയില്ല എന്നതോന്ന ലിന്റെ ഫലമായി ക്യാൻസർരോഗികളും വേറെ ചികിത്സാ വിഭാഗങ്ങളിലേയ്ക്കു മാറാനും അതിൽനിന്നു് ആശ്വാസം കണ്ടെടു ക്കാനുമുള്ള വ്യഗ്രത കാണാറുണ്ടു്. രോഗികൾക്കു് ഇതിനുള്ള സൗ കര്യം സംലഭ്യമാക്കാനാണു് അമല ക്യാമ്പസ്സിൽ ആയുർവേദ വി ഭാഗവും ഹോമിയോപ്പതി വിഭാഗവും ആരംഭിച്ചതും ഈ തുറക ളിൽ ചികിത്സയ്ക്കും ഗവേഷണത്തിനും സംവിധാനമൊരുക്കിയതും. അമലയുടെ ആയുർവേദയൂണിറ്റിനു കേന്ദ്ര ആരോഗ്യമന്ത്രി ശ്രീ. ബി. ശങ്കരാനന്ദു് 1981 ഒക്ടോബർ 16-നു തറക്കല്ലിട്ടു. 1983 മാർച്ചു് 19-നു് അമല ആയുർവേദ ആസ്പത്രി മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ഉദ്ഘാടനംചെയ്തു. അതിനുമുമ്പുതന്നെ, 1982 ജൂൺ 18-നു് ആയുർവേദഗവേഷണകേന്ദ്രം അഷ്ടവൈദ്യൻ ഇ. ടി. നീല കണ്ഠൻമൂസ്സു് ഉദ്ഘാടനംചെയ്തിരുന്നു. ആയുർവേദാശുപത്രികെ ട്ടിടത്തിന്റെ എടുപ്പിനും ഔഷധോല്പാദനകേന്ദ്രത്തിനും ധനസ ഹായം നൽകിയതു ഫാ. റോംഹഫ് ലിൻസെ ആണു്. പിന്നീടു കൂടുതൽ സൗകര്യങ്ങളുദ്ദേശിച്ചു രണ്ടു് ആയുർവേദ ചികിത്സാഭവ




നങ്ങം 1988-ൽ സ്ഥാപിതമായി. ഹോമിയോപ്പതി യൂണിറ്റ് 1990 മുതൽ ആയുർവേദ ആസ്പത്രി കെട്ടിടത്തിന്റെ രണ്ടാംനിലയിൽ പ്രവത്തിച്ചുവരുന്നു.

ഡോ. ശങ്കുണ്ണി: മാസ്റ്റർപ്ലാൻ വിഭാവനംചെയ്തിട്ടുള്ള വളർച്ചയിലേയ്ക്ക് അമല എത്തിക്കഴിഞ്ഞോ ?

ഫാ. ഗബ്രിയേൽ: പൂർണമായി എത്തി എന്നു പറയാറായിട്ടില്ല. എങ്കിലും, ഉദ്ദേശം 80 ശതമാനത്തോളമായി എന്നുപറയാം. 16 വാർഡുകളിൽ 12 എണ്ണവും 20 ക്വാർട്ടേഴ്സുകളിൽ 14 എണ്ണവും പൂർത്തിയായി. സ്ത്രീവിഭാഗത്തിൽപ്പെട്ട സ്റ്റാഫംഗങ്ങൾക്കും നഴ്സിങ്ങ് വിദ്യാർഥികൾക്കുമുള്ള ബ്ലോക്കുകളും പണിതീർന്നിട്ടുണ്ട്. സ്റ്റാഫംഗങ്ങളുടെ മക്കളെ പ്രധാനമായും ഉദ്ദേശിച്ചുകൊണ്ടുള്ള ഇംഗ്ലീഷ്മീഡിയം ലോവർ പ്രൈമറി സ്കൂളും നിലവിൽവന്നിട്ടുണ്ട്.

ഡോ. ശങ്കുണ്ണി: മാസ്റ്റർപ്ലാനിൽ വിഭാവനംചെയ്തിട്ടില്ലാത്ത, പുരകസ്ഥാപനങ്ങളോ ഉപസ്ഥാപനങ്ങളോ തുടങ്ങാൻ ഉദ്ദേശമുണ്ടോ ?




ഫാ. ഗബ്രിയേൽ: വളന്നുകൊണ്ടിരിക്കുന്ന ഏതു സ്ഥാപനത്തിന്റെയും വളച്ചയ്ക്കും പരിധി നിർണയിക്കാനാവില്ലല്ലോ. അമലയെ സംബന്ധിച്ചിടത്തോളം, ക്യാൻസർരോഗികൾക്കുവേണ്ടിയുള്ള ഹോസ്പിസ്, ഓൾഡ് ഏജ് ഹോം, പുനരധിവാസകേന്ദ്രം, ഗവേഷണത്തിനുവേണ്ടിയുള്ള പ്രത്യേക ബ്ലോക്ക്, നഴ്സിങ്ങ് കോളേജ് എന്നിങ്ങനെ പല പ്രസ്ഥാനങ്ങളും സംരംഭങ്ങളും തുടങ്ങാൻ പദ്ധതിയുണ്ട്. തൊഴിൽസാധ്യതയുള്ള പാരാ മെഡിക്കൽ കോഴ്സുകളും തുടങ്ങാനും അങ്ങനെ അമലയുടെ സേവനം കൂടുതൽ വിശാലമാക്കാനുമുള്ള ആലോചനയുണ്ട്.

ഡോ. ശങ്കുണ്ണി: തൊട്ടുന്നതെന്തും പൊന്നാക്കാനുള്ള അങ്ങയുടെ സിദ്ധിവിശേഷം ദേവമാതാ പ്രവിശ്യയുടെ ഭരണസാരഥ്യമേറ്റെടുത്ത കാലഘട്ടത്തിലും പ്രായോഗികതയിൽ തെളിയിക്കാൻ അങ്ങേയ്ക്കു കഴിഞ്ഞിട്ടുണ്ട്. കാർമലും, കേരളസഭയ്ക്കുതന്നെ അഭിമാനം വളർത്തുന്ന അമലയും അതിന്റെ തെളിവായി ഉയർന്നുനില്ക്കുന്നു. അങ്ങയുടെ ഭരണകാലത്തു പ്രോവിൻസിൽ ഏതെല്ലാം രംഗത്താണ് അങ്ങേയ്ക്കു ചലനമുണ്ടാക്കാൻ കഴിഞ്ഞതു് ?

ഫാ. ഗബ്രിയേൽ: അന്നു ദേവമാതാ പ്രവിശ്യയെ കൂടുതൽ പ്രവത്തനോന്മുഖമാക്കണമെന്ന ഒരഭിനിവേശം സഭാംഗങ്ങളിൽ പൊതുവേ ഉണ്ടായിരുന്നു. ആശ്രമാധിപന്മാരെ നിയമിച്ചതിനുശേഷം, അധികം താമസിയാതെ അവരെയെല്ലാം വിളിച്ചുകൂട്ടി ഓരോ ആശ്രമത്തിലും പരിസരത്തും ഏതെല്ലാം പ്രവത്തനങ്ങളാണ് നാം ഏറ്റെടുത്തു നടത്തേണ്ടതെന്നു ചച്ചചെയ്തു. സ്ഥലത്തെ ആവശ്യങ്ങളും സ്ഥലവാസികളിൽനിന്നു നേരിട്ടറിഞ്ഞു് അവരുടെ സഹകരണത്തോടുകൂടി മുന്നോട്ടുനീങ്ങണമെന്ന ഒരു കാഴ്ചപ്പാടാണ് സ്വീകരിച്ചതു്. ജനപങ്കാളിത്തം എന്റെ പ്രവത്തനശൈലിയുടെ ഭാഗമായതിനാൽ, അതു് ഓരോ ആശ്രമത്തിന്റേയും പ്രവർത്തനത്തിലേയ്ക്കു വ്യാപിപ്പിക്കുകയായിരുന്നു ഉദ്ദേശ്യം. അതനുസരിച്ച്.

ഓരോ ആശ്രമത്തിനേറെയും പരിസരത്തുള്ള ജനങ്ങളെ വിളിച്ചു കൂട്ടി അവരുടെ ആവശ്യങ്ങളും അവരിൽനിന്നു നേരിട്ടു മനസ്സിലാക്കി മുന്നോട്ടുനീങ്ങാനുള്ള പരിശ്രമം മിക്കവാറും എല്ലാ ആശ്രമങ്ങളിലും നടന്നു. അമ്പഴക്കാട്ടും കടലുണ്ടിയിലും ഓരോ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ചതും വരന്തരപ്പിള്ളിയിലും അമ്പഴക്കാട്ടും ഓരോ പാരലൽ കോളേജ് സ്ഥാപിച്ചതും പാലക്കാട്ടുള്ള ഭാരതമാതാ സ്കൂളും പൊള്ളാച്ചിയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തനനിരതങ്ങളായതും പ്രവിശ്യാതലത്തിൽ മൂന്നു സാംസ്കാരികകേന്ദ്രങ്ങളും– ഇരിങ്ങാലക്കുടയിൽ കാർത്തലിക് സെൻറർ, തൃശ്ശൂരിൽ കലാവിഹാർ, കോഴിക്കോട്ട് ദീപ്തിഭവൻ– ആരംഭിച്ചതും ഈ പശ്ചാത്തലത്തിലാണ്. കുരിയാക്കോസ് ഏലിയാസ് സർവിസ് സൊസൈറ്റി (കെസ്സ്)യ്ക്കു സ്ഥലമനുവദിച്ചതും കുരിയച്ചിറയിലുള്ള ഗലീലി, ചേതന എന്നീ സ്ഥാപനങ്ങൾക്കുവേണ്ടി സ്ഥലംവാങ്ങിയതും പ്രാരംഭപ്രവർത്തനങ്ങളും തുടങ്ങിയതും തൃശ്ശൂരിൽ ജ്യോതി ബുക്സെൻറർ ആരംഭിച്ചതും എൽത്തുരുത്ത് കോളേജ് ഡിഗ്രി കോളേജാക്കി ഉയർത്തിയതും അഴീക്കോട് ആശ്രമത്തിനോടനുബന്ധിച്ച് ഒരാസ്പത്രി തുടങ്ങിയതും ഈ കാലഘട്ടത്തിലാണ്. യോഗാർഥികളുടെ എണ്ണം വർധിച്ചതിൻെറ ഫലമായി പുതുതായി ഒരു യോഗാർഥിഭവനംകൂടി പാവറട്ടിയിൽ സ്ഥാപിച്ചു. ബഹുമുഖമായ ഈ പ്രവർത്തനങ്ങളും പ്രവിശ്യയിൽ പൊതുവേ ഒരാവേശം ഉണർത്താനും ചലനം സൃഷ്ടിക്കാനും സഹായിച്ചു.



ഡോ. ശങ്കുണ്ണി: കർമരംഗത്തു് അങ്ങൊരു സവ്യസാചിയാണു്. അധ്യാപകനായിരിക്കേ അങ്ങേയ്ക്കു ഭരണാധികാരിയാവാനാവും; വൈദികനായിരിക്കേ പൊതുപ്രവർത്തകനാവാനാവും; സംഘാടകനായിരിക്കേ ആത്മീയമീമാംസ കയ്യാളാനാവും. ജൈവസാഹസികതയുടെ അരങ്ങത്തു് അങ്ങു പ്രദർശിപ്പിക്കുന്ന ഈ കൈത്തഴക്കവും മെയ്വൈദഗ്ധ്യവും വ്യാപരിക്കുന്ന മണ്ഡലങ്ങളിൽ അങ്ങയെ അതുല്യനാക്കുന്നു. സി എം ഐ സഭയിലെ ഒരംഗമെന്ന നിലയിൽ സഭയ്ക്കും സമൂഹത്തിനും അങ്ങു സ്വന്തമായി നൽകിയിട്ടുള്ള സംഭാവനകളിലേയ്ക്കു് ഒന്നു കണ്ണോടിക്കാമോ ?

ഫാ. ഗബ്രിയേൽ: 1942–ൽ വൈദികപട്ടം സ്വീകരിച്ചു ചമ്പക്കുളം സ്കൂളിൽ അധ്യാപനംതുടങ്ങിയതുമുതൽ 1975–ൽ ക്രൈസ്റ്റിൽനിന്നു വിരമിക്കുംവരെ ഞാൻ ഒരു വിദ്യാഭ്യാസപ്രവർത്തകനായിരുന്നു. ഈ രംഗത്തെ എൻെറ പ്രവർത്തനം അപ്പുണബോധമുള്ള ഒരധ്യാപകൻ എന്ന പേരു് എനിക്കു നേടിത്തന്നിട്ടുണ്ടു്; സി എം ഐ സഭയിൽ ശോഭിച്ച ഒരുത്തമാധ്യാപകനായി പലരും എന്നെ കാണുന്നുണ്ടു്. ചോദ്യത്തിൽ ചൂണ്ടിക്കാട്ടിയപോലെ, അധ്യാപകനായിരിക്കേ സഭയിലെ ഉത്തരവാദപ്പെട്ട മറ്റു ജോലികളും ഞാൻ ഏറെറടുത്തു ചെയ്തിട്ടുണ്ടു്– ആവുന്നത്ര ആത്മാർഥതയോടെ; കഴിയുന്നത്ര കാര്യക്ഷമതയോടെ; ചമ്പക്കുളം സ്കൂളിലായിരുന്നപ്പോഴും തേവര കോളേജിലായിരുന്നപ്പോഴും ഞാനിത്തരം ഉത്തരവാദിത്തങ്ങളും കൈക്കൊണ്ടിട്ടുണ്ടു്. സി എം ഐ സഭ മൂന്നായി വിഭജിക്കപ്പെട്ട കാലത്തു ദേവമാതാ പ്രവിശ്യയുടെ ആവേശമുൾക്കൊണ്ട ഒരു യുവ വൈദികനായിരുന്ന ഞാൻ. പ്രവിശ്യയുടെ ജീവധാരയിൽ പൂർ


ണമായി ലയിക്കുകയും അതിന്റെ വളച്ചയ്ക്കുവേണ്ടി സ്വയം അപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെത്തന്നെ, കോയമ്പത്തൂർ റീജിയൺ ഉടലെടുക്കാനും അതു വളരാനും ആത്മാർഥമായി ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ആ റീജിയണിലെ ആദ്യകാല സ്ഥാപനങ്ങളായ ലിറ്റിൽ ഫ്ളവർ മിഷൻ സെൻറർ, വിശ്വദീപ്തിസ്കൂൾ പൊള്ളാച്ചി, ഭാരതമാതാസ്കൂൾ പാലക്കാട് മുതലായ സ്ഥാപനങ്ങളുടെ പിറകിൽ ശക്തമായി പ്രവർത്തിച്ചിട്ടുണ്ട് എന്നുപറയാം.

ഡോ. ശങ്കുണ്ണി: അങ്ങയെപ്പോലുള്ള ഒരു സമുന്നത സഭാംഗം സി എം എ സഭയുടെ നയപരിപാടികൾ രൂപീകരിക്കുന്നതിലും നിയമനിർമാണ പ്രക്രിയയിലും എത്രമാത്രം സജീവമായിട്ടുണ്ട് ?


ഫാ. ഗബ്രിയേൽ: 1953ന ശേഷമുള്ള എല്ലാ പ്രവിശ്യാകൗൺസിലുകളിലും പൊതുസംഘങ്ങളിലും ഇടമുറിയാതെ തെരഞ്ഞെടുക്കപ്പെടുവാനും അതുവഴിയായി സി എം ഐ സഭയെ ദീർഘകാലം സേവിക്കാനും എനിക്ക് അവസരമുണ്ടായിട്ടുണ്ട്. സംഘത്തിൽനിന്നു നിശ്ചയിച്ച സമിതികളിലൂടെ സഭയുടെ നയപരിപാടികൾക്കു രൂപംകൊടുക്കാനും നിർണായക തീരുമാനങ്ങളിൽ പങ്കുചേരാനും സാധിച്ചിട്ടുണ്ട്. പുതിയ ഭരണഘടനയ്ക്കു രൂപംകൊടുത്ത പൊതുസംഘത്തിലെ കമ്മിറ്റി അംഗമെന്നനിലയിലും നിയമനിർമാണത്തിൽ എൻറേതായ എളിയ പങ്കുവഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ദേവഗിരി കോളേജിലെ ചില ആഭ്യന്തരപ്രശ്നങ്ങൾ പരിഹരിക്കാനും ബാംഗ്ലൂരിലെ ധർമാരാം പഠനഗൃഹത്തോടനുബന്ധിച്ചു സർവകലാശാലാ കോളേജ് ആരംഭിക്കാനും ധർമാരാം കോളേജിൻറെ പ്രവർത്തനങ്ങൾ വിലയിരുത്താനും നിയമിക്കപ്പെട്ട ഉന്നതാധികാരകമ്മീഷനിലെ മെമ്പറായോ കൺവീനറായോ സഭയെ ഞാൻ സേവിച്ചിട്ടുണ്ട്. സഭയിലെ പ്രവിശ്യാവിഭജനങ്ങളോടനുബന്ധിച്ചുവരുന്ന അതിർത്തിത്തർക്കങ്ങളും മറ്റു വിവാദങ്ങളും പരിഹരിക്കാൻ നിയമിക്കപ്പെടുന്ന മിക്കവാറുമെല്ലാ കമ്മീഷനുകളിലും ഞാൻ പ്രവർത്തിച്ചിട്ടുണ്ടെന്നു കാര്യം വിനയപൂർവം ഓർക്കുന്നു. ഇതിൻപ്രകാരം 1979-ൽ സെൻറ് ജോസഫ്സ് പ്രോവിൻസ് രണ്ടായി തിരിച്ചപ്പോഴും 1985-ൽ കോയമ്പത്തൂർ റീജിയണൽ പ്രേഷിത വൈസ് പ്രോവിൻസായി തിരിച്ചപ്പോഴും 1990-ൽ സേക്രഡ് ഹാർട്ട് പ്രോവിൻസ് വിഭജിക്കാനുള്ള നിർദേശം വന്നപ്പോഴും ഞാൻ അതിൻകമ്മീഷനിലെ അംഗമായിരുന്നു.

ഡോ. ശങ്കുണ്ണി: സമർപ്പിതമായ അങ്ങയുടെ ജീവിതംകൊണ്ടു സാമൂഹ്യോദ്ധാരണത്തിനായി എന്തെല്ലാം കാഴ്ചവെയ്ക്കാൻ അങ്ങേയ്ക്കായിട്ടുണ്ട് ?

ഫാ. ഗബ്രിയേൽ: ആദ്യകാലം സമൂഹത്തിനുവേണ്ടിയുള്ള എൻറെ പ്രധാന പ്രവർത്തനം വിദ്യാഭ്യാസരംഗത്തായിരുന്നു. വിദ്യാഭ്യാസമാണല്ലോ ഒരു സമൂഹത്തിൻറെ വളച്ചയുടെ അടിസ്ഥാനഘടകം. വിദ്യാഭ്യാസംവഴിയായി വ്യക്തികളെ വളർത്തുകയും വ്യക്തികളിലൂടെ സമൂഹോദ്ധാരണം നേടിയെടുക്കലുമായിരുന്നു ലക്ഷ്യം. എൻറെ വിദ്യാർഥികൾ സമൂഹത്തിൽ പല തലത്തിലും പല തര



ത്തിലും ഇന്ന സമൂഹോദ്ധാരണം സാധിക്കുന്നുണ്ട്. എന്റെ പൂർവവിദ്യാർഥികളായ ആയിരത്തോളം ഡോക്ടർമാർവഴി എത്രയോ ലക്ഷം രോഗികൾക്കാണ് സമൂഹത്തിൽ സേവനം ലഭിച്ചുകൊണ്ടിരിക്കുന്നത്! ഞാൻ പ്രവർത്തിച്ച മണ്ഡലങ്ങളിലൊക്കെ സമൂഹത്തിന്റെ ദുർബലവിഭാഗങ്ങളുടെ ഉന്നമനം എന്റെ ലക്ഷ്യമായിരുന്നു. 25 ശതമാനം വിദ്യാർഥികളെയെങ്കിലും സൗജന്യമായി പഠിപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്തിയ കേരളത്തിലെ ഏക ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചാലക്കുടിയിലെ കാർമൽ ഹൈസ്കൂളാണ്. അമല ക്യാൻസർ ആസ്പത്രി ആസൂത്രണംചെയ്തപ്പോഴും അതിന്റെ സേവനം സമൂഹത്തിലേയ്ക്കു– പ്രത്യേകിച്ചും സമൂഹത്തിലെ ദുർബലജനവിഭാഗങ്ങളിലേയ്ക്കു– ആഴത്തിൽ ഇറങ്ങിച്ചെല്ലണമെന്ന ലക്ഷ്യമിട്ടിരുന്നു. അമലയുടെ മൂന്നിൽ രണ്ടുഭാഗം രോഗികളും സാധാരണക്കാരായിരിക്കണമെന്ന നിർബന്ധംവെച്ചിരുന്നു. സമൂഹത്തിലെ മേലേക്കിടയിലുള്ളവർക്കായി നീക്കിവെച്ച മൂന്നിലൊന്നു കിടക്കകളിൽനിന്നുള്ള വരുമാനംകൂടി ഈ ദുർബലജനവിഭാഗത്തിൽപ്പെടുന്ന രോഗികളിലെത്തണം എന്നും ഉദ്ദേശിച്ചിരുന്നു. തൽഫലമായി, ദരിദ്രനായ ഒരു ക്യാൻസർ രോഗിക്കും ചികിത്സയുടെ ചെലവു താങ്ങാനുള്ള പ്രയാസംകൊണ്ട് അമല ആസ്പത്രിയിൽ പ്രവേശനം ലഭിക്കാതെ പോവരുതു് എന്നു നിഷ്കർഷവെച്ചു. മന്ദബുദ്ധികളുടെ സംരക്ഷണത്തിനായി ഇരിങ്ങാലക്കുടയിൽ സ്ഥാപിച്ച പ്രതീക്ഷാഭവനെക്കുറിച്ചും എടുത്തുപറയട്ടെ. അങ്ങനെ, സമൂഹത്തിലെ ആലംബഹീനർക്കുനേരെ എന്റെ ഹസ്തം പരമാവധി നീട്ടാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.




ഡോ. ശങ്കുണ്ണി: പൗരോഹിത്യത്തിന്റെ സുവർണജൂബിലി ഘോഷിച്ച ജനസേവകനായ അങ്ങയോട് ചോദിക്കട്ടെ: ദൈവാരാധനയും മനുഷ്യസേവനവും ഒന്നിച്ചുകൊണ്ടുപോകാൻ അങ്ങേയ്ക്ക് എന്തെങ്കിലും വിഷമം അനുഭവപ്പെട്ടിട്ടുണ്ടോ ?

ഫാ. ഗബ്രിയേൽ: ഇല്ലേയില്ല. പുരോഹിതനായിരിക്കേതന്നെ, എനിക്കു് അധ്യാപനംനടത്തേണ്ടതായി വന്നിരുന്നു. അധ്യാപനത്തിലൂടെ ഞാൻ പ്രധാനമായി ലക്ഷ്യമാക്കിയതു് എന്റെ വിദ്യാർഥികളെ ദൈവഭയമുള്ളവരും മനുഷ്യസ്നേഹികളുമായ ഉത്തമപൗരന്മാരായി വളർത്തുക എന്നതായിരുന്നു. ക്രൈസ്തവവീക്ഷണത്തിൽപ്പറഞ്ഞാൽ, യേശുക്രിസ്തു അവരിൽ വളരാൻ ഞാൻ ശ്രദ്ധിച്ചു. പൗരോഹിത്യബാധ്യതയെ എന്റെ സേവനവുമായി സമന്വയിപ്പിക്കുകയാണു് ഞാൻ ചെയ്തതു്. അധ്യാപനരംഗത്തുനിന്നു ഞാൻ ആതുരശുശ്രൂഷാരംഗത്തുവന്നു; അപ്പോഴും എനിക്കു പൗരോഹിത്യബാധ്യതയുണ്ടായിരുന്നു. അവിടേയും ഞാൻ എന്റെ മൗലികബാധ്യതയെ സേവനവുമായി ബന്ധപ്പെടുത്താൻ ആവുന്നത്ര ശ്രമിച്ചിട്ടുണ്ടു്; ശ്രദ്ധിച്ചിട്ടുണ്ടു്.

ഡോ. ശങ്കുണ്ണി: ഒരു പുരോഹിതനു് ഐഹിക ബാധ്യതകളെക്കുറിച്ചു തലപുകയേണ്ടതില്ല. എന്നിരുന്നാലും ചോദിക്കട്ടെ: സ്വന്തം കുടുംബത്തിന്റെ നന്മ ലാക്കാക്കിക്കൊണ്ടു് അങ്ങു് എന്തൊക്കെ ചെയ്തു ?

ഫാ. ഗബ്രിയേൽ: സ്വന്തം കുടുംബത്തിൽനിന്നു മനുഷ്യസേവനത്തിനും ദൈവാരാധനയ്ക്കുംവേണ്ടി നിയോഗിക്കപ്പെട്ട ഒരു വ്യക്തിയെന്ന നിലയിൽ എന്നിൽനിന്നു് എന്റെ വീട്ടുകാർ എന്തെങ്കിലും സാമ്പത്തികനേട്ടം പ്രതീക്ഷിച്ചിരുന്നില്ല; ഞാൻ അതിനൊട്ടു പരിശ്രമിച്ചിരുന്നുമില്ല. എന്നാൽ, കുടുംബാംഗങ്ങൾക്കു് ആവശ്യമായ ആധ്യാത്മികനേതൃത്വം നൽകാനും അവരെ പ്രോത്സാഹിപ്പിക്കാനും ഞാൻ പരിശ്രമിച്ചിട്ടുണ്ടു്. മണലൂർ താവഴിക്കാർക്കായി 'ചിറമ്മൽ സാഹോദര്യം' എന്ന സംഘടനയ്ക്കു രൂപംകൊടുത്തു; വിശാലാടിസ്ഥാനത്തിൽ എല്ലാ ചിറമ്മൽ കുടുംബാംഗങ്ങളേയും കൂട്ടിയിണക്കിക്കൊണ്ടു് ചിറമ്മൽ ഫെല്ലോഷിപ്പു് എന്ന കൂട്ടായ്മയ്ക്കു ജന്മം നൽകി. ദീർഘനാൾ ഈ സംഘടനകളുടെ അധ്യക്ഷപദവി വഹിക്കാനും എനിക്കു സാധിച്ചു. കൂടാതെ, ചിറമ്മൽ കുടുംബചരിത്രം എഴുതി പ്രസിദ്ധീകരിക്കുക എന്ന യജ്ഞത്തിൽ നിർണായകമായ പങ്കുവഹിക്കാനും എനിക്കു കഴിഞ്ഞു.



ഡോ. ശങ്കുണ്ണി: ശതാഭിഷേകത്തിന്റെ സ്വീകരണപ്പന്തലിലേയ്ക്കു് ഏതാനും മാസങ്ങൾക്കകം ചെന്നെത്താനിരിക്കുന്ന ആയുഷ്മാനായ അങ്ങയോടു ചോദിക്കട്ടെ: സഫലമായ അങ്ങയുടെ ജീവിതം അങ്ങയെ പഠിപ്പിച്ചതെന്താണു് ?

ഫാ. ഗബ്രിയേൽ: എന്റെ ജീവിതം വളരെ സഫലമായി എന്നു് എനിക്കഭിപ്രായമില്ല. പലപ്പോഴും മറ്റുള്ളവർ പ്രയത്നിക്കുന്നതിന്റെ അംഗീകാരവും സ്തുതിയും എനിക്കാണു് ലഭിക്കാറുള്ളതു്. ക്രൈസ്തവവീക്ഷണത്തിലൂടെ നോക്കുമ്പോൾ, ഒരാൾക്കു വേണ്ടിടത്തോളം പരാജയങ്ങളും എതിർപ്പുകളും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല എന്നതിൽ എനിക്കു് ഉൽക്കണ്ഠയുണ്ടു്. ഹ്രസ്വമായ ഈ ജീവിതം, കഴിവുള്ളേടത്തോളം മറ്റുള്ളവയ്ക്കുവേണ്ടി പ്രവർത്തിച്ചു സഫലമാക്കാൻ ഞാൻ പരിശ്രമിക്കുകയായിരുന്നു. മനുഷ്യനിലൂടെ ദൈവത്തെ കണ്ടെത്തുക, പ്രാപിക്കുക– ഈ ക്രൈസ്തവദർശനമായിരുന്നു എന്നെ നയിച്ചിരുന്നതു്.

ഡോ. ശങ്കുണ്ണി: അങ്ങു വ്യാപരിക്കാത്ത കർമമണ്ഡലങ്ങളില്ല എന്നതന്നെ പറയാം. പൗരോഹിത്യത്തിൽത്തുടങ്ങി അധ്യാപനം, വിദ്യാഭ്യാസപ്രവർത്തനം, പൊതുപ്രവർത്തനം, സംഘാടനം.... ഈ രംഗത്തു് അങ്ങു സംതൃപ്തനാണോ ?

ഫാ. ഗബ്രിയേൽ: സംതൃപ്തനാണു് എന്നതന്നെ പറയട്ടെ. ഇതിന്റെ അർഥം എല്ലാം പൂർണമായെന്നോ എല്ലാവരിൽനിന്നും പൂർണസഹകരണം ലഭിച്ചുവെന്നോ അല്ലാ. ഒരു ചൈനീസു് പഴഞ്ചൊല്ലു് ഓർമവരുന്നു: അന്ധകാരത്തെ പഴിക്കുന്നതിനേക്കാൾ നല്ലതു് ഒരു കൈത്തിരിയെങ്കിലും കത്തിച്ചു് അതിനെ അകറ്റുന്നതാണു്....


ഡോ. ശങ്കുണ്ണി: കർമരംഗങ്ങളിൽ പ്രതിബന്ധങ്ങളുണ്ടായാൽ എങ്ങനെയാണു് നേരിടാറു് ? എങ്ങനെയാണു് മുന്നോട്ടു നീങ്ങാറു് ?

ഫാ. ഗബ്രിയേൽ: ജനാധിപത്യ വ്യവസ്ഥയോടെ പ്രവർത്തിക്കുന്ന സന്ന്യാസസമൂഹത്തിൽ കർമനിരതരാവുന്ന ആർക്കും ചില പ്രതി

ബന്ധങ്ങളൊക്കെ നേരിടേണ്ടിവരും– അതു തികച്ചും സ്വാഭാവികമാകുന്നു; അതിൽ ആരേയും പഴിചാരിയിട്ടു കാര്യമില്ല. എന്നെ സംബന്ധിച്ചിടത്തോളം പ്രതിബന്ധങ്ങളുടെ മുന്നിൽ പതറാറില്ല; സ്വല്പം സാവകാശംകൊടുത്തിട്ടു വീണ്ടും പരിശ്രമിക്കുക എന്നതായിരുന്നു എന്റെ പ്രവർത്തനശൈലി. ഒരുവഴിക്കു പ്രതിബന്ധമുണ്ടായാൽ മറുവഴിയിലൂടെ മുന്നോട്ടുപോകാൻ ശ്രമിക്കും; അവിടേയും തടസ്സങ്ങളുണ്ടായാൽ വീണ്ടും വേറെ വഴിയുണ്ടോ എന്നു നോക്കും. ക്രൈസ്റ്റ് കോളേജിന്റെ സംസ്ഥാപനത്തിൽ 1954–ൽ പ്രവിശ്യാകൗൺസിലിൽതന്നെ അഭിപ്രായൈക്യം ഉണ്ടാക്കാൻ സാധിച്ചില്ല. അതുകൊണ്ട് 1955–ൽ വേറെ പദ്ധതിയുമായി മുന്നോട്ടുവന്നു; കാര്യം സാധിച്ചു. അതുപോലെത്തന്നെ, ക്രൈസ്റ്റ് ആശ്രമത്തിന്റെ സ്ഥാനം മാറുന്നതിലും വളരെയേറെ പ്രതിബന്ധങ്ങൾ ഉണ്ടായി. അതു സാധിച്ചെടുക്കുന്നതിനു ദീർഘകാലത്തെ കാത്തിരിപ്പുതന്നെ വേണ്ടിവന്നു– പുതിയ സാഹചര്യം സംജാതമാവുംവരെ. കോളേജിലെ ഓഡിറ്റോറിയം പണിയിലും ഇത്തരം തന്ത്രപരമായ പിന്മാറ്റങ്ങളും മുന്നേറ്റങ്ങളും വേണ്ടിവന്നിട്ടുണ്ട്. കാർമൽസ്കൂൾ സ്ഥാപിക്കുന്നതിലും ക്യാൻസർ ആസ്പത്രി തുടങ്ങുന്നതിലും പലതരത്തിലുള്ള പ്രതിബന്ധങ്ങളും എതിർപ്പുകളും നേരിടേണ്ടിവന്നിട്ടുണ്ടെങ്കിലും ശക്തമായ പൊതുജന പിൻബലം ആർജിക്കാൻ സാധിച്ചതുകൊണ്ട് കാര്യങ്ങൾ ഉദ്ദേശിച്ച രീതിയിൽ കൊണ്ടുപോവാൻ സാധിച്ചു.

ഡോ. ശങ്കുണ്ണി: കർമരംഗങ്ങളിൽ അങ്ങയുടെ കഴിവു പരമാവധി പ്രകടമാക്കാൻ സാധിച്ചതിനു് അങ്ങ് ആരോടെങ്കിലും പ്രത്യേകം കടപ്പെട്ടിട്ടുണ്ടോ ?


ഫാ. ഗബ്രിയേൽ: തീച്ചയായും. എന്റെ മാതാപിതാക്കളും കുടുംബാംഗങ്ങളും കഴിഞ്ഞാൽ എനിക്ക് ഏറ്റവും വലിയ കടപ്പാടുള്ളതു സി എം ഐ സഭയോടാണു്. സി എം ഐ സഭയിൽ എനിക്കു പരിശീലനംനൽകിയ ഫാ. ബത്ത്ലോമിയോവിനോടും ഫാ. പ്ലാസിഡിനോടും മറ്റു ഗുരുഭൂതന്മാരോടും എനിക്കു വലിയ കടപ്പാടുണ്ട്. ഓരോ പദ്ധതിയുംതുടങ്ങി അതു പൂർത്തിയാക്കാൻ വേണ്ടിടത്തോളം സമയവും സാവകാശവും എനിക്കനുവദിച്ചുതന്ന സി എം ഐ സഭ വളരെ അനുഭാവപൂർവമുള്ള സമീപനമാണു് എന്നോടു പുലർത്തിയിട്ടുള്ളതു്. എനിക്കു ചില ബലഹീനതകളുണ്ട്. ചില ദുശ്ശീലങ്ങളും ഉണ്ടെന്നു പറയാം. ഇതൊക്കെ എന്നോടു ക്ഷമിച്ചു് എന്നോടു ദയാദാക്ഷിണ്യം കാണിച്ചു്, എന്റെ ബലഹീനതകളും സഹിച്ചു് എന്നെ പ്രവർത്തനവിജയത്തിലേയ്ക്കെത്തിച്ച എന്റെ സഹപ്രവർത്തകർ നിരവധിയാണു്. പേരെടുത്തു പറയുകയാണെങ്കിൽ ഒട്ടേറെയുണ്ടു്. എന്നാലും രണ്ടുപേരെ ഞാൻ പ്രത്യേകം ഓർത്തുപോവുന്നു. ക്രൈസ്റ്റ് കോളേജിന്റെ സംസ്ഥാപനത്തിലും അതിന്റെ നടത്തിപ്പിലും ദീർഘകാലം എന്റെ സഹപ്രവർത്തകനായിരുന്ന പരേതനായ ഡിസ്മാസച്ചനെ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു. അമല ക്യാൻസർആസ്പത്രിയിൽ ഞാൻ ഡയറക്ടറായി ചാർജെടുക്കുന്നതിനു മുമ്പുതന്നെ, ഇവിടെവന്നു നിർമാണപ്രവർത്തനം നടത്തുകയും അമലയുടെ വളർച്ചയ്ക്കു് അഹോരാത്രം



ഇപ്പോഴും ബുദ്ധിമുട്ടുകയുംചെയ്യുന്ന ഫാ. പയസിനോട്‌ എനിക്കുള്ള കടപ്പാടും വലുതാണു്.

ഡോ. ശങ്കുണ്ണി: ഒരു പുരുഷായുസ്സിൽ ചെയ്യുതീക്കാവുന്നതിനപ്പുറം കാര്യങ്ങളും ചെയ്യുതീത്ത അങ്ങയോടു ചോദിക്കട്ടെ: ഇനിയൊരു ജന്മമുണ്ടെങ്കിൽ, ഏതു രംഗത്താവും കർമനിരതനാവുക ?

ഫാ. ഗബ്രിയേൽ: ഇനിയൊരു ജന്മമെന്നതു് എന്റെ വിശ്വാസപ്രമാണത്തിലില്ല. കഴിയുന്നേടത്തോളം വേഗം ഈശ്വരസന്നിധിയിൽ എത്തിച്ചേരണമെന്ന വ്യഗ്രതയിലാണു് ഞാൻ. എങ്കിലും, ആ ചോദ്യത്തിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ടു പറയട്ടെ. കഴിവും ചുറുപാടും അനുസരിച്ചേ ആർക്കും പ്രവർത്തിക്കാനാവൂ. ഒരു പരിധിവരെ സാഹചര്യത്തെ നിയന്ത്രിക്കാനാവുമെങ്കിലും ഒരുവന്റെ പ്രവർത്തനവിജയത്തിൽ സാഹചര്യത്തിനു വലിയൊരു സ്ഥാനമുണ്ടു്. ഒരുവനെ ഒരുവനാക്കുന്നതു മറ്റുള്ളവരാണു്; ഇതാണെന്റെ ദർശനം. ഇന്നത്തെ ക്രൈസ്തവ സമൂഹത്തിലെ ഒരു വലിയ പോരായ്മ, കലാ–സാഹിത്യ–സാംസ്കാരികമണ്ഡലങ്ങളിലെ ശ്രേഷ്ഠത– അല്ലെങ്കിൽ പിന്നോക്കാവസ്ഥ– ആണു് എന്നെനിക്കു തോന്നിയിട്ടുണ്ടു്. ഈ മണ്ഡലത്തിൽ മുന്നേറാതെ ക്രൈസ്തവർക്കു് ഈ മണ്ണിൽ വേരുറപ്പിക്കാനാവില്ല; ക്രൈസ്തവദർശനം സ്വീകരിക്കപ്പെടുകയുമില്ല. ക്രൈസ്തവസമൂഹത്തെ ഭാരതീയസംസ്കാരത്തിലൂടെ വളർത്തുക എന്നതായിരിക്കണം അടുത്ത തലമുറ ചെയ്യേണ്ട ശ്രമകരമായ കാര്യം.



ഡോ. ശങ്കുണ്ണി: കർമയോഗിയായ അങ്ങയോടു് ഇനി ഒരൊറ്റ ചോദ്യംമാത്രം; ജീവിതത്തോടുള്ള കാഴ്ചപ്പാടു് എന്താണു് ?

ഫാ. ഗബ്രിയേൽ: ഈശ്വരേച്ഛയാണു് എന്റെ ജീവിതലക്ഷ്യം; പരസ്നേഹത്തിലൂടെ ഞാനതു പ്രാപിക്കുന്നു. വിദ്യാർഥികളെ വളർത്തിയെടുക്കുന്നതിലും രോഗികളെ ശുശ്രൂഷിക്കുന്നതിലും ഞാൻ ഈശ്വരേച്ഛ കാണുന്നു. □□



FR. GABRIEL WITH FR. THOMAS MOORE OFM,
SR. HENRICA CMC, AND SR. PAULINUS CHF



ST. JOSEPH'S COLLEGE — MAIN BLOCK




NEWLY ORDAINED FR. GABRIEL WITH AUNT SR. MICHAEL AND ELDER SISTER MARY HENRICA




FR. GABRIEL (Student at St. Berchmans) WITH BP. KAVUKAT AND FR. WILLIAM




CHRIST COLLEGE - MAIN BUILDING



CARMEL ENGLISH MEDIUM




FR. GABRIEL AUDITORIUM, CHRIST COLLEGE



GH SCHOOL, CHALAKUDY


CHRIST





COLLEGE

PREMISES



With Best Compliments From

PHONE: 20141

ISWAR SANITARYWARE

Thiruvambady Shopping Centre, Round West,

TRICHUR - 680001

Authorised Stockists for:

"NEYCER" Sanitaryware, "DECORA" Glazed tiles, "ROMANO" Floor & Wall Tiles, "Duralite", "Champion" Cistorns and other quality Bathroom Fittings.

UNION BANK OF INDIA

Puzhakkal Branch

P. O. Amalanagar

THRISSUR

ADVERTISERS' ANNOUNCEMENTS

With Best Compliments From:

HOTEL INDRAPRASTHA

E. C. Road

PALAKKAD

With Best Wishes From:

K. A. M. JEWELLERY

C. V. M. COMPLEX

VADAKKENCHERY

Phone : 301
STD : 049211

Best Compliments of

FASHION FABRICS

THRISSUR

With Best Compliments From :

CHINNAN SONS JEWELLERY

VADAKKENCHERY

&

THRISSUR

PHONE : 510, 610 (Vada)
STD : 049211

With Best Compliments From :

JACOB OIL MILLS

OLLUKARA P. O.

THRISSUR

With Best Compliments From

Lal Memorial Hospital

&

Lal Memorial Institute For Continuing Medical Education

Madayikkonam P. O., IRINJALAKUDA

FACILITIES AVAILABLE

Our Hospital is equipped with Ultra Sound Scanner, Upper GI Endoscope, Facilities for Endourology, Magneto Theraphy and Yoga, in addition to the other facilities of major hospital

DEPARTMENTS

MEDICINE
Dr. P. K. Chandy MBBS, M. D., F. I. C. A.
Dr. Kuriakose Thekkethala M. D.,
F. A. A. F. A. (USA)
Dr. P. Gopalakrishnan MBBS.

SURGERY
Dr. M. Surendran MS., FRCS (Edin)
FRCS (England)
Dr. P. N. Kesavan MBBS., MS
Dr. K. S. Shyam MBBS., MS

OBSTETRICS & GYNAECOLOGY
Dr. Achapilla Joseph MBBS., DGO
Dr. K. P. Vijayalakshmi MD, DGO
Dr. C. G. Sujatha MBBS., DGO

RESIDENT MEDICAL OFFICERS
Dr. P. A. Abdul Hameed MBBS
Dr. T. K. Abdul Jaleel MBBS
Dr. C. R. Ajayakumar MBBS

PAEDIATRICS
Dr. K. U. Gunapalan MBBS, D. ped
(Superintendent)
Dr. Jayanthi MBBS., DCH

OPTHALMOLOGY
Dr. C. K. Revi MS (Oph), DO (London)
F. I. M. S. A. (Director)
Dr. T. P. Sukumaran MBBS, DO, M. S.

E. N. T.
Parvathy Sukumaran MBBS., DLO.

DENTAL
Dr. C. P. Maya BDS

RADIOLOGY & ULTRASOUND
Dr. K. Revindranathan MBBS., D. M. R.
Dr. Savithri Surendran MBBS

ANAESTHESIA
Dr. Sankar Bhat MBBS. DA

SKIN & V. D.
Dr. Raphel Mankadian MD (D. V. D.)

Managing Trustee
C. R. KESAVAN VAIDYAR

With The Best Compliments From

RANBAXY LABORATORIES LIMITED

Pullikal House, 41/921 B & C

Power House Road, Ernakulam

COCHIN – 682 018

With Compliments from

TRICHUR DRUG CENTRE

Guruvilasam Press Bldg.

Marar Road, THRISSUR – 1

Stockist for

HIMALAYA DRUG CO, ALARSIN, CHARAK, UNILABS,
FRANCO INDIAN, EROS, VYSALI, A. F. D., VARIETY,
ENTOD, INDIAN HERBS, CHEERAN'S LAB

Greetings to Fr. Gabriel C M I

Chakolas Kancheevar

Chakolas Silk house

Chakolas Interfurn

THRISSUR

Best Wishes From

Phone 20297
22732

K. A. RAPPAI & CO.

Hardware & Paints

Post Office Road

TRICHUR

Phone 25128
22732

K. R. THOMAS & SONS

Hardware & Paints

Fathima Nagar

TRICHUR

With Best Compliments From

SUN PHARMACEUTICAL INDUSTRIES

BARODA – 390 007

VASU Herbo - Mineral Specialities

*	ACNOVIN Capsule	: മുഖക്കുരുവിനും, രക്തശുദ്ധിക്കും
*	ALBROMA Capsule	: ആത്തവസംബന്ധമായ അസുഖങ്ങൾക്ക്
*	ALERT Capsule	: മസ്തിഷ്കകോശപ്രവർത്തനം ത്വരിതപ്പെടുത്തുന്നു.
*	BLUMIN Syrup	: ശിശുക്കളുടെ ടോണിക്ക്
*	BONTON Capsule	: അസ്ഥികളുടെ വളർച്ചയെ സഹായിക്കുന്നു.
*	CUTIS Oil (External Use)	: ചർമ്മസംബന്ധമായ രോഗങ്ങൾക്ക്
*	DAZZLE Capsule * DAZZLE Oil (External Use)	: വാതസംബന്ധമായ രോഗങ്ങൾക്കും, വേദനാസംഹാരിയും
*	MERYTON Syrup	: സ്ത്രീകളുടെ ടോണിക്.
*	NEOBLISS Capsule	: കാത്സ്യത്തിന്റെയും, അയേണിന്റെയും കുറവു നികത്തുന്നു.
*	PEP-UP Syrup	: ദഹനത്തിനുള്ള ടോണിക്.
*	PLUGIT Capsule	: പേശിസംബന്ധമായ വേദനയെ ദൂരീകരിക്കുന്നു.
*	SPARK Capsule	: ഉത്തേജനശക്തിവർദ്ധിപ്പിക്കുന്നു.
*	STEP Capsule	: ആൻറീബയോട്ടിക്
*	STEP Syrup	: ആൻറീബയോട്ടിക്
*	TRICHUP Capsule	: മുടികൊഴിച്ചിൽ, നര, എന്നിവക്ക് നിവാരണ മാർഗ്ഗം
*	ZEAL Cough Syrup	: ജലദോഷം, ചുമ, അലർജി, കഫസംബന്ധമായ രോഗങ്ങൾക്കും.

For Details
Please Send Your enquiries:

MANUFACTURED BY:

VASU PHARMACEUTICALS PVT LTD.,

967/4, GIDC, Makarpura,
Baroda-390 010.

With Best Compliments From

M/s. Top Pharmaceuticals & Surgicals

TV/27/642 Super Bazar Complex

Bank Road, KANNUR - 680 001

Wholesale Distributors in Surgical Disposibles

Phone : 60619, Resi. : 60638

''നീലകണ്ഠ സ്വാമിയെപ്പോൽ വിഷം താനേ ഭുജിച്ചിട്ട്
പ്രാണവായു തരുന്നോനായിതതൊഴുന്നേൻ''

– സുഗതകുമാരി –

കാർബൺഡൈഓക്സൈഡിനെ സ്വീകരിച്ച് ഓക്സിജൻ പ്രദാനംചെയ്ത് അന്തരീക്ഷത്തെ വിമലീകരിക്കുന്നതു മരങ്ങളാണ്.

മരം നടൂ.
ആരോഗ്യകരമായ അന്തരീക്ഷം
ഉറപ്പുവരുത്തൂ

കേരളവനംവകുപ്പ്,
പബ്ലിസിറ്റി വിഭാഗം

GRAM: 'AYURVEDA' ESTD - 1921 PHONES: 20198, 20540

ദി സീതാറാം ആംഗ്ലോ - ആയുർവ്വേദിക് ഫാർമസി ക്ലിപ്തം

റൗണ്ട് സൗത്ത്. തൃശൂർ - 680001

Manufacturers of all Standard Ayurvedic preparations under expert Supervisors

(Approved by Govt. of India Under Reimbursement Scheme)

ഞങ്ങളുടെ പ്രത്യേക ഔഷധങ്ങൾ:

ഹരിദ്രാഖണ്ഡം

ശീതപിത്തം, ചൊറിച്ചിൽ, വിചർച്ചിക, വിഷം തുടങ്ങി ദീർഘനാളം തുടർന്നു നിൽക്കുന്ന ത്വക് ദോഷത്തിനും തുടരെത്തുടരേയുള്ള തുമ്മൽ, കണ്ണ് ചൊറിച്ചിൽ, ശ്വാസം മുട്ടൽ, മൂക്കിൽനിന്നു വെള്ളംവരിക എന്നിങ്ങനെ അലർജിമൂലമുണ്ടാകുന്ന നാസാ ശിരോ ഉരോ രോഗങ്ങൾക്കും അത്യുത്തമം. കൃമി, ദീർഘനാളം തുടർന്നു നിൽക്കുന്ന പനി, ശരീരത്തിലുണ്ടാകുന്ന നീരു്, വിളർച്ച എന്നിവയ്ക്കു് ഫലപ്രദമായ ഔഷധം. ഭൈഷജ്യ രത്നാവലിയിൽ വിധിക്കുന്ന ഈ വിശിഷ്ടയോഗം അനേകം വൈദ്യന്മാർ പരീക്ഷിച്ചു് അനുഭവ സിദ്ധമെന്നു് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണു്.

കഴിക്കേണ്ടവിധം: 10ഗ്രാം വീതം 3 നേരം സേവിക്കുക.

2 ദശമൂലാരിഷ്ടം 3 ച്യവനപ്രാശം 4 സീതാറാം ടൂത്ത് പൗഡർ
5 സീതാറാം തെങ്ങിൻപൂക്കുലലേഹ്യം 6 പഞ്ചജീരകഗുഡം

Our Chief Physician Dr. D. Ramanathan D. A. M. Can be consulted in person at our office and also through correspondence

With Best Compliments from

M/s. TRICHUR HOSPITAL SUPPLIES

29/642, THIRUVONAM BUILDINGS,

SHORNUR ROAD, THRISSUR - 680001

For ALL YOUR HOSPITAL REQUIREMENTS

FOR THOSE ON THE FAST TRACK

FAST CASH

DEPOSIT SCHEME

A fixed deposit which allows partial withdrawal, automatic renewal and instant loan/overdraft facility

Irrespective of whether a share is allotted to you or not earn 12% interest on South Indian Bank's

Stockinvest

For applications in Public issues

S I B Banking - Innovative and Imaginative



Head Office : S. I. B. House P. B. No. 28
Thrissur - 680 001. Kerala
Phone : 20020 Fax : 91-0487-26791

your interest above everything else.

For details contact any one of our 303 branches

Chairman
K. Cherian Varghese

UNIVERSAL TRADERS

Distributors of:-

ISI Marked PVC Pipes, G.I. pipes, M.S. Pipes etc.

Best Compliments From

REMYA DISTRIBUTORS

THRISSUR

Best Compliments From

SELMORE AGENCIES

SUPER SHELCEM

I. S. I. WATER-PROOF CEMENT PAINT

MANUFACTURED BY :

The Travancore Cements Ltd.

KOTTAYAM

FEATHER TOUCH OXIDES

A PRODUCT OF:

Feather Touch Oxides Pvt. Ltd.,

ERNAKULAM

STOCKIST :

P. K. JOSEPH & SONS

HARDWARE & PAINT DEALERS

High Road, TRICHUR – 1

PHONE : 20463
20596

With Best Compliments From

OIL PALM INDIA LIMITED

(A Joint Venture of the Govt. of Kerala
and Govt. of India)

PIONEERS IN OIL PALM PLANTATION

AND

PALM OIL EXTRACTION IN INDIA

AREA UNDER CULTIVATION: 3645.64 HECTARES
PROPOSING TO EXPAND OIL PALM CULTIVATION
AMONG PRIVATE FARMERS WITHIN A RADIUS

OF

30KM AROUND OUR PLANTATIONS

OF

YEROOR, CHITHARA AND KULATHUPUZHA

Registered Office

Vetteel Estate
Muttambalom P. O.
Kottayam-4

Plantation at

1. Yeroor Estate
   Quilon Dist.
2. Chithara Estate
   Quilon Dist.
3. Kulathupuzha Estate
   Quilon District

TELEX: 888-202
PHONE: 80572, 80573,
80574, 80523
80181 } M. D., Office
4437 } Residence

FACTORY AT
YEROOR ESTATE, QUILON DISTRICT

With Best Compliments From

FACTORY:

A. K. P. METALS & ALLOYS

Rolling, Pressing & Spinning Mills

IRINJALAKUDA - 680 121.

P. B. No. 24
Irinjalakuda

Phone : 2777 A
Resi. : 2444

SHOW ROOM:

Alenghaden's Vessels House

Main Road, P. B. No. 24

IRINJALAKUDA – 680 121.

Phone : 2777
Resi. : 3040

Telegram : "ALENGADENS"

SHOW ROOM

A.K.P. Metals & Wares,

Post Office Road

THRISSUR

Phone : 24458

With Best Compliments

PARASURAM MEDICALS

THRISSUR

Stockists For :

K's DRUG RESEARCH LABORATORIES

&

RATNAVILAS AYURVEDIC PHARMACY

With Best Compliments from

SAKTHI FINANCE LTD.

A Hire-Purchase / Leasing Company
Hire-Purchase of Commercial Vehicles / Cars
and leasing of Machinery Deposits : Exceed 110 crores

SAKTHI FINANCE LTD.

Regd. Office : 475 **Dr. Nanjappa Road, COIMBATORE - 641 018**

Branches in Kerala :

Palghat, Trichur, Kannur, Ernakulam,
Kottayam, Calicut and Thiruvananthapuram.

With Best Compliments from

LEO Enterprises

Ph. No. 22869

&

LEO Distributors

Ph. No. 21653

Pharmaceutical Wholesale Distributors

Pazhaya Nadakkavu

THRISSUR - 680 001

With Best Compliments From

STELLA AGENCIES

PHARMACEUTICAL DISTRIBUTORS

KOKKALAI, TRICHUR-21

With Best Compliments From

Phone : 21502
Res : 23128

M. I. ABRAHAM & CO.

DEALERS IN :

COMMERCIAL PLYWOOD, THEAKWOOD PLYWOOD, HARD BOARDS
DECOLAM, DECORATIVE LAMINATE, FEVICOL ETC.

Rly. Station Road, TRICHUR - 1

With Best Compliments:

SOHANLALL SURYAPRAKASH

Indian Crude Drugs, Herbs, Roots, Dry Plants, Tawaks, Gums, Kirana, Spices, Sticklacs, Chemicals, Dry Flowers, Dry Fruits, Tamarind and Pharmaceutical Raw Materials for Ayurvedic, Unnani, Sidha and Perfumes.

ASSOCIATES:

SOHANLALL DILIPKUMAR
2, Karbala Mohd Street
G P O Box No. 2561
CALCUTTA-700 001.

ARIHANT TRADING COMPANY
26, Rameshwar Malia Lane
5th Floor,
HOWRAH-711 101

ADMINISTRATIVE OFFICE :
547, G T Road (South)
2nd Floor,
HOWRAH - 711 101 (W. B.)

GRAM : IMACLEAR

PHONES : 60-1652,
25-6939
25-6469
R: 60-4759
60-4785

A DAGA ORGANISATION
(In The Service of Nation Since 1941)

With Best Compliments From

CONCEPT PHARMACEUTICALS LTD.

BOMBAY

MAKERS OF **DISOGEL, SYNABRON**

Rija - i - 6, CONFLOX

With Best Compliments from

ALLIED PHARMA

Rice Bazar

THRISSUR - 680 001

കാർഷിക നവോത്ഥാനത്തിന് നൂതന സംരംഭങ്ങൾ

* കൃഷിഭൂമി, ജലം, മാനവശേഷി, സാങ്കേതികത്വം എന്നീ വിഭവങ്ങളെ സമഞ്ജസം കൂട്ടിയിണക്കി ക്കൊണ്ടുള്ള തികച്ചും ആസൂത്രിതമായ കൃഷിവികസന പരിപാടികൾ.

* കർഷകക്ക് ജീവിതസുരക്ഷിതത്വം ഉണ്ടാകാൻ കർഷകപെൻഷൻ.

* കാർഷികോത്പന്നങ്ങളുടെ ശേഖരണം, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയ്ക്ക് പ്രത്യേകം ഊന്നൽ.

* തെങ്ങ്, കശുമാവ്, കുരുമുളക് എന്നിവയുടെ ഉത്പാദനക്ഷമതാവർദ്ധനവിനു കൂട്ടായ പരിപാടികൾ.

* മൃഗസംരക്ഷണമേഖലയിലൂടെ ഗ്രാമീണകേരളത്തിന്റെ സാമൂഹ്യസാമ്പത്തികപരിണാമത്തിനിട യാക്കുവാൻപോന്ന ശക്തമായ നീക്കങ്ങൾ.

* നെൽകൃഷി പുനരുദ്ധാരണത്തിനു ഗ്രൂപ്പുഫാമിംഗ് – പാഡി ബോർഡ് – കൂടാതെ ഉത്പാദന പ്രോത്സാഹന സഹായവും.

* പഴം–പച്ചക്കറി രംഗത്തു സ്വയംപര്യാപ്തത.

"കേരള കർഷകൻ"

ദൈവാരിക

(ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം)

വാർഷിക വരിസംഖ്യ – 10 രൂപ

ആജീവനാന്ത വരിസംഖ്യ (15 വർഷത്തേയ്ക്ക്) 100 രൂപ

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കേരള സർക്കാർ

PHONE : 624482

With Best Compliments From:

BALAJI ENTERPRISES

No. 6, VI Main,

Bull Temple 'A' Cross,

Chamarajapet

BANGALORE - 560 018

STATE BANK OF INDIA

VILANGAN BRANCH

P. O. AMALANAGAR

THRISSUR

* Catholic Syrian Bank Stockinvest is a safe instrument neither transferable not negotiable, but payable at all branches of Catholic Syrian Bank. and valid for 6 months from the date on the face of the Stockinvest.

* Catholic Syrian Bank Stockinvest holders instructions to the bank are irrevocable. Investor's need give on undertaking to permit the bank debiting his/her account or mark lien for his/her deposit account from the date of issue of Catholic Syrian Bank Stockinvest till full liability Stockinvet is extinguished.

* The Bank shall not be liable for any delay, fraud, forgery or any other lapses in the issue or encashment of the Stockinvest.

CATHOLIC SYRIAN BANK joins the selected band to run this exclusive Stockinvest. With many banking innovations to its credit Catholic Syrian Bank is on a multi dimentional growth track. After the enormous success of Investor's Guild we join the exclusive band of Indian banks with the introduction of Catholic Syrian Bank Stockinvest. As soon as you became the proud holder of Catholic Syrian Bank Stockinvest for the primary market, our Investor's Guild, a portfolio management service would welcome you to participate in the secondary market also.

So Why hesitate now ?

We give the body and soul for your investments.

We show you the thing we care about, your money.

Let your next investment be with Catholic Syrian Bank Stockinvest and see the difference.

LET YOUR MONEY BE IN YOUR BANK ITSELF, WHILE YOU APPLY FOR SHARES AND EARN INTEREST TOO. USE CATHOLIC SYRIAN BANK STOCKINVEST

Catholic Syrian Bank
STOCKINVEST

The Catholic Syrian Bank Ltd

MERCHANT BANKING DIVISION

Head Office; St. Mary's College Road

TRICHUR - 680 020.

Setting new trends in Service

സുഭിക്ഷതയുടേയും
സമൃദ്ധിയുടേയും
നല്ല നാളുകളിലേക്ക്...



കേരള സോൾവെൻറ് എക്സ്ട്രാക്ഷൻസ് ലിമിറ്റഡ്

സോൾവെൻറ് റോഡ്, ഇരിങ്ങാലക്കുട - 680 121.

തമിഴ്നാട് ഫാക്ടറി

പഴനി ഫീഡ്സ് ആൻറ് എക്സ്ട്രാക്ഷൻസ്

സ്വാമിനാഥപുരം - 642 113, ഡിൻഡിഗൽ ക്യു.എം ഡിസ്ട്രിക്റ്റ്,

കെ.എസ്.
കാലിത്തീറ്റ,

ജഴ്സി
കൊപ്രപിണ്ണാക്ക്,

എന്നിവയുടെ നിർമ്മാതാക്കൾ

കൂടുതൽ പാൽ —— കൂടുതൽ ആരോഗ്യം

Printed at Lumiere, Thrissur.

CT Library
0007932 4
M73.2 SA58

